പുസ്തകം 8 ലക്കം 11
ഒക്ടോബർ 2018
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

Eka Thathwa

മാസിക



## അടി കിട്ടുംവരെ പലരും ചിന്തിക്കാറില്ല !

# യു.ആർ.എഫ്. നാഷണൽ റെക്കോർഡ്
## സുരേഷ് തെക്കീട്ടിലിന്




2016 നവംബർ 15 മുതൽ 2018 മാർച്ച് 30 വരെയുള്ള 500 ദിവസങ്ങളിൽ തെക്കീട്ടിൽക്കഥകൾ എന്ന പേരിൽ ഒരു ദിവസം ഒരു കഥ എന്ന രീതിയിൽ ശ്രീ. സുരേഷ് തെക്കീട്ടിൽ ഫെയ്സ് ബുക്കിൽ നടത്തിയ ശ്രദ്ധയമായ കഥാപ്രയാണമാണ് യൂണിവേഴ്സൽ റിക്കാർഡ്സ് ഫോറത്തിന്റെ നാഷണൽ റിക്കാർഡിനർഹമായത്. പതിനായിരക്കണക്കിനു ലൈക്കുകളും ആയിരക്കണക്കിനു കമന്റുകളുമായി മുന്നേറിയ കഥകൾ വായനാ സമൂഹത്തെ നന്നായി ചലിപ്പിച്ചു. സോഷ്യൽ മീഡിയയിൽ തുടർച്ചയായി ഏറ്റവും കൂടുതൽ കഥകൾ എഴുതിയ ഇന്ത്യൻ എഴുത്തുകാരൻ എന്ന ബഹുമതിയാണ് ഈ റെക്കാർഡോടെ ശ്രീ. സുരേഷ് തെക്കീട്ടിൽ നേടിയത്. സുരേഷിന്റെ ജന്മഗ്രാമമായ പാലൂരിൽ 2018 സെപ്തംബർ 21 വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 3.30 മണിക്ക് നടന്ന ചടങ്ങിന്റെ ഉദ്ഘാടനവും റിക്കാർഡ് സമർപ്പണവും മലയാളം സർവ്വകലാശാല വൈസ് ചാൻസലർ ഡോ.അനിൽ വള്ളത്തോൾ നിർവ്വഹിച്ചു. പുരോഗമന കലാസാഹിത്യ സംഘം മലപ്പുറം ജില്ലാ സെക്രട്ടറി ശ്രീ. വേണു പാലൂർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ യു. ആർ എഫ്. അഡ്ജൂഡിക്കേസ്റ്ററും ഗിന്നസ് ലോക റിക്കാർഡ് ഹോൾഡറുമായ ശ്രീ. ഗിന്നസ് സത്താർ ആദൂർ റിക്കാർഡ് പ്രഖ്യാപനം നടത്തി. ജില്ലയ്ക്കകത്തും പുറത്തുമുള്ള സുരേഷിന്റെ എഴുത്തു സൗഹൃദങ്ങളും നാട്ടുകാരും സഹപ്രവർത്തകരും തിങ്ങി നിറഞ്ഞ സദസ്സിൽ ശ്രീ. സുരേഷ് തെക്കീട്ടിലിന്റെ പുസ്തകങ്ങളുടെ പ്രകാശനവും നടന്നു. 'കഥയുണരും കാലം' എന്ന കഥാസമാഹാരത്തിന്റേയും, 'നിറഞ്ഞൊഴുകും നിള വീണ്ടും' എന്ന കവിതാ സമാഹാരത്തിന്റേയും പ്രകാശനം പ്രശസ്ത കവി ശ്രീ.മണമ്പൂർ രാജൻ ബാബുവും, 'സവിനയം പറയട്ടെ' എന്ന കൃതിയുടെ പുതിയ പതിപ്പിന്റെ പ്രകാശനം പ്രശസ്ത നിരൂപകനും കഥാകൃത്തുമായ ശ്രീ. കടാതി ഷാജിയും നിർവ്വഹിച്ചു യഥാക്രമം. അക്ഷരമൈത്രി ചെയർമാൻ ശ്രീ. പി. സി. സി രാജ, എഴുത്തുകാരായ ശ്രീ. ചെമ്മാണിയോട് ഹരിദാസൻ, ആശാ രമേഷ് എന്നിവർ കൃതികൾ ഏറ്റുവാങ്ങി. പ്രസിദ്ധ സാഹിത്യകാരൻമാരായ ശ്രീ. സതീഷ് മാമ്പ്ര കഥാസമാഹാരവും, രാജേഷ് ജി. കരികപ്പാറ കവിതാ സമാഹാരവും സദസ്സിനെ പരിചയപ്പെടുത്തി. എക തത്ത്വ പത്രാധിപർ ശ്രീ. ഇ. ടി. മുരളീധരൻ കഥാകൃത്തുക്കളായ ശ്രീ. റഹ്മാൻ കിടങ്ങയം, ശ്രീ. സന്തോഷ് ചിറ്റിലേടത്ത്, പോലീസ് അസോസിയേഷൻ ജില്ലാ സെക്രട്ടറി ശ്രീ. ഒ. പി. സലിം, ചിത്രരശ്മി എഡിറ്റർ ശ്രീ. മിഥുൻ മനോഹർ എന്നിവർ ചടങ്ങിന് ആശംസകൾ നേർന്നു. 2.00 മണിക്ക് ശ്രീ. ടി. എ. മടക്കലിന്റെ അദ്ധ്യക്ഷതയിൽ ശ്രീ. മുരളീധർ കൊല്ലത്ത് ഉദ്ഘാടനം ചെയ്ത കവിയരങ്ങ് മൂന്ന് ജില്ലകളിൽ നിന്നുള്ള അറിയപ്പെടുന്ന കവികളുടെ സാന്നിദ്ധ്യം കൊണ്ടും ശ്രദ്ധേയരചനകളാലും ആലാപന വൈവിദ്ധ്യത്താലും മികവുറ്റതായി. •

₹ 15

# ഏക തത്ത്വ

മാസിക

**പുസ്തകം 8 ലക്കം 11**

**ഒക്ടോബർ 2018**

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in
etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**കവർ ഫോട്ടോ**

ഉല്ലാസ് ഗോവർദ്ധൻ

**മരണക്കിടക്കയിൽവെച്ചല്ല**
**യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട**
**വിലാസം :**

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil
Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**

**Website: www.ekathathwa.com**

# ഉള്ളടക്കം

ഏക തത്ത്വ

**ലേഖനം**

7 - മഹാത്മാഗാന്ധിയെ ഇനിയും മനസ്സിലാക്കാത്ത നമ്മൾ
- എ. കെ. എ. റഹിമാൻ
8 - വിനോദ സഞ്ചാര മേഖല - എം. എം. മേനോൻ
9 - തലയിലെഴുത്ത് - ചെറിയാൻ തോട്ടുങ്കൽ
21 - ഇവർക്ക് വിവാഹം അനുവദിച്ചുകൊടുക്കുകയാണ് വേണ്ടത്
- ജോൺസൺ റോച്ച്
23 - ചൂത് - പി. സുശീലാ ദേവി
24 - തെങ്ങ് ഒരു കല്പകവൃക്ഷമാണെങ്കിൽ
അത്തിയും അമൃതമാണ് - ടി. ജെ. നായർ
30 - അനുലോമ പ്രതിലോമ സമം - ടി. വി. നാരായണൻ കുട്ടി

**കഥ**

7 - അയാളുടെ സമയം - ഇ. ടി. മുരളീധരൻ
9 - കൊന്ത - ചന്തിരൂർ താഹ
10 - ഗ്രന്ഥാവലോകനം - സുരേഷ് തെക്കീട്ടിൽ
14 - മിനിക്കഥകൾ - ഉല്ലല ബാബു
29 - വിധിഹിതം - ഉണ്ണി വിശ്വനാഥ്
33 - കാത്തിരിപ്പ് - ടി. കെ. ഉണ്ണികൃഷ്ണൻ
37 - ഓണസദ്യ - സൈനുദീൻ മുണ്ടക്കയം
39 - ഇരുണ്ട അസ്തമയങ്ങൾ - തുളസി കേരളശ്ശേരി
42 - നിപ്പ വൈറസ് - പി. ആർ. ജോസ്
42 - പ്രാർത്ഥന - അരവിന്ദൻ
42 - തമ്മിൽഭേദം, മാരകരോഗിക്കുവേണ്ടി - ടി. വി. ഹരികുമാർ

**കവിത**

20 - അപരൻ - രാജു പാമ്പാടി
32 - പ്രളയം - ആർ. കെ. വള്ളിച്ചിറ
32 - അറിയണം - അജയ് ബാലചന്ദ്രൻ
34 - പ്രളയം - ഇന്ദുജൻ ഇന്ദീവരം
34 - ജ്യോതിർസ്മൃതികൾ - എം. കെ. ശശിധരൻ
40 - രക്തം സാക്ഷി - സേവിയർ ഡെന്നി കെ. വി.

**ആരോഗ്യം**

11 - ഡെങ്കിപ്പനി എന്ന ഭയം - ഡോ. (മേജർ) നളിനി ജനാർദ്ദനൻ
31 - പെംഫിഗസ് - ഡോ. സി. രാമകൃഷ്ണൻ

**മഹാത്മ**

13 - പശ്ചാത്താപം - ബിന്ദു. കെ

**സ്മരണ**

14 - എന്റെ അഭിനയസ്മരണകൾ - മുക്കം ഭാസി

**യാത്രാവിവരണം**

16 - ദേവഭൂമിയിലെ ദേവദാരുക്കൾ - ഈശ്വർകുമാർ തരവത്ത്

**പാചകം**

22 - കൊത്തമല്ലി ചിക്കൻ - പി. എൻ. ഗംഗാലക്ഷ്മി

**പുസ്തകാസ്വാദനം**

25 - ഭാഗ്യജാതകം - പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ

**ബാലപാഠം (മുതിർന്നവർക്ക്)**

27 - എനിക്ക് മാളു ആകണം - മാമ്പള്ളം വിജയൻ

**ദൈവനാമത്തിൽ**

41 - വിധി - മുഹമ്മദ് കനി



# അടി കിട്ടുംവരെ പലരും ചിന്തിക്കാറില്ല

ഇ. ടി. മുരളീധരൻ
9446443321

**സ്നേഹം ദൈവീകമാണ് എന്ന് പറഞ്ഞാൽ മാത്രം പോരാ പ്രവൃത്തിപഥത്തിൽ കൊണ്ടുവരണം. കാണാത്ത ദൈവത്തെ, ദൈവസങ്കൽപ്പത്തെ അന്ധമായി വിശ്വസിച്ച് മനുഷ്യനിർമ്മിതമായ ആചാരാനുഷ്ഠാനങ്ങൾ ചെയ്യുവാൻ കളയുന്ന സമയവും പണവും ഐക്യവും വേദനിക്കുന്നവനെ കണ്ടെത്താനും സഹായിക്കാനും വേണ്ടി ചിലവഴിച്ചാൽ ഇതുവരേയും അന്വേഷിച്ചിട്ടും കണ്ടെത്താത്ത ദൈവത്തെ നിങ്ങൾക്ക് നേരിട്ട് കാണാനാകും**

**ദു**രിതാശ്വാസ ഫണ്ട് ശേഖരണം തകൃതിയായി നടക്കുന്നു. ദുരിതാശ്വാസഫണ്ട് നല്കി നല്കി പലരും ദുരിതത്തിലായി. ജാതി സംഘടനകളുടെ വക പിരിവ്, രാഷ്ട്രീയക്കാരുടെ ബക്കറ്റ് പിരിവ്, സ്കൂളുകളിലൂടെ, വായനശാലകളിലൂടെ, ചാരിറ്റബിൾ ട്രസ്റ്റുകളിലൂടെ, വൻകിട ചെറുകിട പത്രദൃശ്യമാധ്യമങ്ങളുടെ വക, സ്കൂൾ കോളേജ് അലുമിനിയുടെ വക, പോരാത്തതിന് കലാകാരൻമാരുടെ വക പിരിവ്. അങ്ങനെ പിരിവുകൊടുത്ത് പിരിഞ്ഞ് പിരിഞ്ഞ് മുറുകി പലരുടേയും സാമ്പത്തികം. ഓരോരുത്തർക്ക് പണം കൊടുക്കുമ്പോഴും പ്രളയക്കെടുതിയിൽപെട്ട് ദുഃഖം അനുഭവിക്കുന്നവരുടെ മുഖമായിരുന്നു മനസ്സിൽ. ഇങ്ങനെയെല്ലാം പിരിച്ചെടുത്ത പണത്തിന്റെ 25 ശതമാനമെങ്കിലും എത്തേണ്ടിടത്ത് എത്തിയാൽ മതിയായിരുന്നു. മന്ത്രി തൊട്ട് എഞ്ചിനീയർ മുതൽ കോൺട്രാക്റ്റർ ഉൾപ്പടെ പലരുടേയും ആവശ്യം കഴിഞ്ഞ് ബാക്കിയുള്ളവ ദുരിതബാധിതർക്ക് ലഭിക്കുമായിരിക്കും. പ്രളയം വന്നാൽ കുന്നിൽ കയറി നില്ക്കാൻ കുന്നിൻ പുറത്തും വീടുള്ളവർ ഉണ്ട്. അവർ പ്രളയം കഴിഞ്ഞ് വന്ന് ദുരിതാശ്വാസ ഫണ്ട് പറ്റും പോലെ ദുരിതവും ദുരിതാശ്വാസവും പലർക്കും ഗുണം ചെയ്തു.

വിശക്കുമ്പോൾ അപ്പം മോഷ്ടിച്ച ജീൻവാൽ ജീന്റെ കഥ ഓർമ്മയില്ലേ ? അതുപോലെ നിവൃത്തികേടുകൊണ്ട് ചെറിയ കള്ളത്തരങ്ങൾ ചെയ്യുന്നവരെ നാം പിടിച്ച് മാതൃകാപരമായി ശിക്ഷിക്കും പക്ഷെ കൊലയും, കൊലപാതകങ്ങളും, ബലാൽസംഗങ്ങളും, പീഡനങ്ങളും, കോടികളുടെ തട്ടിപ്പും നടത്തുന്ന പ്രമുഖരെ നാം വളർത്തി വീണ്ടും വീണ്ടും വലിയവരാക്കി വാഴ്ത്തി പാടും. കന്യാസ്ത്രീ സമൂഹം മാത്രമല്ല പൊതുവേ സ്ത്രീകൾ പലവിധ പീഡനങ്ങൾക്കും ഇരയാകുന്നുണ്ട്. കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ. വിവാദങ്ങളെ ജാതി മത രാഷ്ട്രീയത്തിലേയ്ക്ക് വലിച്ചിട്ട് ചർച്ചകൾ ചെയ്ത് ചെയ്ത് അതിലൂടെ ലഭിക്കുന്ന പഴുതിലൂടെ (ലൂപ് ഹോളിലൂടെ) പ്രതിയ്ക്ക് അതിസമർത്ഥമായി രക്ഷപ്പെടാൻ ദൃശ്യമാധ്യമങ്ങളിലൂടേയുള്ള ചർച്ചകളും പ്രതിയുടെ സ്വന്തം പണവും പദവിയും സഹായിക്കുന്നു. കുമ്പസാര രഹസ്യത്തെ പരസ്യമാക്കുമെന്ന ഭീഷണിയാവാം പീഡനത്തിന്റെ ആവർത്തനത്തിന് കാരണമായത്. ഒരുപാട് പേർ പീഡനങ്ങളെക്കുറിച്ച് പറയാതെ പറഞ്ഞിട്ടും വേണ്ട തെളിവുകളില്ലത്രെ ഒന്നിനും. തെളിവെല്ലാം പൂർണ്ണമായി കിട്ടി വരുമ്പോഴേയ്ക്കും പ്രതി സുഖമായി ജീവിച്ച് കാലപുരി പൂകും. പിന്നെ വിധി കൊണ്ടെന്ത് പ്രസക്തി? ഇത്രയ്ക്കേ ഉള്ളൂ നമ്മുടെ ശിക്ഷാ നടപടി എന്നറിയുന്ന പലരും ഈ മാർഗ്ഗത്തെ പലവിധത്തിൽ വീണ്ടും വീണ്ടും പ്രയോജനപ്പെടുത്തുന്നു. ഓരോ തവണ ഇത്തരം വാർത്തകൾ വരുമ്പോഴും നമ്മൾ ആദ്യമായി കാണും പോലെ, കേൾക്കും പോലെ വായിച്ചും കേട്ടും ഇരിക്കുന്നു. ഉന്നതർ ഉൾപ്പെട്ട ഓരോ കേസുകളും പരിശോധിക്കുക. അറസ്റ്റ് ചെയ്യും വരെ ബഹളം. അറസ്റ്റിനു ശേഷം എല്ലാം ശാന്തമാകുമ്പോൾ ജനം വേറെ വാർത്തകളുടെ പുറകെ പോകും. കുറ്റക്കാരൻ പതിയെ ജാമ്യത്തിലിറങ്ങി മാന്യന്റെ മുഖംമൂടിയിട്ട്

നാട്ടിൽ വീണ്ടും വിലസും. അറസ്റ്റിലായ പല തട്ടിപ്പുകാരുടെ, പീഡനം നടത്തിയവരുടെ ഇന്നത്തെ അവസ്ഥ നോക്കുക. എല്ലാവരും ഹാപ്പിയാണ്. കേസ് കേസിന്റെ പാട്ടിന് നടക്കും, അവർ അവരുടെ പാട്ടിന് ജീവിക്കും. പണമുണ്ടായാൽ മതി തെളിവുകൾ തേച്ചുമാച്ചു കളയാം.

പ്രളയം കഴിഞ്ഞ് 22 ദിവസം കഴിയേണ്ട താമസം പുഴയിൽ നിന്ന് മണൽ വാരാൻ തുടങ്ങി, മാലിന്യങ്ങൾ നിക്ഷേപിക്കാൻ തുടങ്ങി. അടി കൊണ്ടിട്ടും പഠിക്കാത്തവരുണ്ട്, ചിന്തിക്കാത്തവരുണ്ട്. വന്ന വെള്ളം നിന്ന വെള്ളത്തേയും കൊണ്ടുപോയി. ഇപ്പോൾ കുടിക്കാൻ വെള്ളമില്ലാത്ത അവസ്ഥയായി. ഇനി വരും കൊടുങ്കാറ്റുകൾ. കുന്നിനുമുകളിൽ കയറിയാലും രക്ഷപ്പെടാൻ ആകാത്തവിധം അനീതിയെ തുടച്ചുനീക്കാനായി വരും പലവിധ പ്രകൃതി ക്ഷോഭങ്ങൾ. എല്ലാവരും കരുതിയിരിക്കുക.

പ്രളയം വന്നു റോഡുകൾ പലതും യാത്രായോഗ്യമല്ലാതായി. കുണ്ടുകളും കുഴികളുമില്ലാത്ത റോഡുകൾ അപൂർവ്വം. എല്ലാം നേരാക്കിയെടുക്കാൻ സമയം പിടിക്കും. പക്ഷെ റോഡുകൾ മോശമായപ്പോൾ റോഡപകടങ്ങളും കുറഞ്ഞു എന്നതാണ് വാസ്തവം. ഒറ്റപ്പെട്ട കുഴികൾ അപകടങ്ങളുണ്ടാക്കിയേക്കാം. പക്ഷെ മിക്ക റോഡുകളും മുഴുവനായും തകർന്നിരിക്കുകയാണ്. അതുകൊണ്ടുതന്നെ എല്ലാവരും അത് മനസ്സിലാക്കി തമ്മിൽ ഭേദമെന്ന വഴിയിലൂടെ സാവധാനം സൂക്ഷിച്ച് വണ്ടിയോടിക്കാൻ തുടങ്ങിയിരിക്കുന്നു. നോട്ട് നിരോധനം വന്നപ്പോൾ പണത്തിന്റെ അമിത വ്യയം കുറഞ്ഞതുപോലെ റോഡുകൾ തകരാറിലായപ്പോൾ യാത്രയുടെ വേഗതയും കുറഞ്ഞു. പക്ഷെ അതുകൊണ്ടൊന്നും ആയില്ല കാര്യങ്ങൾ. എല്ലാമുണ്ടായിട്ടും ഉപേക്ഷിച്ചവരാണ് ഭാരതീയർ. അതുകൊണ്ട് എല്ലാം പൂർവ്വസ്ഥിതിയിൽ ആകുമ്പോഴും പ്രളയത്തോടെ ശീലിച്ച നല്ല ശീലങ്ങൾ തുടരുകയാണ് നല്ലത്.

ദുരിതാശ്വാസത്തിന് പലപ്പോഴായി പലരും പിരിവിന് വന്നപ്പോൾ കൊടുക്കാൻ പണമുണ്ടായിരുന്നു. പക്ഷെ വളരെ നാളായി ദുഃഖമനുഭവിക്കുന്ന നിങ്ങളുടെ കൂടപ്പിറപ്പിനെ സഹായിക്കാൻ, അയൽവാസിയേ സഹായിക്കാൻ പണം ഇല്ലാഞ്ഞിട്ടാണോ അതോ സ്നേഹം ഇല്ലാഞ്ഞിട്ടാണോ ? എന്തായാലും ഒരുപാട് തവണ ഒരുപാട് വിധം ദുരിതങ്ങൾ, കെടുതികൾ വന്നുചേരുമ്പോൾ ഒരുപക്ഷേ നിങ്ങൾക്കും അതിർവരമ്പുകളില്ലാതെ മറ്റുള്ളവരെ സ്നേഹിക്കാൻ കഴിയുമായിരിക്കും, എല്ലാം വേണ്ടവിധം പഠിക്കുമായിരിക്കും. സ്നേഹം ദൈവീകമാണ് എന്ന് പറഞ്ഞാൽ മാത്രം പോരാ പ്രവൃത്തിപഥത്തിൽ വരണം. കാണാത്ത ദൈവത്തെ, ദൈവസങ്കൽപ്പത്തെ അന്ധമായി വിശ്വസിച്ച് മനുഷ്യനിർമ്മിതമായ ആചാരാനുഷ്ഠാനങ്ങൾ ചെയ്യുവാൻ കളയുന്ന സമയവും പണവും ഐക്യവും വേദനിക്കുന്നവനെ കണ്ടെത്താനും സഹായിക്കാനും വേണ്ടി ചിലവഴിച്ചാൽ ഇതുവരേയും അന്വേഷിച്ചിട്ടും കണ്ടെത്താത്ത ദൈവത്തെ നിങ്ങൾക്ക് നേരിട്ട് കാണാനാകും തീർച്ച.

പെട്രോളിന്റെ വില കൂടിക്കൊണ്ട് പോകുന്നു. അതിനെതിരായുള്ള സമരങ്ങളും ബന്ദും ഹർത്താലുമൊന്നും ഫലം കാണാത്തതിന് കാരണം ആത്മാർത്ഥതയില്ലാതെ സമരങ്ങൾക്ക് ആഹ്വാനം ചെയ്യുന്നതുകൊണ്ടാവാം. പണ്ടെല്ലാം നിരാഹാരം കിടന്നാൽ ഉടൻ തീർപ്പ് വരും. ഇന്ന് ആരെങ്കിലും ആത്മാർത്ഥമായി നിരാഹാര സമരം നടത്തിയാൽ അവൻ ചത്തുപോകും. അത് നിരാഹാരമിരിക്കുന്നവനുമറിയാം. അതുകൊണ്ടാണ് അവർ രഹസ്യമായി വല്ലതും കഴിച്ച് സമരം നടത്തുന്നത്. ഗാന്ധിജി നടത്തിയ സത്യാഗ്രഹം പോലെ ഇന്ന് ആരാണ് സത്യാഗ്രഹമിരിക്കുന്നത് ? ഗാന്ധിജിയോട് എല്ലാവർക്കും സ്നേഹമായിരുന്നു, ഗാന്ധിജിയ്ക്ക് തിരിച്ചും. ഇന്ന് അവനവനോടുപോലും സ്നേഹമില്ല, പിന്നല്ലെ മറ്റൊരാളോട്.

റിയൽ എസ്റ്റേറ്റ്, മണൽ മാഫിയ, കള്ളക്കടത്ത്, ലോട്ടറി തട്ടിപ്പ് തുടങ്ങിയ എല്ലാ തരികിട തട്ടിപ്പുകാരുടെ കൈയിൽ നിന്നും പണം സ്വീകരിച്ച് എല്ലാ കള്ളത്തരങ്ങൾക്കും കൂട്ട് നിൽക്കുന്ന ചില രാഷ്ട്രീയക്കാരുണ്ട്. ഇവരുടെ കൊടിയുടെ നിറത്തിനേ വ്യത്യാസമുള്ളൂ, പാർട്ടിയുടെ പേരിലേ മാറ്റമുള്ളൂ, പക്ഷെ പണി ഒന്നുതന്നെ. കിട്ടുന്ന പണം അവർ സന്തോഷമായി വീതിച്ചെടുക്കും. അതിലൊരു പങ്ക് പ്രവർത്തകർക്ക് വേണ്ടി ചിലവാക്കിയാൽ അവർ നേതാവിനുവേണ്ടി ജീവൻ കളയാനും തയ്യാറാവും. അവരുടെ ജീവന്റെ വിലയിൽ ഇവർ ഇവരുടെ ജീവിതം ആർഭാടമായി ജീവിച്ചുതീർക്കും. വിദേശരാജ്യങ്ങളിൽ പോയി നല്ല സുഖചികിത്സ, ആർഭാട വാഹനം, വീട് എല്ലാം ഇവർക്ക് സ്വന്തം. മൊബൈൽ ഫോൺ ബില്ല് സ്വന്തം പോക്കറ്റിൽ നിന്നും കൊടുക്കേണ്ട, കറങ്ങിനടക്കാൻ പെട്രോളും സൗജന്യം. പിന്നെ പെട്രോളിന്റെ വില കൂടിയാലെന്ത്, കുറഞ്ഞാലെന്ത് ?

നമ്മുടെ ശരീരത്തിൽ എവിടെയെങ്കിലും ക്യാൻസർ ബാധിച്ചാൽ ആ കോശങ്ങളെ നീക്കാൻ വളരെ പ്രയാസമാണ്. ക്യാൻസർ ബാധിച്ചിരിക്കുന്നത് വല്ല മർമ്മപ്രധാനമായ അവയവങ്ങളിലാണ് എങ്കിൽ അത് ജീവനുതന്നെ ഭീഷണിയാവും. അതുപോലെയാണ് ഓരോ ജാതി, മത, രാഷ്ട്രീയ സംഘടനകൾക്കുള്ളിൽ ഉന്നത പദവി വഹിക്കുന്നവർ തെറ്റു ചെയ്താൽ, അവരെ ഉപേക്ഷിച്ചാൽ സംഘടനയ്ക്ക് അത് ദോഷം ചെയ്യും. ചിലപ്പോൾ ആ പ്രസ്ഥാനം തന്നെ ഇല്ലാതാവും. അതുകൊണ്ട് അവരെ എന്തുവില കൊടുത്തും നിലനിർത്താൻ ശ്രമിക്കും. പക്ഷെ ക്യാൻസർ കോശത്തെ നില നിർത്തിയാലും മരണം ഉറപ്പാണല്ലോ. രണ്ടും കല്പ്പിച്ച് ആദ്യമേ, എത്രയും പെട്ടെന്ന് എടുത്തുമാറ്റുന്നതാണ് നല്ലത്. ദുഷിച്ച സെല്ലുകൾ പുറത്തു പോകട്ടെ.

അടുത്ത വീട്ടിലുള്ള അതുമല്ലെങ്കിൽ അടുത്ത് പരിചയമുള്ള ആർക്കെങ്കിലും അസുഖം വരുമ്പോൾ നമുക്ക് അത് നിസ്സാരം. പക്ഷെ നമുക്ക് അതേ അസുഖം പിടിപെടുമ്പോൾ പിന്നെ അന്വേഷണമായി. ഏത് ആശുപത്രിയാണ് നല്ലത്, ചികിത്സാ ചിലവ് എന്തുവരും, രോഗം ഭേദമാവാൻ എത്ര സമയമെടുക്കും തു

ടങ്ങി പലതും അന്വേഷിക്കാൻ അയൽവാസിയുടെ വീട്ടിലേക്ക് ചെല്ലും. ഉന്നത അധികാരത്തിലിരിക്കുന്നവർക്കുപോലും മനുഷ്യത്വപരമായ ഒരു തീരുമാനം എടുക്കണമെങ്കിൽ അവർക്ക് ഒരു മാരകരോഗം പിടിപെട്ടാൽ മതിയാവും. അതുവരേയും കൊന്നും കൊല്ലിച്ചും നടന്ന നേതാവ് ശാന്തനാവും. മനുഷ്യന്റെ വിഷമങ്ങൾ കണ്ടുതുടങ്ങും. ഇപ്പോഴുള്ള സൗകര്യങ്ങളും അധികാരങ്ങളും ഉപയോഗപ്പെടുത്തി വിദേശത്ത് ചികിത്സിക്കാൻ പോയെന്ന് വരും. എവിടെ ച്ചെന്നാലും രോഗം മാറില്ല. കാരണം രോഗം മാറിയാൽ സ്വഭാവം പഴയ പടിയാവും എന്ന് ദൈവത്തിനറിയാമല്ലോ. ഏത് രോഗമായാലും ഒരുവിധത്തിൽ അതൊരു അനുഗ്രഹം കൂടിയാണ്. അത് നമ്മെ ഊണിലും ഉറക്കത്തിലും കിടത്തി ചിന്തിപ്പിക്കുന്നു. അതിലൂടെ നമുക്ക് തിരിച്ചറിവ് ലഭിക്കുന്നു.

നേതാക്കൻമാരിൽ പലരും വയസ്സൻമാരാണ്. ഇന്ന് പറഞ്ഞത് നാളെ മറക്കുന്നവരാണ്. പണ്ട് ഇത് ഒരു പ്രശ്നമായിരുന്നില്ല. മനപ്പൂർവ്വം മാറ്റിപ്പറഞ്ഞാലും ആരും അറിയില്ല. പക്ഷേ ഇന്ന് എല്ലാം ക്യാമറയിൽ പകർത്തുന്നുണ്ട്. സ്റ്റേജിൽ നിന്ന് പ്രസംഗിക്കുന്നതല്ല പലരും താഴെ ഇറങ്ങിയാൽ പറയുന്നത്. രണ്ടും റെക്കോർഡ് ചെയ്യപ്പെടുന്നുണ്ട്. നേതാക്കളേ, ശ്രദ്ധിക്കുക. അണികൾ പലരും പൂർവ്വീകരെ ഓർത്ത് നിങ്ങളെ സഹിക്കുകയാണെന്ന് മനസ്സിലാക്കി തൽസ്ഥാനത്ത് നിന്ന് സ്വയമേവ വിരമിക്കുന്നതാണ് നല്ലത്. അങ്ങനെ ആകയാൽ ഉണ്ടാക്കിയെടുത്ത പേര് കുറച്ചുനാളത്തേയ്ക്കെങ്കിലും നിലനിൽക്കും. കാലഘട്ടം മാറി. ഇത് 1947 അല്ല. എങ്കിലും ഗാന്ധിജിക്കും അദ്ദേഹത്തിന്റെ ആശയങ്ങൾക്കും ഇന്നും പ്രസക്തിയുണ്ട്. പക്ഷെ ഗാന്ധിജിയുടെ വക്താക്കളായി വിലസുന്നവരിൽ അധികവും വെറും വേഷം കൊണ്ടുമാത്രം ഗാന്ധിയൻമാരായി ജീവിക്കുന്നവരാണ്. എന്തെങ്കിലും ആവാൻ വേണ്ടി ശ്രമിച്ചാൽ വേറെന്തെങ്കിലുമായിത്തീരും. കാരണം നമ്മളിൽ ആത്മാർത്ഥതയില്ലല്ലോ. ആത്മാർത്ഥമായി കാര്യങ്ങൾ ചെയ്യുമ്പോൾ ആഗ്രഹിക്കാതെത്തന്നെ പലതും വന്നുചേരും. പക്ഷെ കാത്തുനിൽക്കാൻ സമയമില്ലല്ലോ. കൈയ്യടി കിട്ടുകയാണെങ്കിൽ എല്ലാം ഇപ്പോൾത്തന്നെ കിട്ടണം. അത്തരം കാര്യങ്ങളാണ് പല നേതാക്കളും ചെയ്യുന്നത്. വളർന്നുവരുന്ന തലമുറയെ നേരായ വഴിക്ക് നയിക്കാനുള്ള പദ്ധതികളാവിഷ്ക്കരിച്ചാൽ ഇരുപത് കൊല്ലം കഴിയുമ്പോഴെങ്കിലും നമുക്ക് നല്ല കുറേ വ്യക്തികളെ, നേതാക്കളെ ലഭിക്കും. പക്ഷെ അത്തരം പ്രോജക്ടുകൾക്കല്ല മറിച്ച് പഠിക്കാൻ ചെല്ലുന്നവർക്ക് പണം കൊടുത്തും പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് തലയെണ്ണി പണം കൊടുക്കുന്ന ഒരു പുതിയ വിദ്യാഭ്യാസ സംസ്ക്കാരം വന്നുകൊണ്ടിരിക്കുന്നു. പേടിക്കണം ! പണം പറ്റാനായി പഠിക്കാൻ പോയവനും പണം പറ്റിക്കാനായി വിദ്യാഭ്യാസ സ്ഥാപനം തുടങ്ങിയവനും നേരു പറയുന്നവരെ ഇഷ്ടമാകില്ല. പോരാത്തതിന് ഇത്തരം സ്ഥാപനങ്ങളുടെ പരസ്യം ഗവൺമെന്റ് ചിലവിൽ നടത്തുന്നതും നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിരിക്കും. വിദ്യാഭ്യാസ മേഖലയിൽ ഒരു വലിയ വിപത്താണ് വരാൻ പോകുന്നത്.

സർക്കാർ ഫണ്ട് ഉപയോഗിച്ച് എന്ത് നിർമ്മിച്ചാലും എന്തിന് ശൗചാലയങ്ങൾ നിർമ്മിച്ചാൽ പോലും നേതാവിന്റെ ഫോട്ടോ വെച്ച ഫ്ളക്സ് നഗരത്തിന്റെ പല ഭാഗത്തും പ്രത്യക്ഷപ്പെടും. ഈ കാര്യത്തിൽ രാഷ്ട്രീയ വേർതിരിവുകളില്ല. ആ നേതാവിന്റെ ഔദാര്യമല്ല അത്. അദ്ദേഹത്തിന്റെ കടമയും കർത്തവ്യവുമാണ്. എം. എൽ. എ.യുടെ വക, എം. പി.യുടെ, സി. എമ്മിന്റെ, പി. എമ്മിന്റെ വകയൊന്നുമല്ല, ജനങ്ങളുടെ വക ജനങ്ങൾക്കായി സമർപ്പിക്കുന്നവയാണ് ഇവയെല്ലാം. നേതാക്കന്മാരുടെ ഫോട്ടോ വലുതായി വെച്ച് പ്രവർത്തിക്കുന്ന മെഡിക്കൽ ഷോപ്പുകളും തൊഴിൽ പരിശീലന കേന്ദ്രങ്ങളുമുണ്ട്. ശരിക്കും ഫണ്ട് ആരുടേതാണ്? ആ വ്യക്തിയുടെ വീട്ടിൽ നിന്ന് കൊണ്ടുവന്നതാകാൻ വഴിയില്ല. ആ സ്ഥിതിയ്ക്ക് എം. എൽ. എ., എം. പി., പി.എം., സി. എം. എന്ന് വേണമെങ്കിൽ ആവാം. പക്ഷെ അവരുടെ പേരും ഫോട്ടോയും പ്രചരിപ്പിക്കുന്നതിൽ വേറെ എന്തോ ലക്ഷ്യമുണ്ട്. പണ്ട് ഉണ്ടായിരുന്ന നേതാക്കന്മാർക്കില്ലാത്ത ഒരു കാപട്യം നിറഞ്ഞ ലക്ഷ്യം. ഒരു വ്യക്തി നല്ലത് ചെയ്താൽ അത് എല്ലാവരും എന്നും ഓർക്കും. ചരിത്രത്തിൽ രേഖപ്പെടുത്തും. പക്ഷെ ചരിത്രം തിരുത്താൻ ശ്രമിച്ചാൽ അതും ചരിത്രമായി മാറും.

കിഴക്കൻ മഴ പെയ്തുതുടങ്ങി ഒപ്പം ഇടിയും മിന്നലും കാറ്റും. മഴയെന്ന് കേൾക്കുമ്പോൾ തന്നെ പലർക്കും പേടി തോന്നുന്നുണ്ട്. കിഴക്കൻ മഴ എന്തെല്ലാം കെടുതികളാണാവോ വരുത്താൻ പോകുന്നത് ? ശാസ്ത്രീയമായ കാലാവസ്ഥാ പ്രവചനങ്ങളേയും ജ്യോതിഷ പ്രവചനങ്ങളേയും തെറ്റിച്ചാണ് പ്രളയം വന്നത്. അതുകൊണ്ടുതന്നെ എല്ലാവരും എല്ലാറ്റിനേയും ഇടനിലക്കാരില്ലാതെ നിരീക്ഷിക്കാൻ തുടങ്ങിയിരിക്കുന്നു. കഴിഞ്ഞ പ്രളയം നമ്മെ പരസ്പരം സ്നേഹിക്കാൻ പഠിപ്പിച്ചു. ഇനിയൊരു പ്രളയത്തെ അതിജീവിക്കാനുള്ള മുൻകരുതലുകൾ പലരും തുടങ്ങി. എങ്കിലും എന്തുവേണമെങ്കിലും ഇനിയും സംഭവിക്കാം. നാം വെറും മനുഷ്യരാണല്ലോ.

*"പൊടുന്നനെ പെയ്ത മഴയിൽ*
*ആരും നനയാതിരിക്കില്ല*
*ഈറനണിയാതിരിക്കില്ല*
*ഇനിയൊരു മഴയ്ക്ക് എന്നെ*
*നനയ്ക്കാനാവില്ലായെന്നത്*
*വ്യാമോഹം മാത്രം*
*അതിനായ് കരുതിയ കുടകളും*
*മേൽക്കൂരകളും പറന്നിടും*
*ഈറൻ മാറും മുൻപ്*
*ഈറനണിയിക്കാനായ്*
*അവനെത്തും*
*പ്രതീക്ഷിക്കാത്ത നേരത്തെത്തും*
*അറിവിനായ്, അറിവായ്*
*അവനെത്തും"*

മുൻകാല അനുഭവങ്ങൾ എല്ലാം മറക്കുമ്പോൾ, തല മറന്ന് എണ്ണ തേക്കുമ്പോൾ എല്ലാം ഓർമ്മപ്പെടുത്താനായി വരും മഴയും ദുഃഖവും ദുരിതങ്ങളുമെല്ലാം. ●

# മഹാത്മാഗാന്ധിയെ
## ഇനിയും മനസ്സിലാക്കാത്ത നമ്മൾ

എ. കെ. എ. റഹിമാൻ
0480-2807365

മഹാത്മാഗാന്ധി സ്വപ്നം കണ്ടതും രാജീവ് ഗാന്ധിയിലൂടെ അധികാരം ജനങ്ങളിലേക്ക് അഥവാ അധികാരവികേന്ദ്രീകരണം എന്ന ആശയം പ്രായോഗികമാക്കാൻ നീണ്ട സംവത്സരങ്ങൾ വേണ്ടിവന്നു. ഗാന്ധിജി സ്വപ്നം കാണാതെ നിഷ്കർഷിച്ച ഒരു സംഗതിയുണ്ട്. അതാണ് മദ്യവർജ്ജനം. അദ്ദേഹത്തിന്റെ ഏറ്റവും വലിയ ആഗ്രഹമാണ് മദ്യനിരോധനം. അദ്ദേഹത്തിന്റെ സ്വന്തം വാക്കുകൾ ശ്രദ്ധിക്കുക: "എനിക്ക് ഈ മഹാരാജ്യത്തിന്റെ(ഭാരതം) സാരഥിയാകാൻ ഒരു മണിക്കൂർ സമയം കിട്ടിയാൽ മതി, ഈ രാജ്യത്തെ എല്ലാ മദ്യഷാപ്പുകളും നഷ്ടപരിഹാരം നൽകാതെ അടച്ചുപൂട്ടിയിടാൻ കല്പന നൽകും." പക്ഷേ അദ്ദേഹത്തിന് അധികാരം ആരും നൽകുകയോ സ്വയം അധികാരമോഹിയായി വർത്തിക്കുകയോ ചെയ്തില്ല. അതിനു മുമ്പ് വധിക്കപ്പെട്ടു. സ്വാതന്ത്ര്യം നേടിത്തന്ന ആ മഹാനുഭാവന്റെ കണ്ഠത്തിന് കത്തിവെയ്ക്കുകയാണ് അഥവാ വെടിവെച്ചു കൊല്ലുകയാണ് ചെയ്തത്. ഇനിയുള്ള കാര്യം - രാജ്യഭാരം തങ്ങൾ നിർവ്വഹിച്ചുകൊള്ളാമെന്ന് പറഞ്ഞുകൊണ്ട് - ഇതാണ് കപട ഗാന്ധിഭക്തർ നിർവ്വഹിച്ചത് അല്ലെങ്കിൽ നിർവ്വഹിപ്പിച്ചത്. അതോടെ ഗാന്ധി യുഗം അവസാനിച്ചുവെന്ന് തല്പര കക്ഷികൾ കണക്കുകൂട്ടി. എന്നാൽ ആ കണക്കുകൂട്ടൽ പിഴച്ചു. ഗാന്ധി യുഗം അവസാനിച്ചിട്ടില്ല, അവസാനിക്കുകയുമില്ല.

ചിലർ ഗാന്ധി രാഷ്ട്രപിതാവല്ലെന്നുവരെ പറഞ്ഞുവച്ചു. ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നു. അവർ മുമ്പുപറഞ്ഞ ഗാന്ധിഘാതകരുടെ വംശത്തിൽ ജനിച്ചവരാണ്. അവർ ഗാന്ധിയെ മനസ്സിലാക്കിയിട്ടില്ല. ഗാന്ധിമന്ത്രം - ഹിന്ദു - മുസ്ലീം മൈത്രിയും, രാമരാജ്യസന്ദേശവും, ക്ഷേമരാഷ്ട്ര സങ്കൽപ്പവും അവർക്കജ്ഞാതമാണ്. അവരെ സംബന്ധിച്ചിടത്തോളം രാമരാജ്യം ദശരഥന്റെ മകനായ രാമന്റെ രാജ്യമെന്നാണ്. എന്നാൽ ഗാന്ധിജി ഉദ്ദേശിച്ചത് ആ രാമന്റെ രാജ്യം തിരിച്ചുവരാനല്ല. പ്രത്യുത രാമനും റഹീമും ഹിന്ദുവും മുസൽമാനും ഏകോദര സഹോദരന്മാരായി സുഖജീവിതം നയിക്കുന്ന സാക്ഷാൽ മതസൗഹാർദ്ദ മതേതര രാഷ്ട്രമാണ്. അങ്ങനെയുള്ള രാഷ്ട്രമാണ് ഗാന്ധിജിയുടെ സങ്കല്പത്തിലുള്ള ക്ഷേമരാഷ്ട്രം. നമ്മുടെ ഭരണകർത്താക്കൾ ക്ഷേമം എന്ന വാക്കിനെ അഗണ്യകോടിയിൽ തള്ളി വെറും രാഷ്ട്രത്തെ രാഷ്ട്രീയ ലക്ഷ്യം കണക്കിലാക്കി നിലനിർത്തി. ജനക്ഷേമമെന്ന വാക്കിൽ നിന്ന് ക്ഷേമം ഒഴിവാക്കി വെറും ജനത്തേയും നിലനിർത്തി. ഇതാണ് നാം ഗാന്ധിയെ മറന്നുവെന്ന് പറയുന്നത്. ഗാന്ധിജി ജനത്തേയും, അതുപോലെ ക്ഷേമത്തേയും രാഷ്ട്രത്തേയും ഒരുപോലെ പരിഗണിച്ചു. ആ പാഠം നാം പഠിച്ചില്ല. അഥവാ പഠിച്ചെങ്കിലും നമ്മുടെ സ്വാർത്ഥ താല്പര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്ന തിരക്കിൽ മറന്നു, മറ്റു പല ഗാന്ധിയൻ തത്ത്വങ്ങളും ആദർശങ്ങളും മറന്ന കൂട്ടത്തിൽ. എങ്കിലും നാം ഗാന്ധിജിയെ ജന്മനാളും സമാധിനാളും വരുമ്പോൾ അൽപ്പ നിമിഷത്തേക്കെങ്കിലും ഓർക്കാതിരിക്കുന്നില്ല. ഈ മറവി നമ്മളിൽ ആ മഹാത്മാവിനെപ്പറ്റി ശരിക്കും മനസ്സിലാക്കാത്തതുകൊണ്ടോ മറ്റോ ആയിരിക്കാം.

സ്വാശ്രയബോധവും സ്വദേശി ബോധവും നമ്മിൽ പ്രവർത്തിക്കണം. അവ രണ്ടും ഗാന്ധിജിയുടെ സംഭാവനയാണ്. എന്നാൽ നാം നമ്മുടെ രാജ്യം പണയപ്പെടുത്താനുള്ള ശ്രമത്തിലാണ്. ബഹുരാഷ്ട്ര കുത്തകകൾ നമ്മോട് വിലപേശിക്കൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യത്തെ പൊതു ഖജനാവിലെ സ്വർണ്ണം അന്യദേശത്തെ ഖജനാവിൽ സൂക്ഷിക്കാൻ പണയപ്പെടുത്തിയിരിക്കുകയാണ്. വിദേശവസ്ത്രങ്ങളും, വിദേശനിർമ്മിത യന്ത്രങ്ങളും, വാഹനങ്ങളും, ഘടികാരങ്ങളും, ആയുധങ്ങളും, പടക്കോപ്പുകളും, മരുന്നുകളും, മദ്യവുമൊക്കെ വിദേശത്തുനിന്നും വന്നവ, ദേശീയമായവ ദാരിദ്രവും പട്ടിണിയും തൊഴിലില്ലായ്മയും സ്വാശ്രയശീലത്തിനുപകരം പരാശ്രയശീലം വളർത്തി, ദേശവത്ക്കരണത്തിനുപകരം ആഗോളവത്ക്കരണവും, ഉദാരവത്ക്കരണവും വഴി രാജ്യത്തെ വാതായനങ്ങൾ വിദേശികൾക്ക് തുറന്നിട്ടുകൊടുക്കലും സ്വദേശി താല്പര്യങ്ങൾ ന്യൂനീകരിക്കലും. ആർക്കും എപ്പോഴും രാജ്യത്ത് കടന്ന് വ്യവസായം തുടങ്ങാം. പത്രവ്യവസായം ഉൾപ്പടെ. അങ്ങനെ ഗാന്ധിജി സ്വപ്നം കാണാത്ത എത്രയെത്ര കാര്യങ്ങളാണ് നമ്മെ ഭരിക്കുന്നവർ ചെയ്യുന്നത്. അവർ അവരുടെ സ്വാർത്ഥ താല്പര്യങ്ങൾ രക്ഷിക്കാനാണ് ചെയ്യുന്നതെന്ന് മനസ്സിലാകുന്നു. അതേസമയം ഗാന്ധിതത്ത്വങ്ങളും ആദർശങ്ങളും നാം മനസ്സിലാക്കുന്നില്ല. അഥവാ, മനസ്സിലാക്കിയിട്ടും മനസ്സിലായില്ലെന്ന് നടിക്കുകയാണോ ! ആ നാട്യം കപടനാട്യമോ, യഥാർത്ഥ നാട്യമോ! ●

■കഥ


## അയാളുടെ സമയം

ഇ. ടി. മുരളീധരൻ
9446443321

എങ്ങിനെയെങ്കിലും മരിക്കണം. പലവിധത്തിൽ ശ്രമിച്ചു. ഓരോ തവണയും പരാജയപ്പെട്ടു. ഒടുവിൽ മരിക്കാനായി ഒരു നല്ല മുഹൂർത്തം കുറിച്ചുകിട്ടാനായി പണിക്കരുടെ അടുത്തേയ്ക്ക് പോകാൻ തന്നെ അയാൾ തീരുമാനിച്ചു. പുറപ്പെട്ടു ചെന്നുനോക്കുമ്പോൾ പണിക്കരുടെ വീടിനു മുന്നിൽ പതിവുപോലെ നല്ല തിരക്ക്. എന്തായാലും ടോക്കൺ എടുത്ത് എത്ര വൈകിയാണെങ്കിലും ഇന്ന് കണ്ടിട്ടുതന്നെ കാര്യം. എത്ര പേരുണ്ടെന്നറിയാൻ വീട്ടിനകത്തേയ്ക്ക് ഒന്നെത്തിനോക്കി. ജ്യോത്സ്യൻ കയറിൽ തൂങ്ങി നിൽക്കുന്നു. അയാളുടെ സമയം... ●

# വിനോദ സഞ്ചാര മേഖല...?

(പുസ്തകം 8 ലക്കം 9 ആഗസ്റ്റ് 2018 പേജ് 10 ലെ ലേഖനത്തെക്കുറിച്ച്)



**എം. എം. മേനോൻ**
**0491 6451469, 0491 2572939**

**ഈ** ലേഖനത്തിൽ ശ്രീ. സന്തോഷ് ജോർജ്ജിന്റെ പ്രസ്താവന 'ദിവസേന 100 ഉറുപ്പിക മാറ്റി വെക്കാമെങ്കിൽ വർഷത്തിൽ ഒരു തവണ വിദേശ വിനോദ സഞ്ചാരം സാധ്യമാണ്' എന്ന് കൊടുത്തിരിക്കുന്നു. (യാത്രികൻ/പര്യടന വിഭാഗക്കാരൻ ധനസമ്പാദ്യത്തിനായി/വിഭാഗവിപുലീകരണത്തിനായി വിനോദ സഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ അതിശയിക്കാനില്ല!)

36500 ഉറുപ്പിക വിദേശ വിനോദസഞ്ചാരത്തിനായി നിസ്സങ്കോചം, നിഷ്പ്രയാസം ചിലവഴിക്കുക എന്ന ഈ പ്രസ്താവന ഓർമ്മപ്പെടുത്തിയത് 1793ലെ ഫ്രെഞ്ച് വിപ്ലവത്തിനെ (French Revolution) കുറിച്ചുള്ള കഥയാണ്. (കഥ കാല്പനികവും!) ആഡംബര ജീവിതം നയിച്ച ധനികർ നാട്ടിലെ ദാരിദ്ര്യത്താൽ നരകമനുഭവിക്കുന്ന സാധാരണ ജനങ്ങളുടെ ദയനീയ അവസ്ഥയെപ്പറ്റി "ജനങ്ങൾ റൊട്ടിക്കായി കലഹിക്കുന്നു, ബഹളമുണ്ടാക്കുന്നു" എന്നു മഹാറാണി മേരി ആൻടാനെറ്റിനെ (Marie Antoinette) അറിയിച്ചപ്പോൾ അവർ ആശ്ചര്യത്തോടെ (സഹതാപം/അനുകമ്പയില്ലാതെ) ചോദിച്ചുവത്രെ, "റൊട്ടി തന്നെ വേണമെന്ന് ശഠിക്കുന്നതെന്തിന് ? കേക്ക് (cake) തിന്നുകൂടേ?" സംവേദനരഹിതമായ ഇത്തരം മനോഭാവത്തിന്റെ നേർഫലമായി നൂറുകണക്കിന് ധനികരും കുടുംബവും ഗിലോട്ടീൻ (Guillotine) എന്ന ഉപകരണത്താൽ ശിരച്ഛേദം ചെയ്യപ്പെട്ടു. (Bour Geoisie ബൂർഷ്വാസീ- മധ്യവർഗ്ഗപ്രമാണികൾക്കെതിരെ Proletariat - കീഴ്ശ്രേണിയിലെ ദരിദ്രരുടെ പ്രതിഷേധം, ചോരപ്പുഴയിൽ കലാശിച്ചു! ഇതു പൊതുവേ അറിയുന്ന വാസ്തവമാണ്) സുമാർ ഇതുപോലെത്തന്നെയുള്ള അനുകമ്പാരഹിതമായ പെരുമാറ്റത്താൽ ഉണ്ടായ റഷ്യൻ വിപ്ലവവും (Russian Revolution) ചൈന വിപ്ലവവും (Chinese Revolution) നാം എളുപ്പത്തിൽ മറക്കാമോ ?

ദിവസേന 100 ക എന്തിന് ? മാസം ഒരുറുപ്പിക വീതം പ്രതിവ്യക്തിയിൽ നിന്നും 125 കോടി ജനങ്ങളുള്ള ഇന്ത്യയിൽ പിരിക്കാമെങ്കിൽ ഇവിടെ 125 കോടീശ്വരന്മാരെ മാസം തോറും ഉണ്ടാക്കാം... എന്നാൽ ഇതിനാൽ ഇന്ത്യ ധനികദേശം എന്ന് കരുതപ്പെടുമോ ? ഇതിനാൽ നാട്ടിൽ സുഖശാന്തി ഉണ്ടാവുമോ? സമുദായത്തിന്റെ നട്ടെല്ലായ മധ്യവർഗ്ഗം അസഹായർ/ദരിദ്രർ എന്നിവരെക്കുറിച്ച് വിദേശ വിനോദ സഞ്ചാരത്തിന്റെ സമർത്ഥനത്തിലൂടെ സഹതാപമില്ലായ്മ പ്രദർശിപ്പിക്കാമോ?

ഈ വിഷയത്തിൽ ഗാന്ധിജിയോടുള്ള ചോദ്യവും ഉത്തരവും എടുത്തുകാട്ടേണ്ട ആവശ്യമുണ്ട്. "താങ്കൾ ദിവസേന ഒഴിവില്ലാതെ തുടർന്ന് അദ്ധ്വാനിക്കുന്നു. താങ്കൾക്ക് ഒഴിവ് ദിവസമോ മനോരഞ്ജനമോ വേണ്ടേ?" ഉത്തരമായി അദ്ദേഹം പറഞ്ഞുവത്രെ "എനിക്ക് എല്ലാ ദിവസവും ഒഴിവുദിനം പോലെയാണ്. പൂർണ്ണശ്രദ്ധയോടെ നാം ഏത് കാര്യം ചെയ്യുമ്പോഴും മടുപ്പിന് വഴിയില്ല. വേറെ മനോരഞ്ജനവും ആവശ്യമില്ല." (ചോദ്യവും ഉത്തരവും സാധാരണക്കാരനായ എന്റെ വാക്കുകളിൽ!)

ഇതേപോലെ അമേരിക്കൻ ഹാസ്യലേഖകൻ മാർക്ക് ട്വയിൻ (Mark Twain - S. L. Clemens ന്റെ തൂലികാനാമം) നോട് "താങ്കൾ മനസ്സു മാറ്റത്തിന് വിനോദ സഞ്ചാരം എന്തുകൊണ്ട് ചെയ്യുന്നില്ല?" ഉത്തരമായി അദ്ദേഹം പറഞ്ഞുവത്രെ, "എനിക്ക് വിരോധമില്ല - എന്റെ കൂടെത്തന്നെ ആ അസഹ്യ മനുഷ്യൻ Mark Twain നേയും കൊണ്ടുചെല്ലേണ്ട നിർബന്ധമില്ലായിരുന്നുവെങ്കിൽ !!

വിനോദ സഞ്ചാരത്താൽ നാം ഉദ്ദേശിക്കുന്നത് എന്താണ് ? എവിടെ ചെന്നാലും നമ്മുടെ നിയന്ത്രണമില്ലാത്ത മനസ്സ് കൂടെയുണ്ടെങ്കിൽ നാം വിട്ടുചെല്ലാൻ ശ്രമിക്കുന്ന അലട്ടലും അനുചിത ചിന്തകളും നമ്മളുദ്ദേശിച്ച ഫലം (മനസ്സു മാറ്റം) അനുവദിക്കുകയില്ല എന്നത് തീർച്ചയല്ലേ ?

ഇതേ ലക്കം പേജ് 18ൽ 'വിനോദയാത്രാ വിവരണം' വായിച്ചാൽ നാട്ടിൽ തന്നെ ദൂരയാത്രയാൽ അസൗകര്യവും അസുഖവും (ചെറു ജലദോഷം, പനി ആയിരിക്കാം) അനുഭവിക്കേണ്ടി വരുന്നതു സാധാരണം എന്ന് അറിയാം.

ഇന്ന് ടി. വി., വീഡിയോ, സിനിമ മുതലായവയുള്ളതിനാൽ സ്ഥലങ്ങളേയും ജനങ്ങളേയും മറ്റും ദൂരയാത്രയില്ലാതെത്തന്നെ കണ്ട് ഗുണമടയുവാൻ ബുദ്ധിമുട്ടില്ല. സമയമാണ് ആവശ്യം. നാം എത്ര കണ്ടാലും പിന്നേയും കാണാൻ സ്ഥലങ്ങളും ദൃശ്യങ്ങളും ജനങ്ങളും ഉണ്ടായിക്കൊണ്ടേയിരിക്കും. ലോകം മുഴുവനും ചുറ്റിക്കാണാനുള്ള ധനവും ആരോഗ്യവും സമയവും സൗകര്യവും നമ്മുടെ ഈ ചെറു ആയുഷ്ക്കാലത്തിൽ ഉണ്ടോ?

മറുവശത്ത്, അന്യദേശത്തിലെ പര്യടകരെ നാം/വരവേൽക്കുന്നത് അവരുമായി സ്നേഹം/സൗഹാർദ്ദം കൊണ്ടാണോ? നമ്മുടെ ദൃഷ്ടി യഥാർത്ഥത്തിൽ അവരുടെ കീശയിലല്ലേ?

വൃത്തി, ശുചിത്വം, ഭംഗി എന്നിവയെ പാലിക്കുക എന്നുള്ളത് വിദേശ സഞ്ചാരികളുടെ സൗകര്യത്തിനാണോ? ഇവ നമ്മളേവരുടേയും നമ്മക്കും ആരോഗ്യത്തിനും അനിവാര്യമല്ലേ? ഇത് നമ്മളേവരുടേയും ഒഴിച്ച കൂടാത്ത കടമയാണ്.


ജനപ്പെരുക്കവും, പക്ഷെ സീമിത പ്രകൃതി സ്വത്തുമുള്ള ഈ ഭൂമിയിൽ അനാവശ്യ ചിലവും ധൂർത്തും ഒഴിവാക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ ഗാന്ധിജിയുടെ ഉപദേശം, ചേതാവനി എന്നുള്ളവ ഓർക്കേണ്ടതുണ്ട്. നമ്മൾ എന്തുചെയ്യാൻ ഉദ്ദേശിക്കുമ്പോഴും അതിനാൽ നമ്മളറി

യുന്ന ഏത് അസഹായനും ദരിദ്ര നും പ്രതികൂല ഫലമുണ്ടാവുമെങ്കിൽ അത് വർജ്ജ്യമാണ്.

ചിന്തിക്കുക ! ഉണരുക !!

സത്യം, ധർമ്മം, സരളത, സഹതാപം, സഹകരണം, അഹിംസ, ത്യാഗം മുതലായവ മൗലിക മാനവ മൂല്യങ്ങളെ ചെറുപ്പം തൊട്ട് നട്ടു വളർത്തി, 'വിവേക' ജീവി എന്ന സ്വയം സ്വീകരിച്ച നാമധേയത്തിനു അർഹത തെളിയിക്കുക !!

■കഥ



# കൊന്ത

ചന്തിരൂർ താഹ
9846388422

**മ**റ്റന്നാളാണ് എന്റെ മുപ്പതാമത് വിവാഹവാർഷികം. ചിരിച്ചും കലഹിച്ചും ചിന്തിച്ചുമൊക്കെ കടന്നുപോയ ജീവിതവഴികളുടെ ഓർമ്മപ്പെടുത്തലുകൾ. അവൾക്കെന്തായാലും ഒരു സമ്മാനം വാങ്ങിക്കൊടുക്കണം, ഒപ്പം അമ്മയ്ക്കും വാങ്ങണം. നഗരവീഥിയിലൂടെ നടന്നു, എന്ത് വാങ്ങണം എന്ന സന്ദേഹവുമായി. ചിന്തകൾ ആകാശക്കൊട്ടാരം പോലെ ഉയർന്നു. പെട്ടെന്ന് ഒരു വെളിപാടുപോലെ അതിനും ഒരുത്തരം കിട്ടി.

മതി... ഇത് മതി... ഇഷ്ടമാകും രണ്ടുപേർക്കും. അങ്ങനെ മനോഹരമായ രണ്ട് 'കൊന്ത'കൾ വാങ്ങി. നീലനിറത്തിൽ രൂപകൽപ്പന ചെയ്തിട്ടുള്ള ഏറ്റവും മികച്ചത് തന്നെ. അതീവ ആഹ്ലാദത്തിലാണ് വീട്ടിലേക്ക് ചെന്നത്. അമ്മയുടെ കയ്യിലേയ്ക്ക് കൊന്ത കൊടുക്കുമ്പോൾ വിറക്കുന്ന മുഖം പ്രസന്നമാകുന്നതും, ചുണ്ടുകൾ കൊണ്ട് മന്ത്രിക്കുന്നതും നിറഞ്ഞ മനസ്സോടെ ശ്രദ്ധിച്ചു.

പിന്നെ ഭാര്യയ്ക്കു മുന്നിൽ... നിറഞ്ഞ ചിരിയോടെ കൊന്ത ഉയർത്തി ഒപ്പം അഭിമാനവും. ഭാര്യയുടെ മുഖത്ത് പാഞ്ഞ് വരുന്ന തിരമാല,

"നിങ്ങളുടെ ഒരു കൊന്തയും കുരിശും..."

അതിവേഗത്തിൽ അവൾ അകത്തേക്ക്; പിന്നിൽ കൈകൾ മേലോട്ടുയർത്തി ചിരിച്ചുകൊണ്ട് പരിശുദ്ധ പിതാവും.

# തലയിലെഴുത്ത്



ചെറിയാൻ തോട്ടുങ്കൽ
8281343742

**ആ**രാണ് തലയിൽ എഴുതിയത് ? ആരാണ് തലയിലെഴുത്ത് കണ്ടവരും വായിച്ചവരും? സാധാരണയായി എന്തെങ്കിലും സംഭവിക്കുമ്പോൾ പറയാറുള്ളതാണ് അവന്റെ, അയാളുടെ തലയിലെഴുത്താണ്, വിധിയാണ്, കാലദോഷമാണ്, സമയദോഷമാണ്. കാലദോഷവും സമയദോഷവും ഒന്നും തലയിൽ എഴുതിയിട്ടില്ല. തലയ്ക്ക് ഒരു ദോഷവുമില്ല. ഈ ദോഷങ്ങളെല്ലാം പറയുന്നവരാണോ വിധിയാണെന്ന് കൽപ്പിക്കാൻ. വ്യക്തികളുടെ സ്വഭാവദൂഷ്യങ്ങൾ കാരണം ഇതെല്ലാം സ്വയം ഏറ്റെടുക്കുന്നതാണ്. കള്ളവണ്ടിക്കാണ് വന്നതെന്ന് പറയുമ്പോൾ കള്ളവണ്ടി എന്നൊരു വണ്ടിയുണ്ടോ? ടിക്കറ്റെടുക്കാതെ കയറുന്നവനല്ലെ കള്ളൻ. കള്ളനായി ആരെങ്കിലും ജനിച്ചിട്ടുണ്ടോ ? സാഹചര്യം സൃഷ്ടിയുടെ മാതാവാകുമ്പോൾ കള്ളനായി മാറുന്നു. ആഗ്രഹങ്ങളും ആശകളും കൂടുമ്പോൾ പലതും എത്തിപ്പിടിക്കാൻ നോക്കും. സാധിക്കാതെ വരുമ്പോഴാണല്ലോ നിരാശ ഉണ്ടാകുന്നത്. ഇതിനെ മറികടക്കാൻ ചെയ്യുന്ന ഓരോ പ്രവൃത്തിയും കുറ്റകരമായി മാറുന്നു. അടുക്കും തോറും അകലുകയും അകലും തോറും അടുക്കുകയും ചെയ്യുന്നവരെ സ്നേഹത്തിന്റെയും ആഗ്രഹത്തിന്റെയും ഉപാധികൾ ഉപയോഗിച്ച് ഇണക്കിയെടുക്കുന്ന പ്രണയം പലപ്പോഴും ഒരു തീരാശാപമായി മാറുകയാണോ? ഇത്തരത്തിലുള്ള ചില ബന്ധങ്ങളാണ് മിശ്രവിവാഹം. മിശ്രവിവാഹതരുടെ മക്കളെ മിശ്രവിവാഹിതരാക്കാൻ മടിക്കുന്ന മിശ്രവിവാഹിതരായ രക്ഷിതാക്കൾ ഉണ്ട്. ചുരുക്കി പറഞ്ഞാൽ അണ്ടിയോട് അടുക്കുമ്പോഴാണ് മാങ്ങയുടെ പുളിപ്പ് അറിയുന്നത്. അവനവനുണ്ടാകുന്ന വിവാഹബന്ധങ്ങൾക്ക് ജാതിയും മതവും നിർബന്ധം പിടിക്കുന്നവർ ഇതിന്റെ പേരിൽ വാശിയിൽ വൈരാഗ്യവും സൃഷ്ടിക്കുന്നു. അനുഭവം കൊണ്ട് മിശ്രവിവാഹിതനായ ഞാൻ എന്റെ മകളുടെ വിവാഹ അന്വേഷണത്തിന് വന്ന മിശ്രവിവാഹിതരുടെ ദമ്പതികൾക്ക് അവരുടെ അച്ഛന്റെയോ അമ്മയുടെയോ ജാതിയിൽപെട്ട കുട്ടിയായിരിക്കണം എന്ന് നിർബന്ധമുള്ള കൂട്ടത്തിലാണ്. ഈ തീരുമാനത്തിന് എനിക്ക് യോജിപ്പില്ലാത്തതിനാൽ മിശ്രവിവാഹിതരുടെ മകന് കൊടുക്കുവാൻ ഞാൻ തയ്യാറായില്ല. മകൾക്ക് വിദ്യാഭ്യാസവും കാണാൻ വലിയ തെറ്റുമില്ല. ഈ സ്ഥിതിക്ക് ധാരാളം കല്യാണാലോചനകൾ വന്നിരുന്നു. യാദൃശ്ചികമായി ഭാര്യയുടെ സമുദായത്തിൽ വന്ന ഒരു കൂട്ടർ വന്ന് അന്വേഷിച്ചു. കുട്ടിയുടെ അച്ഛനും അമ്മയും മിശ്രവിവാഹിതരാണെന്ന് ആദ്യമേ തുറന്ന് പറഞ്ഞു. വന്നവർ വിദ്യാഭ്യാസമുള്ളവരും സംസ്കാരമുള്ളവരുമാണെന്ന് മനസ്സിലായി. അതിന്റെ പേരിൽ ഞങ്ങൾ സമ്മതം മൂളി. വന്ന പാർട്ടിക്ക് ഒരു പ്രശ്നവുമില്ലെന്ന് പറഞ്ഞു. അതുകൊണ്ട് നല്ല നിലയിൽ വിവാഹം കഴിച്ചുകൊടുത്തു. ജാതിയും മതവും ഇല്ലാതാക്കണമെങ്കിൽ മിശ്രവിവാഹത്തിൽ കൂടിയേ കഴിയുകയുള്ളൂ എന്ന് പറയുമ്പോൾ പിന്നെ എന്തിന് ഏതെങ്കിലും വാലുള്ള സമുദായം വേണം എന്ന് മിശ്രവിവാഹിതരും വാശി പിടിക്കുന്നു. ആദർശവും പ്രവൃത്തിയും രണ്ട് തട്ടിലുള്ളപ്പോൾ എവിടെയാണ് ജാതിയും മതവും ഇല്ലായ്മ ചെയ്യുന്നത്. മൈക്കിന്റെ മുന്നിൽ ആദർശങ്ങൾ


തട്ടിവിടുന്നത് പോലെ ജീവിതത്തിൽ പകർത്താൻ കഴിയുകയില്ലെന്നുള്ളതാണ് സത്യം. ജാതിയും മതവും തുടച്ചുനീക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. നൂറ് ശതമാനവും പ്രണയത്തിൽ കൂടി മാത്രമാണ് മിശ്രവിവാഹിതരാകുന്നത്. സ്വതവേ ആരും മറ്റൊരു സമുദായത്തിൽ നിന്ന് വിവാഹം കഴിക്കാം എന്ന് ആഗ്രഹിക്കാറില്ല. ജാതിയും മതവും നോക്കാതെയും അറിയാതെയും പ്രണയിച്ചതുപോലെ തന്നെ ജാതിയും മതവും നോക്കാതെയും ജീവിക്കുകയും വേണം. ഇതാണ് യഥാർത്ഥ മിശ്രവിവാഹം. മിശ്രവിവാഹം കഴിച്ചവർ ഒരുപക്ഷേ ഒരു ജാതിയിൽപ്പെട്ടവരായിരിക്കും. ആണോ പെണ്ണോ സാഹചര്യത്തിന്റെ സമ്മർദ്ദത്തിൽ മതം സ്വീകരിച്ചവരായിരിക്കും. ഏത് ജാതിയായാലും മതമായാലും മനുഷ്യനാണെന്ന് കരുതണം. ഇത്തരക്കാരുടെ ഇടയിൽ സാമ്പത്തിക പ്രശ്നവും ഉണ്ട്. പണം പന്തിയിലെ ഗുണം കുപ്പയിലെ എന്നൊരു പഴമൊഴിയുണ്ട്. എത്ര നല്ല വ്യക്തിയാണെങ്കിലും വിദ്യാഭ്യാസ യോഗ്യത ഉണ്ടെങ്കിലും പണം ഇല്ലാത്തതിന്റെ പേരിൽ തരം താഴ്ത്തപ്പെടുന്നു. പണം ആളെക്കൊല്ലിയാണെന്ന് പാക്കനാർ പറഞ്ഞത് എത്ര ശരിയാണ്. ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നതും ഇതു തന്നെയല്ലെ. പണത്തിന് വേണ്ടി കളവ്, ചതിവ്, കൊല എന്ന് വേണ്ട എല്ലാവിധത്തിലും കാട്ടിക്കൂട്ടുന്ന പ്രക്രിയകൾ ഇന്ന് നടമാടിക്കൊണ്ടിരിക്കുന്നു. പണം എന്നത് ഒരു വിരുന്നുകാരനാണെന്നുള്ള ഓർമ്മ പലർക്കും ഇല്ല. പണം ഇന്ന് എന്റെ കൈയിൽ ആണെങ്കിൽ നാളെ നിങ്ങളുടെ കൈയിൽ എത്തും. ഓരോരുത്തർക്കും പണം ഉണ്ടാക്കാൻ ഓരോ വഴികൾ എന്നുമാത്രം. പണമുള്ളവരുടെ ആഗ്രഹങ്ങൾ തങ്ങളെ മുതലാളി പണക്കാരൻ, ലക്ഷപ്രഭു, കോടീശ്വരൻ, ധനാഢ്യൻ എന്നീ സ്ഥാനപ്പേരുകൾക്ക് വേണ്ടിയുള്ള നെട്ടോട്ടമാണ്. സാമ്പത്തിക കഴിവുകൾ ഇല്ലാത്തതിന്റെ പേരിൽ ഭാര്യയും മക്കളും മാനസികമായി പീഡിപ്പിക്കുകയും വെറുക്കുകയും ചെയ്യുന്ന അവസ്ഥകൾ ഇന്ന് ധാരാളം ഉണ്ട്. ബന്ധുക്കളും സ്വന്തക്കാരും അന്യരെപ്പോലെ കാണുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഈ കാരണത്താൽ അഭിമാനത്തിന്റെ പേരിൽ ആത്മഹത്യ ചെയ്യുകയോ നാടുവിടുകയോ വിവാഹബന്ധം വേർപെടുത്തുകയോ ചെയ്യുന്നത് കൊണ്ട് എത്രയെത്ര കുടുംബബന്ധങ്ങൾ തകരുന്നു. സാമ്പത്തികത്തിന്റെ പേരിൽ പ്രണയിച്ചവരെ കൊല്ലുന്ന അവസ്ഥകൾ എല്ലാതരത്തിലും ഒറ്റപ്പെട്ടു കഴിയുന്നവരും ഉണ്ട്. പല ആശ്രമങ്ങളിലും സന്യാസി വേഷത്തിൽ കഴിയുന്നവർ ഇക്കാരണത്താൽ ഉണ്ട്. ഇല്ലായ്മയിൽ വളർന്നവർ കാലക്രമേണ പണക്കാരാകുമ്പോൾ വന്ന വഴികൾ മറന്ന് ജീവിക്കുന്നു. ഇവർ കഴിവില്ലാത്തവരെ പുച്ഛിച്ച് തരം താഴ്ത്തുന്നു. ഇവരുടെ ജീവിതം മാനംകെട്ട് പണം ഉണ്ടാക്കിയാൽ പണം മാനത്തെ ഉണ്ടാക്കുന്നു. ഇത്തരത്തിൽ മാനത്തെ ഉണ്ടാക്കിയവർക്ക് പിച്ചച്ചട്ടിയെടുക്കേണ്ടിവരും. പിച്ചച്ചട്ടി എന്നൊരു ചട്ടിയില്ല. എങ്കിലും കൊഞ്ചൻ തുള്ളിയാൽ മുട്ടോളം, പിന്നെ തുള്ളിയാൽ ചട്ടിയോളം, അന്നേരം വേണ്ടിവരും പിച്ചച്ചട്ടിയെന്നോർക്കുക. സമ്പന്ന വീട്ടിൽ നിന്നും വിവാഹം കഴിച്ച സാമ്പത്തികശേഷി കുറഞ്ഞവരുടെ നീണ്ട കഥകൾ ധാരാളമുണ്ട്. ഭാര്യ സുന്ദരിയാണെങ്കിലും റെയിൽവേ സ്റ്റേഷനിൽ അന്തിയുറങ്ങുന്ന ഭിക്ഷക്കാരിയോടാണ് സ്നേഹം തോന്നുക. അതാണ് ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ●

**അറിയിപ്പ്**

**രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.**

**എഡിറ്റർ**





സുരേഷ് തെക്കീട്ടിൽ
9446330957



# ഗ്രന്ഥാവലോകനം

**"ഈ** ഗ്രന്ഥാവലോകനം ഇതുപോലെ തന്നെ കൊടുക്കണോ സാർ ?"

"ഉം... എന്താ തനിക്കൊരു സംശയം ?"

"സംശയം കൊണ്ടല്ല സാർ എഴുതി തുടങ്ങുന്ന ഒരാളല്ലേ... പ്രോത്സാഹിപ്പിച്ചില്ലെങ്കിലും..."

"എടോ ഗ്രന്ഥാവലോകനം തമാശക്കളിയല്ല. ഇവനെയൊക്കെ വെറുതെ പൊക്കി വെച്ചാൽ നാളെ താഴെയിറക്കാൻ നമ്മൾ പെടാപ്പാട് പെടേണ്ടിവരും."

"അല്ല സാർ എന്നാലും..."

"ഒരു എന്നാലുമില്ല സത്യസന്ധമായി ചെയ്തിട്ടുണ്ട്. എന്റെ കാഴ്ച്ചപ്പാടനുസരിച്ച്. അതിൽ ഇനി ഒന്നും മാറ്റാനില്ല ചേർക്കാനും. പിന്നെ നിന്റെ ബന്ധുവോ പരിചയക്കാരനോ ഒന്നുമല്ലല്ലോ. ആണെങ്കിലും നമ്മൾ അതിലൊന്നും വീഴരുത്."

"അതൊന്നുമല്ല സാർ. ഒന്നു രണ്ടു തവണ കണ്ടിട്ടുണ്ട്. ഇങ്ങോട്ട് വന്ന് സംസാരിച്ചിട്ടുണ്ട് അത്ര മാത്രം. സാറിനെ പറ്റി പറയുമ്പോൾ നൂറു നാവാ... എന്തൊരു വിനയം... ബഹുമാനം..."

"അതുകൊണ്ടൊന്നും കാര്യമില്ല കേട്ടോ. ഒക്കെ അഭിനയം അല്ലാതെന്ത്, എന്തായാലും നീ വന്നു പറഞ്ഞതല്ലേ. പരിഗണിച്ചില്ല എന്നു വേണ്ട. അതിങ്ങ് തന്നേക്ക്. മാറ്റി എഴുതിയേക്കാം." ●



ഡോക്ടർ (മേജർ) നളിനി ജനാർദ്ദനൻ
പൂന, മഹാരാഷ്ട്ര
09372001678, 09923911865

# ഡെങ്കിപ്പനി എന്ന ഭയം

മഹാരാഷ്ട്രയിൽ (മുംബൈയിലും മറ്റും) ഡെങ്കിപ്പനി കൊണ്ട് കുട്ടികളും മുതിർന്നവരും മരിക്കുന്നതായി വാർത്തയിൽ കണ്ടിരിക്കുമല്ലോ. കേരളത്തിലും ഡെങ്കിപ്പനിയുടെ ആക്രമണം മിക്കവാറും എല്ലാവർഷവും കാണാറുണ്ട്. കുറച്ചു കാലമായി ലോകമൊട്ടാകെ ഡെങ്കിപ്പനിയുടെ നിരക്ക് വർദ്ധിച്ചിരിക്കുകയാണ്. WHOയുടെ കണക്കുപ്രകാരം 50 ലക്ഷം മുതൽ 100 ലക്ഷം വരെ ഡെങ്കിപ്പനി രോഗികൾ ലോകത്ത് എല്ലാ വർഷവും ഉണ്ടാവുന്നുണ്ടത്രേ. ലോകജനതയുടെ ഏകദേശം 40 ശതമാനം പേർക്ക് (അതായത് 2.5 ബില്ല്യൺ ജനങ്ങൾ) ഡെങ്കിപ്പനി പിടിപെടാൻ സാധ്യതയുണ്ടെന്നും WHO പറയുന്നു. മാരകമായ ഈ രോഗത്തെക്കുറിച്ച് കൂടുതലറിയാം.

### *എന്താണീ ഡെങ്കിപ്പനി ?*

ഡെങ്കിപ്പനി (Dengue Fever) സാധാരണ പനി പോലെയുള്ള ഒരു രോഗമാണ്. രോഗി കുറച്ചുദിവസങ്ങൾകൊണ്ട് സുഖം പ്രാപിക്കും. മരിക്കുന്നത് അപൂർവ്വമാണ്. ഇതിനെ ക്ലാസ്സിക്കൽ ഡെങ്കിപ്പനി എന്നുപറയപ്പെടുന്നു. പക്ഷേ സങ്കീർണ്ണതകൾ ഉണ്ടാവുകയും മരണത്തിനിടയാക്കുകയും ചെയ്യുന്നതരം ഡെങ്കിപ്പനി (Severe Dengue അഥവാ ഗുരുതരമായ ഡെങ്കിപ്പനി) ഉണ്ടായാൽ മരണനിരക്ക് വളരെയധികം കൂടുന്നു.

ഡെങ്കിപ്പനി ആദ്യമായി കണ്ടുപിടിച്ചത് 1780കളിൽ ഏഷ്യ, ആഫ്രിക്ക, വടക്കേ അമേരിക്ക എന്നീ രാജ്യങ്ങളിലാണ്. ഇന്ത്യയിൽ ഇതാദ്യമായി കാണപ്പെട്ടത് 1963ൽ കല്ക്കത്തയിലാണ്. ഗുരുതരമായ ഡെങ്കിപ്പനിയുടെ ഒരു വകഭേദമായ ഹെമറേജിക് ഡെങ്കിപ്പനി 1950കളിൽ ഫിലിപ്പൈൻസ്, തായ്‌ലൻഡ് എന്നിവിടങ്ങളിൽ ആദ്യമായി കണ്ടുപിടിച്ചു.

### *രോഗകാരണം*

ഡെങ്കിപ്പനി ഉണ്ടാക്കുന്നത് ഒരുതരം ഫ്ളാവിവൈറസ്സുകൾ (Flavi Virus) ആണ്. ഇത് നാല് വിഭാഗങ്ങളിൽ കാണപ്പെടുന്നു. DEN1, DEN-2, DEN-3, DEN-4. ഈ വൈറസ്സ് പകരുന്നത്, ഈഡിസ് ഈജിപ്റ്റി (Aedes aegypti) എന്നുവിളിക്കപ്പെടുന്ന ഒരു കൊതുകുവഴിയാണ്. ഈ കൊതുകിന്റെ കാലുകളിൽ കറുപ്പും വെളുപ്പും വരകളുള്ളതിനാൽ ഇതിനെ പുലി കൊതുക് (Tiger Mosquito) എന്നും വിളിക്കാറുണ്ട്. ഈയിടെയായി ഈഡിസ് അൽ ബോപിക്ടസ് (Aedes albopictus) എന്ന് പേരുള്ള ഒരുതരം കൊതുകും ഡെങ്കിപ്പനി പരത്തുന്നതായി കണ്ടുപിടിച്ചിട്ടുണ്ട്. ഈഡിസ് കൊതുകുകൾ സാധാരണയായി പകൽസമയത്താണ് മനുഷ്യരെ കടിക്കുക. രാവിലെയും സന്ധ്യയ്ക്ക് മുമ്പുമാണ് കടിക്കാൻ കൂടുതൽ സാധ്യത.

ഡെങ്കിപ്പനി ബാധിച്ച ഒരു രോഗിയെ ഈ കൊതുക് കടിക്കുമ്പോൾ വലിച്ചെടുക്കുന്ന രക്തത്തിലൂടെ ഡെങ്കിവൈറസ്സ് കൊതുകിന്റെ ശരീരത്തിലെത്തുന്നു. 8-10 ദിവസങ്ങൾ കൊണ്ട് വൈറസ്സ് കൊതുകിന്റെ ശരീരത്തിൽ വളർന്നുപെരുകുന്നു. ഇത്തരം കൊതുകിന് ജീവിതകാലം മുഴുവൻ ഡെങ്കിപ്പനി പരത്താൻ കഴിയും. ഒരു സാധാരണ വ്യക്തിയെ ഇത്തരം കൊതുക് കടിക്കുമ്പോൾ അയാളുടെ ശരീരത്തിൽ ഡെങ്കിവൈറസ്സ് കടന്നുകൂടുന്നതിനാൽ അയാൾക്ക് ഡെങ്കിപ്പനിയുണ്ടാവുന്നു. കൊതുകുകടിച്ച് 4-10 ദിവസങ്ങൾക്കകം ലക്ഷണങ്ങൾ കണ്ടുതുടങ്ങും. ഈ ലക്ഷണങ്ങൾ 2-7 ദിവസങ്ങൾ വരെ നീണ്ടുനില്ക്കും. സാധാരണയായി മഴക്കാലത്തിന് തൊട്ടുശേഷമാണ് (ജൂലൈ മുതൽ നവംബർ വരെ) ഈ രോഗം കൂടുതലായി കാണപ്പെടുന്നത്.

കൊതുക് വഴി മാത്രമാണ് ഇത് പകരുന്നത്. ഡെങ്കിപ്പനി മനുഷ്യരിൽ നിന്ന് നേരിട്ട് മനുഷ്യരിലേക്ക് പകരില്ല.

### *വിവിധതരത്തിൽ ഡെങ്കിപ്പനി.*

ഡെങ്കിപ്പനി പലതരത്തിലുണ്ട്. പ്രകടമായ ലക്ഷണങ്ങൾ ഉള്ളവയും ഇല്ലാത്തവയും. രോഗലക്ഷണങ്ങൾ ഉള്ള തരത്തിൽ പെട്ട ഡെങ്കിപ്പനിയെ മൂന്നായി തരം തിരിക്കാം.

1) ക്ലാസ്സിക്കൽ ഡെങ്കിപ്പനി
2) ഷോക്കില്ലാത്ത ഹെമറേജിക് ഡെങ്കിപ്പനി (Dengue Haemorrhagic Fever without Shock
3) ഷോക്കുള്ള ഹെമറേജിക് ഡെങ്കിപ്പനി (Dengue Haemorrhagic Fever with Shock അഥവാ Dengue Shock Syndrome-DSS)

### ക്ലാസ്സിക്കൽ ഡെങ്കിപ്പനി (Classical Dengue Fever)

തുടക്കത്തിൽ സാധാരണ പനിയുടെ ലക്ഷണങ്ങളായതിനാൽ ഇത് തിരിച്ചറിയാൻ പലപ്പോഴും വൈകുന്നു. ജലദോഷപ്പനി, ടൈഫോയ്ഡ്, എലിപ്പനി തുടങ്ങിയ പനികളുടെ ലക്ഷണങ്ങളുമായി ഇതിന്റെ ലക്ഷണങ്ങൾക്ക് സാമ്യം കാണാറുണ്ട്.

#### ലക്ഷണങ്ങൾ

- നേർത്ത പനി തുടങ്ങും. പിന്നെ ഇടവിട്ട് ശക്തിയായ പനി.
- കടുത്ത തലവേദന.
- കണ്ണുകളുടെ പുറകിൽ വേദന, കണ്ണുകൾ ചലിപ്പിക്കുമ്പോൾ ഈ വേദന കൂടാനും കണ്ണിൽ നിന്ന് വെള്ളംവരാനുമിടയുണ്ട്.
- ഓക്കാനം, ഛർദ്ദി വിശപ്പില്ലായ്മ, വയറുവേദന, മലബന്ധം
- മാംസപേശികളിലും സന്ധികളിലും വേദന. കാലിലെ പേശി

കൾക്ക് വേദന ഉണ്ടാവുമ്പോൾ നടക്കാൻ വിഷമം
- കടുത്ത നടുവേദന
- ശക്തിയായ ക്ഷീണം, തളർച്ച
- 4-5 ദിവസങ്ങൾക്കകം ശരീരത്തിൽചുവന്നുതിണർത്ത പാടുകൾ പ്രത്യക്ഷപ്പെടുന്നു. ഇവ നെഞ്ചിൽ തുടങ്ങി മറ്റ് ശരീര ഭാഗങ്ങളിലേക്ക് വ്യാപിക്കാം. പക്ഷേ കൈവെള്ളകളിലും ഉണ്ടാവാറില്ല.

### ഗുരുതരമായ ഡെങ്കിപ്പനി (Severe Dengue)

ഇത് മാരകമായ രോഗമാണ്. നേരത്തെ വിവരിച്ച ലക്ഷണങ്ങൾക്കുശേഷം 3-7 ദിവസങ്ങൾ കഴിഞ്ഞാൽ ഗുരുതരമായ ഡെങ്കിപ്പനിയുടെ ലക്ഷണങ്ങൾ കാണാം. വൈറസ്സ് നാലുതരത്തിലാണുള്ളത്. ഇവയിൽ ഒന്നിലധികം വൈറസ്സുകൾ ശരീരത്തെ ആക്രമിക്കുകയോ, നേരത്തേ ഡെങ്കിപ്പനി വന്നയാൾക്ക് വീണ്ടും മറ്റൊരു തരത്തിൽപ്പെട്ട ഡെങ്കി വൈറസ്സ് മൂലം പനി വരികയോ, ശരീരത്തിലെ രോഗപ്രതിരോധവ്യവസ്ഥ തകരാറിലാവുകയോ ചെയ്യുമ്പോഴാണ് ഡെങ്കിപ്പനി സങ്കീർണ്ണതകളുള്ള മാരകരോഗമായിത്തീരുന്നത്. സാധാരണ ഡെങ്കിപ്പനി വന്നയാൾക്ക് രോഗം മാറിയശേഷം അതേ വൈറസ്സിനെ എതിർക്കാനുള്ള രോഗപ്രതിരോധശക്തി കിട്ടുമെങ്കിലും മറ്റ് മൂന്ന് തരത്തിലുള്ള വൈറസ്സുകൾ കൊണ്ട് വീണ്ടും രോഗം വരാനിടയുണ്ടല്ലോ. അത്തരം സന്ദർഭത്തിലാണ് ഗുരുതരമായ ഡെങ്കിപ്പനി ഉണ്ടാവുന്നത്.

### *ലക്ഷണങ്ങൾ*

ഹെമറേജിക് ഡെങ്കിപ്പനിയുടെ പ്രധാനലക്ഷണങ്ങൾ ഇവയാണ്:
- ശക്തിയുള്ളതും നീണ്ടു നില്ക്കുന്നതുമായ വയറുവേദന
- തണുത്ത് വിളർത്ത ചർമ്മം
- ഇടക്കിടെ ഛർദ്ദി, ഛർദ്ദിലിൽ ചിലപ്പോൾ രക്തം കാണും.
- കുട്ടികളാണെങ്കിൽ അവർ നിർത്താതെ കരയും.
- അമിതമായ ദാഹം, തൊണ്ട വരൾച്ച
- ഉറക്കം തൂങ്ങുന്ന അവസ്ഥ, അസ്വസ്ഥത, ക്ഷീണം
- മോണ, വായ, മൂക്ക് എന്നിവിടങ്ങളിൽ നിന്നു രക്തസ്രാവം
- ശ്വാസതടസ്സം, വേഗത്തിൽ ശ്വാസമെടുക്കുക.

രോഗിയുടെ അവസ്ഥ 2-4 ദിവസങ്ങൾക്കകം ഗുരുതരമാവുന്നു. രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ എണ്ണം വളരെയധികം കുറയുന്നതിനാൽ ചർമ്മത്തിനടിയിലും കണ്ണിനുള്ളിലും മോണ, വായ, മൂക്ക് എന്നിവിടങ്ങളിൽ നിന്നും രക്തസ്രാവമുണ്ടാവാം. രക്തം കട്ട പിടിക്കുന്ന വ്യവസ്ഥ തകരാറിലാവുന്നു. മലം കറുത്ത നിറത്തിൽ പോവുകയും ഛർദ്ദിക്ക് കാപ്പിപ്പൊടിയുടെ നിറം കാണുകയും ചെയ്യുന്നു (വയറ്റിനുള്ളിൽ രക്തസ്രാവം കൊണ്ട്)

### *ഡെങ്കി ഷോക്ക് സിൻഡ്രോം*

ഇത് ഗുരുതരമായ ഒരു അവസ്ഥയാണ്. അടിയന്തിര ചികിത്സ ലഭിച്ചില്ലെങ്കിൽ രോഗി മരിച്ചുപോകും. ദാഹം കൂടുതലാവുക, ക്ഷീണം, തളർച്ച, തണുത്ത ചർമ്മം, അസ്വസ്ഥത, ശ്വാസതടസ്സം എന്നീലക്ഷണങ്ങൾ കാണാം. കഠിനമായ രക്തസ്രാവം, ശ്വാസമെടുക്കാൻ വളരെ ബുദ്ധിമുട്ട് എന്നിവയും ക്രമേണ രക്തസമ്മർദ്ദം വളരെ കുറഞ്ഞ് 'ഷോക്ക്' എന്ന അവസ്ഥയും അബോധാവസ്ഥയും ഉണ്ടാവാം. ശരീരത്തിലെ അവയവങ്ങളുടെ പ്രവർത്തനം സ്തംഭിച്ചുപോകുകയും രോഗി മരിച്ചുപോവുകയും ചെയ്യുന്നു.

### *രോഗനിർണ്ണയം*

ലക്ഷണങ്ങൾ കണ്ടാൽ ഡെങ്കിപ്പനിയാണോ എന്ന് സംശയം തോന്നാമെങ്കിലും രക്തപരിശോധന നടത്തിയാൽ രോഗനിർണ്ണയം ചെയ്യാം. പരിശോധന നടത്തിയാൽ വൈറസ്സ് രക്തത്തിൽ കാണപ്പെടുന്നു. രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ എണ്ണം വളരെയധികം കുറയുന്നതായും കാണാം.

### *ചികിത്സ*

ഡെങ്കിപ്പനിയ്ക്ക് പ്രത്യേകമായ മരുന്നൊന്നും കണ്ടുപിടിച്ചിട്ടില്ല. ലക്ഷണങ്ങൾക്കനുസരിച്ചുള്ള ചികിത്സയും മറ്റു പരിചരണങ്ങളും രോഗിക്ക് നല്കുന്നു. രോഗി പൂർണ്ണ വിശ്രമം എടുക്കേണ്ടതാണ്. ധാരാളം വെള്ളവും മറ്റ് പാനീയങ്ങളും കുടിക്കണം. പനി കുറയാനുള്ള പാരസെറ്റമോൾ ഗുളിക കൊടുക്കാം. പക്ഷേ വേദനസംഹാരി മരുന്നുകളായ ആസ്പിരിൻ, ബ്രൂഫെൻ തുടങ്ങിയ മരുന്നുകൾ ഒരിക്കലും കൊടുക്കരുത്. ഇത്തരം മരുന്നുകൾ രക്തം കട്ടപിടിക്കുന്ന വ്യവസ്ഥ തകരാറിലാക്കുന്നതിനാൽ രോഗിക്ക് രക്തസ്രാവമുണ്ടാവാൻ സാധ്യത കൂടുന്നു.

ഡെങ്കിപ്പനി കൂടുതൽ ഗുരുതരമാവുകയോ 'ഷോക്ക്' എന്ന അവസ്ഥയിലെത്തുകയോ ചെയ്താൽ അതിനുള്ള ചികിത്സ ഉടനെ നല്കേണ്ടിവരും. ഷോക്ക് എന്നത് അടിയന്തിര ചികിത്സ കൊടുക്കേണ്ട ഗുരുതരാവസ്ഥയാണ്. രക്തം, പ്ലാസ്മ, പ്ലേറ്റ്ലെറ്റ്സ് എന്നിവയും രക്തസമ്മർദ്ദം കുറഞ്ഞിട്ടുണ്ടെങ്കിൽ അത് ഉയർത്താനുള്ള മരുന്നുകളും ശരീരത്തിലെ നഷ്ടപ്പെട്ട ദ്രാവകങ്ങൾ തിരിച്ചുകൊടുക്കാനുള്ള IV Fluid കളും രോഗിക്ക് നല്കേണ്ടിവരും. അതുകൊണ്ട് രോഗിയെ ഉടനെ ആശുപത്രിയിലെത്തിക്കണം.

### *ഡെങ്കിപ്പനി തടയുന്നതെങ്ങിനെ?*

ഡെങ്കിപ്പനി തടയാനുള്ള പ്രതിരോധവാക്സിൻ ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. ഡെങ്കിപ്പനി പരത്തുന്ന കൊതുകുകളെ നശിപ്പിക്കുകയും കൊതുക് വളരാതെ നോക്കുകയും ചെയ്യുന്നതാണ് ഡെങ്കിപ്പനി തടയാനുള്ള ഏകമാർഗ്ഗം.

### *കൊതുക് വളരുന്നത് തടയുക*

വീടും പരിസരവും വൃത്തിയായി വെക്കുക, ടാങ്കുകളും കിണറുകളും മൂടിവെക്കുക, വെള്ളം കെട്ടിക്കിടക്കുന്നത് തടയുക, പഴയ ടയർ, തകരട്ടിന്നുകൾ, പൊട്ടിയ പൂച്ചട്ടികൾ എന്നിവ വീട്ടിന് പുറത്ത് കൂട്ടിയിടാതിരിക്കുക, വെള്ളം കെട്ടിക്കിടന്നാൽ അതിൽ കൊതുകിന്റെ ലാർവകൾ വളരാനിടയാകും. ഉപയോഗിക്കാത്ത പാത്രങ്ങൾ കമഴ്ത്തിവെക്കുക, വളർത്തുമൃഗങ്ങൾക്കും പക്ഷികൾ

ക്കും വെള്ളമൊഴിച്ചുവെക്കുന്ന പാത്രങ്ങളിലെ വെള്ളം ഇടക്കിടെ മാറ്റണം, വീട്ടിൽ വെള്ളം ശേഖരിച്ചുവെക്കുന്ന പാത്രങ്ങൾ ആഴ്ചയിലൊരിക്കൽ വെള്ളം മാറ്റിക്കളഞ്ഞ് തുടച്ചുണക്കി വെക്കുക, പുറത്ത് വെള്ളം കെട്ടിക്കിടക്കുന്ന കുഴികൾ മണ്ണിട്ടു മൂടുക, വീട്ടിനകത്തും പുറത്തും കൊതുകിനെതിരായ മരുന്നുതളിക്കുക.

### *കൊതുകുകടിയിൽ നിന്നു രക്ഷപ്പെടുക*

വീട്ടിനു പുറത്തുപോകുമ്പോൾ ശരീരം നന്നായി മൂടുന്ന തരത്തിലുള്ള വസ്ത്രങ്ങൾ, സോക്സ്, ഷൂസ് എന്നിവ ധരിക്കുക, പുറത്തേക്ക് തുറക്കുന്ന വാതിലുകളിലും ജനലുകളിലും കൊതുക് അകത്തുവരുന്നത് തടയുന്ന ഇരുമ്പുവല പിടിപ്പിക്കുക, ഉറങ്ങുമ്പോൾ കൊതുകുവല ഉപയോഗിക്കുക (പകലുറങ്ങുമ്പോഴും), കൊതുകിനെ അകറ്റാനുള്ള മരുന്നുകൾ (കൊതുകുതിരി, കൊതുകിനെ അകറ്റുന്ന മരുന്നുള്ള വൈദ്യുതോപകരണങ്ങൾ, ശരീരത്തിനു പുറത്തു പുരട്ടാവുന്ന ക്രീമുകൾ) എന്നിവ ഉപയോഗിക്കുക, സന്ധ്യനേരത്ത് വാതിലുകളും ജനലുകളും തുറന്നിടാതിരിക്കുക (കൊതുക് വരുന്നത് തടയാൻ)

ഡെങ്കിപ്പനിയാണോ എന്ന് സംശയിക്കാവുന്ന ലക്ഷണങ്ങൾ കണ്ടാൽ ഉടനെ ഡോക്ടറെ കാണിച്ച് ചികിത്സ തുടങ്ങണം. വീട്ടിലെ കുടുംബാംഗങ്ങൾക്കോ അയൽക്കാർക്കോ ഡെങ്കിപ്പനി ഉണ്ടെങ്കിൽ പ്രത്യേകം ശ്രദ്ധിക്കണം. കൊതുക് വഴി അത് നിങ്ങൾക്കും പകരാനിടയുണ്ടെന്ന് ഓർമ്മിക്കുക. ഗുരുതരമായ ഡെങ്കിപ്പനി വന്നാൽ അടിയന്തിര ചികിത്സയ്ക്കായി രോഗിയെ ആശുപത്രിയിലെത്തിക്കാൻ ശ്രദ്ധിക്കുക. ●

**ഏക തത്ത്വയിലേയ്ക്ക് മികവുറ്റ സൃഷ്ടികൾ അയച്ചുതരിക.**

**വരിസംഖ്യ എടുത്തും വരിസംഖ്യ യഥാസമയം പുതുക്കിയും സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**




# പശ്ചാത്താപം



**ബിന്ദു. കെ**
**9446422321**

**ഗാ**ന്ധിജിയെ വഴിതെറ്റിച്ച ഒരു സുഹൃത്തിനെക്കുറിച്ച് മുൻലക്കത്തിൽ എഴുതിയിരുന്നല്ലോ. അയാളുടെ സത്യസന്ധതയെപ്പറ്റി ഗാന്ധിജിക്ക് സംശയമില്ലായിരുന്നു. ഈ വിശ്വാസം ആ സ്നേഹിതനുമായുള്ള ബന്ധത്തിന്റെ തിന്മയെ മനസ്സിലാക്കാൻ ഗാന്ധിജിക്ക് സാധിച്ചില്ല. അതുകൊണ്ട് കയ്പേറിയ കഷായം പിന്നേയും ഒട്ടേറെ കുടിക്കേണ്ടിവന്നു. ഗാന്ധിജിക്ക് ഭാര്യയുമായി നിരന്തരം അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. അതിലെ ഒരു കാരണം ഇയാളുമായുള്ള കൂട്ടുകെട്ടായിരുന്നു. തീവ്രസ്നേഹവും അസഹിഷ്ണുതയുമുള്ള ഭർത്താവായിരുന്നു ഗാന്ധിജി. തന്റെ ഭാര്യയെ പറ്റി തോന്നിയ സംശയത്തെ ആ സ്നേഹിതൻ ആളിക്കത്തിച്ചു. അയാൾ അറിയിച്ചത് മുൻനിർത്തി ഗാന്ധിജി ഭാര്യയെ പലപ്പോഴും വേദനിപ്പിച്ചു. അങ്ങനെ ഹിംസ പ്രവർത്തിച്ചതിന് ഗാന്ധിജി ഒരിക്കലും സ്വയം പൊറുത്തിട്ടില്ല. ഒരുപക്ഷെ ഒരു ഹിന്ദു പത്നി മാത്രമേ അത്തരം കഷ്ടതകൾ പൊറുക്കൂ എന്ന് അദ്ദേഹം കരുതി. അതുകൊണ്ട് സ്ത്രീയെ സഹനത്തിന്റെ ഒരു അവതാരമായി ഗാന്ധിജി കണ്ടിരുന്നു. അകാരണമായി സംശയിക്കപ്പെട്ട ജോലിക്കാരൻ ജോലി കളഞ്ഞിട്ടുപോയെന്നുവരും, പുത്രൻ ഇക്കാരണത്താൽ പിതൃഭവനം ഉപേക്ഷിച്ചേക്കും, ഭർത്താവിൽ സംശയം തോന്നിയ ഭാര്യയാകട്ടെ നിശ്ശബ്ദയായിരിക്കും. പക്ഷേ ഭർത്താവ് അവളെ സംശയിച്ചാലോ ? നശിച്ചതുതന്നെ. അവൾ എങ്ങോട്ടുപോകും? ഒരു ഹിന്ദു ഭാര്യ വിവാഹമോചനത്തിന് കോടതിയെ സമീപിക്കാനിടയില്ലെന്നും അവൾക്ക് നിയമം ഒരു പ്രതിവിധിയല്ലെന്നും അദ്ദേഹം മനസ്സിലാക്കി. തന്റെ ഭാര്യയെ അത്തരമൊരു നിരാശയിലാഴ്ത്തിയത് ഗാന്ധിജിക്ക് ഒരിക്കലും പൊറുക്കാനോ മറക്കാനോ സാധിച്ചിട്ടില്ല. അഹിംസയുടെ അർത്ഥവ്യാപ്തി ആഴത്തിൽ ഗ്രഹിച്ചപ്പോൾ മാത്രമാണ് ഗാന്ധിജിക്ക് ആ സംശയത്തിന്റെ പുണ്ണ് നീക്കിക്കളയാൻ കഴിഞ്ഞത്. അതോടെ ബ്രഹ്മചര്യത്തിന്റെ മഹത്വവും മനസ്സിലായി. ഭാര്യ ഭർത്താവിന്റെ അടിമയല്ല മറിച്ച് സുഹൃത്തും സഹായിയും സുഖദുഃഖങ്ങളിൽ തുല്യ പങ്കാളിയും താനിഷ്ടപ്പെടുന്ന വഴി തിരഞ്ഞെടുക്കാൻ ഭർത്താവിനോളം സ്വാതന്ത്ര്യമുള്ളവളുമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ആ സ്നേഹിതന്റെ ചില അപ്രതീക്ഷിത വൈകല്യങ്ങൾ ഗാന്ധിജി നേരിട്ട് കണ്ടപ്പോഴാണ് ഗാന്ധിജിയുടെ കണ്ണ് തുറന്നത്. സംശയങ്ങളുടേതായ ആ ഇരുണ്ട ദിനങ്ങളെക്കുറിച്ചോർക്കുമ്പോഴെല്ലാം തന്റെ മൗഢ്യത്തേയും കാമാർത്തമായ ക്രൂരതയേയും പറ്റി ഗാന്ധിജിക്ക് അറപ്പുതോന്നുകയും ആ സ്നേഹിതനെ കണ്ണടച്ചുവിശ്വസിച്ചതിൽ ഗാന്ധിജി വിലപിക്കുകയും ചെയ്തു. ●



**നമ്മുടെ ജീവിതങ്ങൾ തന്നെ പുസ്തകങ്ങളാവട്ടെ**

*-മഹാത്മാഗാന്ധി-*

■ മിനിക്കഥകൾ



ഉല്ലല ബാബു
9645267545, 9349793355

### 1. മെത്രാൻ

**മെ**ത്രാനെ സഭയിൽ നിന്നും പുറത്താക്കി. അത്യുന്നതങ്ങളിൽ നിന്നുള്ള തിരുച്ചീട്ട് എത്തി. മെത്രാന് എതിരെയുള്ള ആരോപണങ്ങൾ പലതായിരുന്നു. മെത്രാൻ പുതിയൊരു യേശുവിനെ സൃഷ്ടിച്ചു. കൂട്ടത്തിൽ പുതിയൊരു കുരിശും അരമനയിലെ മാവിൻകൊമ്പത്തിരുന്ന് കിളി ചിലച്ചു. ഇതാണ് വിപ്ലവം. യേശുവും ഒരു വിപ്ലവകാരി ആയിരുന്നു.

### 2.കഴുതയെ ചുമന്ന കുതിര


പെട്രോളിനും ഡീസലിനും വില കത്തിക്കയറി. ജനം പൊറുതി മുട്ടി. അധികാരി, കുതിരപ്പുറത്ത് യാത്ര ചെയ്ത് ജനത്തിന് മാതൃക കാട്ടി. കുതിര അധികാരിയെ നോക്കി ഉവാചः 'നിന്നെപ്പോലെ ഒരു കഴുതയെ ചുമക്കേണ്ട ഗതികേട് എനിക്ക് ഉണ്ടായല്ലോ ?

### 3. ദൈവം രക്ഷിയ്ക്കട്ടെ

കാറുമുട്ടി സൈക്കിൾ യാത്രക്കാരൻ താഴെ വീണു. അയാൾ ഒരുവിധം പിടഞ്ഞെഴുന്നേറ്റു. മുട്ടിയ കാർ നിർത്താതെ പോയി. കാറിന്റെ പുറകിലത്തെ ചില്ലിൽ എഴുതി ഒട്ടിച്ചിരുന്ന വാചകം അയാൾ വായിച്ചെടുത്തു - ദൈവം നിന്നെ രക്ഷിയ്ക്കട്ടെ.

കൃതികളയക്കേണ്ട വിലാസം :
**പോസ്റ്റ്ബോക്സ് നമ്പർ : 70**
**പാലക്കാട് - 678001**

■ സ്മരണ





# എന്റെ അഭിനയ സ്മരണകൾ

മുക്കം ഭാസി
9846138693

ഭാഗം 21

# അമ്മേ... മാപ്പ്...

**മാ**മ്പറ്റ ബ്രദേഴ്സ് ക്ലബ്ബ് വർഷങ്ങളോളം ഞങ്ങൾ കൊണ്ടു നടന്നു. നിരവധി നാടകങ്ങളും അവതരിപ്പിച്ചു. കൂടെയുള്ള ചിലരുടെ നിസ്സഹകരണം മൂലം വാടകയ്ക്കെടുത്ത റൂമിന്ന് മാസങ്ങളോളം കുടിശ്ശികയായി. കെട്ടിട ഉടമസ്ഥൻ എന്നെ സമീപിച്ചു പറഞ്ഞു, "മാഷേ... മാഷക്കാണ് ഞാൻ റൂം തന്നത്. മാഷക്ക് മാത്രം. നടത്താൻ പറ്റില്ലെങ്കിൽ ഒഴിയുകയല്ലെ നല്ലത് !"

ശരിയാണ് എന്നെ വിശ്വസിച്ചുമാത്രമാണ് കെട്ടിടഉടമ റൂം തന്നത്. ഞാനദ്ദേഹത്തിന് വാക്ക് കൊടുത്തതുമാണ് "വാടക തരാൻ പറ്റിയില്ലെങ്കിൽ ആവശ്യപ്പെടുമ്പോൾ റൂം ഒഴിഞ്ഞുതരും."

രണ്ടുമൂന്നുമാസത്തോളം വാടക കൊടുക്കാഞ്ഞിട്ടും അദ്ദേഹമൊന്നും പറഞ്ഞില്ല. ഇപ്പോഴാണ് പറയുന്നത് അത്. ന്യായമാണ്. വാക്കാണല്ലോ പ്രധാനം.

കൂട്ടുകാർക്ക് താൽപര്യമില്ലെങ്കിൽ എനിയ്ക്ക് മാത്രം എന്തിനാണൊരു ക്ലബ്ബ് ? ഞാൻ കെട്ടിട ഉടമയെ സമീപിച്ചു, " ഇതാ താക്കോൽ. ക്ലബ്ബിൽ നാലു സ്റ്റൂളും ഒരു കാരം ബോർഡുമുണ്ട്. തരാനുള്ള വാടകയിൽ അത് വരവ് ചേർക്കൂ !" സന്തോഷത്തോടെ അയാൾ താക്കോൽ തിരിച്ചുവാങ്ങി.

എന്നിലുള്ള കലാകാരന് അടങ്ങി നിൽക്കാനായില്ല. കലാരംഗത്ത് എന്തെങ്കിലും ചെയ്തു കൊണ്ടിരിക്കണം എന്ന ചിന്ത എന്നെ അസ്വസ്ഥനാക്കി. വിശ്വസ്തരായ അഞ്ച് അംഗങ്ങളെ (ഞാനുൾപ്പടെ) ചേർത്ത് മറ്റൊരു ക്ലബ്ബ് രൂപീകരിച്ചു. 'ഭവികാ തിയേറ്റേഴ്സ്' രണ്ടു ഗായകരും മൂന്നു നടന്മാരും. പഴയ കെട്ടിട ഉടമ തന്നെ അദ്ദേഹത്തിന്റെ കെട്ടിടത്തിന്റെ പിൻഭാഗത്തുള്ള ഒരു മുറി ഞങ്ങൾക്ക് സൗജന്യമായി തന്നു.

ഭവികാ തിയേറ്റേഴ്സിന്റെ വാർഷികം ഗംഭീരമാക്കാൻ ഞങ്ങൾ തീരുമാനിച്ചു. അതിനിടയിൽ ഗിറ്റാർ, തബല, ഭരതനാട്യം എന്നിവയ്ക്ക് ക്ലബ്ബുകൾ ആരംഭിയ്ക്കുകയും ചെയ്തു. കലാമണ്ഡലം ചന്ദ്രികയായിരുന്നു ഭരതനാട്യം ക്ലാസ്സെടുത്തിരുന്നത്. കോഴിക്കോട്ടുള്ള സംഗമം തിയേറ്റേഴ്സിലെ സണ്ണി മാഷായിരുന്നു ഗിറ്റാറിസ്റ്റ്.

ഭരതനാട്യത്തിൽ പ്രശസ്തരായ രണ്ടു മൂന്നു പ്രതിഭകളെ വാർത്തെടുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. അതിൽ ഒരുവൾ മാത്രം ഇന്നും കലാക്ഷേത്രവുമായി മുന്നോട്ടുപോകു

ന്നു. വളരെ പ്രശസ്ത നിലയിൽ. ജയശ്രീ ശ്രീധരൻ. ജയശ്രീ ഒരു നർത്തകി മാത്രമല്ല അദ്ധ്യാപികയാണ്. നല്ല നടി കൂടിയാണ്. ഏതാനും ടെലിഫിലുമുകളിൽ മനോഹരമായ വേഷം ചെയ്തിട്ടുമുണ്ട് ജയശ്രീ.

ജയശ്രീയെ കൂടാതെ ശ്രീലേഖ, ഋഷ്മ, രജനി, ഷീന എന്നിവർ ഭരതനാട്യത്തിൽ മിന്നുന്ന പ്രതിഭകളാണ്. ഇവരിൽ ഷീന ഒഴികെ മറ്റുള്ളവരെല്ലാം നല്ല നിലയിൽ ജീവിയ്ക്കുന്നു. ശ്രീലേഖ അമേരിയ്ക്കൻ പൗരത്വം സ്വീകരിച്ചു ഒരു എഞ്ചിനീയറുടെ സഹധർമ്മിണിയായി എഞ്ചിനിയറായി കഴിയുന്നു. ഋഷ്മ ഒരു ബാങ്ക് ഉദ്യോഗസ്ഥയായി എന്റെ നാട്ടിൽ തന്നെയുണ്ട്. രജനി ഒരു കുടുംബിനിയായി കഴിയുന്നു. ഷീനയെ പറ്റി എനിയ്ക്ക് യാതൊരു ധാരണയുമില്ല. ഗിറ്റാർ ക്ലാസ്സിൽ പങ്കെടുത്തവർ ശ്രീരാജ് കുന്നാശ്ശേരിയും അജിത് കുമാറും ആയിരുന്നു. ഇവരൊന്നും ഗിറ്റാറിസ്റ്റുകളായില്ലെങ്കിലും ശ്രീരാജ് ഡോക്ടറായും അജിത് കുമാർ അദ്ധ്യാപകനായും പൊതുരംഗത്തുണ്ട്.

ഒരു നാടകം കളിയ്ക്കൽ മാത്രമല്ലല്ലോ ഇത്തരം ക്ലബ്ബുകളുടെ ഉദ്ദേശ്യം. അത് ഞങ്ങൾ നിർവ്വഹിച്ചിട്ടുണ്ട് എന്ന് കാണിയ്ക്കാനാണ് മേലുദ്ധരിച്ച കാര്യങ്ങൾ പരാമർശിച്ചത്. നാടകമില്ലാത്ത വാർഷികാഘോഷം പായസമില്ലാത്ത സദ്യ പോലെയാണല്ലോ!

ഓംചേരിയുടെ തേവരുടെ ആന എന്ന കഴമ്പുള്ള നാടകം തന്നെ അവതരിപ്പിയ്ക്കാൻ തീരുമാനിച്ചു. നാടക രചയിതാവും, സംവിധായകനും നടനും ഒക്കെയായ വിശ്വം കെ. അഴകത്തിനെ ആ ചുമതലയേൽപ്പിച്ചു. ഞങ്ങളെല്ലാം വിശ്വേട്ടൻ എന്ന് വിളിയ്ക്കുന്ന വിശ്വം കെ. അഴകത്ത് വളരെ പുതുമയോടെ ആ നാടകം സംവിധാനം ചെയ്തു. ഓന്തിനെ പോലെ നിറം മാറുന്ന ഒരു രാഷ്ട്രീയ നേതാവിന്റെ വേഷമായിരുന്നു എനിയ്ക്ക്. പത്താൾ കൂടിയിരിയ്ക്കുന്നത് കണ്ടാൽ മെഗഫോൺ ഉയർത്തി ഇയാൾ പ്രസംഗിച്ചു കളയും. ഭക്തരെ കണ്ടാൽ പ്രസംഗം ഭക്തി നിർഭരം. അവിശ്വാസികളെ അഭിമുഖീകരിച്ച് നാസ്തിക പ്രസംഗം!

നാടകം അരങ്ങേറുന്നത് ഒരു കഥാപ്രസംഗത്തിലൂടെയാണ്. അമ്പലങ്ങളിലെ പ്രധാന എഴുന്നള്ളിപ്പുകാരനായ് കാച്ചാംകുറിശ്ശി കേശവൻ എന്ന ആനയിൽ കൂടിയാണ് നാടകം ഇതൾ വിരിയുന്നത്. ആനയ്ക്ക് കൊടുക്കാനുള്ള ഭക്ഷണത്തുക അടിച്ചുമാറ്റി ആനയെ മരം പിടിയ്ക്കാനും മറ്റും ഉപയോഗിച്ച് പണം തട്ടുന്ന ആനക്കാരനും സിൽബന്തികളുടെയും മറ്റും കഥയാണ് തേവരുടെ ആനയിലേത്.

അവശനായ ആനയെ ഒരിടത്ത് തളച്ചിട്ടിരിയ്ക്കയാണ്. ആനയുടെ അസുഖം പരിശോധിച്ചറിയാൻ വരുന്ന അലോപ്പതി ഡോക്ടറും ജ്യോത്സ്യനുമൊക്കെ വളരെ രസകരങ്ങളായ പ്രവചനങ്ങളാണ് നടത്തുന്നത്. ആനയുടെ മൂക്കിൽ പൊടി കയറാതെ സൂക്ഷിക്കണം എന്നാണ് ഭിഷഗ്വരന്റെ നിർദ്ദേശം. അലർജിയാണ് രോഗം എന്നാണദ്ദേഹത്തിന്റെ കണ്ടുപിടുത്തം. ചെണ്ടമേളം കേൾപ്പിക്കരുത്. നാദസ്വരം കേൾക്കാം എന്നൊക്കെ ഉപദേശിച്ചു മൂപ്പർ സ്ഥലംവിട്ടു.

നേതാവിന് കേശവന്റെ കൂടെ ഒരു ഫോട്ടോ എടുക്കണം. കേശവനെ ചേർന്നുനിന്ന് ഫോട്ടോ എടുക്കുമ്പോൾ കേശവൻ തുമ്പിക്കൈ കൊണ്ട് നേതാവിനെ പിടിച്ച് ഞെരിച്ച് വിടുന്നു. ഒരുവിധം രക്ഷപ്പെട്ട നേതാവ് കരഞ്ഞുകൊണ്ട് പറയുന്നു അവനെന്നെ ഞെരിച്ചുകളഞ്ഞു. ഭാഗ്യം ! കൂടുതലൊന്നും പറ്റിയില്ലല്ലോ. ഈ രസികൻ നാടകത്തിൽ വേഷമിട്ട പ്രഗത്ഭരായ മറ്റു നടന്മാരെ കൂടി ഓർത്തുകൊള്ളട്ടെ. സർവ്വശ്രീ. കൊല്ലാർകണ്ടി ഗോപാലൻ, അശോകൻ മാഷ്, മുക്കം വിജയൻ, ചന്ദ്രൻ, കെ. എസ്. മാമ്പറ്റ, എം. ടി. ബി. നായർ, സുഗതൻ മാമ്പറ്റ തുടങ്ങിയവർ അവരവരുടെ റോളുകൾ മികവുറ്റതാക്കി. നടിയില്ലാത്ത ഈ നാടകത്തിന് അതിന്റേതായ കുറവ് ഒട്ടും ബാധിച്ചിരുന്നില്ല.

മുക്കം വിജയന്റെ കമ്പർ, കൊല്ലാർകണ്ടിയുടെ ആനക്കാരൻ, അശോകൻ മാസ്റ്ററുടെ കാഥികൻ, കെ. എസ്. മാമ്പറ്റയുടെ ജ്യോത്സ്യൻ, ചന്ദ്രന്റെ ഭിഷഗ്വരൻ തുടങ്ങിയ കഥാപാത്രങ്ങൾ പ്രേക്ഷകരുടെ മനസ്സിൽ കൊത്തിവെച്ച ശില്പങ്ങളായി മാറി. കൃത്രിമമായ ആനയുടെ രൂപം സൃഷ്ടിച്ച് ഔചിത്യപൂർവ്വമായ രംഗസജ്ജീകരണമൊരുക്കി. നാടകത്തെ ആസ്വാദ്യതയുടെ ഔന്നത്യത്തിലെത്തിച്ച സംവിധായകന്റെ നൈപുണ്യവും പ്രശംസനീയമായിരുന്നു. അതുകൊണ്ടാക്കെത്തന്നെ ഈ അമേച്വർ നാടകത്തിന് ഒരുപാട് ബുക്കിങ്ങും തരമായി.

1985ൽ മലപ്പുറം ജില്ലയിൽ പെട്ട കാളികാവ് എന്ന സ്ഥലത്ത് ഒരു ക്ഷേത്രോത്സവ പരിപാടിയിൽ നാടകം കളിയ്ക്കാൻ ഉത്സവകമ്മറ്റിയുമായി ധാരണയായി. അഡ്വാൻസും കൈപ്പറ്റി. അതിനിടയിൽ അമ്മയ്ക്ക് പെട്ടെന്ന് അസുഖം പിടിപെട്ടു. അൽഷിമേഴ്സ് - മറവിരോഗം. അമ്മ, തറവാട്ടിൽ ജ്യേഷ്ഠത്തിയുടെ കൂടെയാണ് താമസം. ഞാൻ താമസിയ്ക്കുന്നതിന് അടുത്തുതന്നെയാണ് തറവാട്. അമ്മ എല്ലാം മറന്ന് ഏതോ ഒരു മായിക ലോകത്താണ്. മകളെ പോലും തിരിച്ചറിയാൻ പറ്റാതായി. ഇതിന്ന് പ്രത്യേക ഔഷധമൊന്നുമില്ലെന്ന് ഡോക്ടറുടെ വിധിയെഴുത്ത്. ഉറക്കഗുളിക കൊടുക്കും രാത്രിയിൽ. അൽപസ്വൽപ്പം ഉറങ്ങും. പിന്നെ അതുമില്ലാതായി.

ഞാൻ രാത്രി അമ്മയെ കെട്ടിപ്പിടിച്ച് കിടക്കും. എപ്പൊഴോ ഒന്നു കണ്ണുചിമ്മിയാൽ അമ്മ ജനലിൽ പിടിച്ചുകയറും. അപ്പോഴേയ്ക്കും ഞാനറിയും. ഉറക്കമില്ലാത്ത രാത്രികൾ. നേരം പുലർന്നാൽ അമ്മ പാട്ടുപാടും. കുട്ടിക്കാലത്ത് പാടാറുള്ള പാട്ടുകൾ. എപ്പൊഴും പ്രസന്നവദന. എന്തും ഭക്ഷിയ്ക്കും. മത്സ്യമാംസാദികൾ തൊട്ടുനോക്കാത്ത അമ്മ അതും ഭക്ഷിച്ചുതുടങ്ങും. മറ്റ് ആരോഗ്യ പ്രശ്നങ്ങളൊന്നും കാര്യമായില്ല. പകൽ ഞാൻ സ്കൂളിൽ പോകും. രാത്രി ഡ്യൂട്ടി എനിയ്ക്കാണ്. മകനെ തിരിച്ചറിയാത്ത എന്റെ അമ്മയെ ഓർത്ത് പലപ്പോഴും എന്റെ കണ്ണ് നിറയും.

അമ്മ ! എന്റെ അന്തരാളങ്ങളിൽ എന്നും മുഴങ്ങിക്കൊണ്ടിരിയ്ക്കുന്ന മന്ത്രധ്വനി. എല്ലാ വേദന



# ദേവഭൂമിയിലെ ദേവദാരുക്കൾ



## മുസ്സൂറി



**ഈശ്വർകുമാർ തരവത്ത്**
**9946655277**

**സു**ഖകരമായ കാലാവസ്ഥ. ചായയും ലഘുഭക്ഷണവും കഴിച്ച് മുസ്സൂറിയിലേക്ക് പുറപ്പെടുമ്പോൾ, ഏതാണ്ട് ഇരുൾ പരന്നുകഴിഞ്ഞിരുന്നു. സമുദ്രനിരപ്പിൽനിന്ന് 1900 അടി ഉയരത്തിൽ, മിന്നാമിനുങ്ങുകൾ പോലെ, മുസ്സൂറി ഇവിടെനിന്നു കാണാം. വീതി കുറഞ്ഞതും വളവുകളും കയറ്റങ്ങളുമേറെയുള്ളതുമായ റോഡ് – വാഹനയാത്ര അല്പം ദുഷ്ക്കരം തന്നെ. മുന്നോട്ടുപോകുംതോറും ചായം തേച്ചു ചന്തം വരുത്തിയ ചെറിയ ചെറിയ വീടുകൾക്ക് വ്യക്തത വന്നുതുടങ്ങിയത്, ലക്ഷ്യസ്ഥാനമടുക്കുന്നതിന്റെ സൂചന തന്നു. സഹിക്കാവുന്ന തണുപ്പേയുള്ളു.

താമസം ഏർപ്പാടു ചെയ്തിരുന്നത്, നന്ദൻലാൽ ടൂറിസ്റ്റ് ഹോമിൽ. ചെറിയതെങ്കിലും വൃത്തിയുള്ള ഹോട്ടൽ. വിശപ്പും യാത്രാ ക്ഷീണവും എല്ലാവർക്കുമുണ്ടായിരുന്നു. ചെറുചൂടുവെള്ളത്തിൽ കുളിച്ച് ചപ്പാത്തിയും കുറുമയും കഴിച്ച് കുറച്ചുനേരം യാത്രാനുഭവങ്ങൾ പങ്കുവെച്ച്, മുറികളിലേക്ക് പോയി. വീടോർമ്മയുടെ പുറത്ത് മനസ്സു തുന്നിപ്പിടിപ്പിച്ച എന്തൊക്കെയോ ഓർത്ത് ഉറങ്ങിപ്പോയി.

* * * * *

ഉറക്കം സുഖകരമായിരുന്നതുകൊണ്ടാകാം, നേരത്തെ എഴുന്നേറ്റു. ബാർവാലാ പയ്യൻ മഹിപാൽ തന്ന ചൂടുചായയുമായി ബാൽക്കണിയിൽ ചെന്നു. കിഴക്ക് അങ്ങകലെ, ഗംഗോത്രി, ബന്ദർപൂഞ്ച് കൊടുമുടികളിൽ, വർണ്ണ പകർച്ചയുമായി പ്രഭാത കിരണങ്ങൾ ! നിഴൽ പുതച്ച ചൈനാ മലനിരകൾ – ഇപ്പുറത്ത് ഗംഗോത്രി, യമുനോത്രി, ബദരീനാഥ്, കേദാർനാഥ്... അകലെ മഞ്ഞിൽ പുതഞ്ഞ കൈലാസം... കിളിയൊച്ചകളുടെ സംഗീത സാന്ദ്രത – ആ താഴ്വര പ്രദേശം പൊൻവെളിച്ചത്തിലാറാടി നിൽക്കുന്നു.

ഏട്ടുമണിയോടെ കുളിയും പ്രാതലും കഴിഞ്ഞ് എല്ലാവരും പുറത്തുപോകാനൊരുങ്ങി. പനി അസ്വസ്ഥതകളും ഒരുവിധം മാറി, എല്ലാവരും ആരോഗ്യം വീണ്ടെടുത്ത പോലെ തോന്നി. ഹോട്ടലിൽ നിന്ന് ഞങ്ങൾക്ക് ഒരു ഗൈഡിനെ ഏർപ്പാടാക്കി തന്നു. ഭീംനാഥ് – പേരുപോലെത്തന്നെ തടിച്ച ശരീര പ്രകൃതി – പൂർണ്ണതയില്ലെങ്കിലും ഇംഗ്ലീഷും ഹിന്ദിയും ഒരുവിധം സംസാരിക്കും. നല്ലൊരു മനുഷ്യൻ.

1827ൽ നായാട്ടിനായി വന്ന, ക്യാപ്റ്റൻ യങ്ങ് എന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ മുസ്സൂറിയുടെ പ്രാധാന്യം കണ്ടെത്തി. ആദ്യമായി അ

യും യാതനയും ഇറക്കിവെച്ച് ആശ്വസിയ്ക്കാനുള്ള ഒരേ ഒരു അത്താണി. എന്നെ ഞാനാക്കിമാറ്റിയ സ്നേഹനിധി. അപ്രതീക്ഷിതമായി, പെട്ടെന്ന് ഒരു സന്ധ്യാസമയം എന്നന്നേയ്ക്കുമായി അസ്തമിച്ചു. അമ്മിഞ്ഞപാലിനൊപ്പം എന്റെ ചുണ്ടിൽ ആദ്യം വിരിഞ്ഞ അക്ഷതസൂനം ! അമ്മ... ഇന്നും എന്റെ ഹൃദയത്തിന്റെ താളമായി മിടിച്ചുകൊണ്ടിരിയ്ക്കുന്ന സ്നേഹധ്വനി... ഏത് വിഷമത്തിലും വേദനയിലും നിരാശയിലും എന്നിൽ നിന്നുയരുന്ന ഔഷധസൂക്തം. അമ്മ... എന്റെ അമ്മ... ഇനി എന്നോടൊപ്പമുണ്ടാവില്ല. അമ്മ യാത്രയാവുന്നു... ഞാൻ ഒറ്റപ്പെട്ടുകൊണ്ടിരിയ്ക്കുന്നു...

എല്ലാം കഴിഞ്ഞു. ആശ്വസിപ്പിയ്ക്കാൻ ആൾക്കൂട്ടം. ഞാൻ തറവാട്ടിൽ. മൂന്നാം ദിവസമാണ് കാളികാവിൽ നാടകം. നാടക ട്രൂപ്പിലുള്ളവർ എന്നും കാണാൻ വരും. അവരൊന്നും പറയില്ല, പറയാൻ ധൈര്യമില്ല. മരിച്ച രണ്ടാം ദിവസം രാത്രി ഒരു നാടകസുഹൃത്ത് എന്നോട് മടിച്ച് മടിച്ച് കാര്യം പറഞ്ഞു. എന്ത് ചെയ്യും ? നാടകം കളിയ്ക്കണ്ടെ ? അഡ്വാൻസ് വാങ്ങിപ്പോയില്ലേ ? പകരക്കാരനെ വെക്കാൻ സമയമില്ലല്ലോ. എന്താ, സാർ ചെയ്യുക ?

അവരുടെ വിഷമം എനിയ്ക്ക് മനസ്സിലാകും. ഞാനൊരു കലാകാരനാണ്. അമ്മയെ മനസ്സാ ധ്യാനിച്ചു. എന്റെ മനസ്സിന്റെ ഉള്ളറയിൽ നിന്ന് ഒരു ശബ്ദം മുഴങ്ങിയ പോലെ എനിയ്ക്ക് തോന്നി. "മോനേ... നീ പോണം." ഞാൻ സുഹൃത്തിനോട് പറഞ്ഞു, "നിങ്ങൾ എല്ലാവരും പോയി മേക്കപ്പിട്ട് റെഡിയാവൂ... സന്ധ്യ മയങ്ങിയാൽ ഒരാൾ മാത്രം വാഹനവുമായി വരൂ... ഞാൻ ആരുമറിയാതെ കൂടെവരാം. പറഞ്ഞ പോലെ എന്റെ ഭാര്യയൊഴിച്ച് മറ്റാരുമറിയാതെ ഞാൻ പോയി നാടകം കളിച്ചു. സർവ്വതെറ്റിനും കുറ്റത്തിനും മാപ്പുകൊടുക്കുന്ന മാതൃഹൃദയമേ... മാപ്പ്... മാപ്പ്...!

(തുടരും)

ദ്ദേഹം ഇവിടെ പണി കഴിപ്പിച്ച കെട്ടിടമാണ് ഇപ്പോഴത്തെ പ്രശസ്ത 'മുല്ലിംഗാർ ഹോട്ടൽ' സമുച്ചയം ! ക്രമേണ കൊളോണിയൽ ആസ്ഥാനങ്ങളിലെ പ്രമുഖർ വേനൽച്ചൂടിൽനിന്ന് രക്ഷതേടി വന്നുതുടങ്ങി. തുടർന്ന് നാട്ടുരാജാക്കന്മാരും, മറ്റു പ്രമുഖരും. കുതിരപ്പുറത്തായിരുന്നു അന്നത്തെ യാത്രകൾ !

1920 ൽ പുതിയ റോഡിലൂടെ ആദ്യ മോട്ടോർ വാഹനം മൂളിയും മുരണ്ടും ഇവിടേയ്ക്ക് കയറിയെത്തി. ഇവിടെനിന്ന് ഡെഹ്റാഡൂൺ റെയിൽവേ സ്റ്റേഷനിലേക്ക് 35 കിലോമീറ്റർ ദൂരം. അത്യാവശ്യ ഉപയോഗത്തിനായി ഒരു ഹെലിപാഡും ഇവിടെയുണ്ട്. ഏപ്രിൽ മുതൽ ഒക്ടോബർ വരെയാണ് ഇവിടത്തെ വിനോദ സഞ്ചാര സീസൺ. സ്കേറ്റിങ്ങ്, കുതിരസവാരി, ബോക്സിങ്ങ്, പോളോ തുടങ്ങിയ കായിക വിനോദങ്ങളും, നൃത്തം, സംഗീതം, നാടകം (തിയേറ്റർ), സിനിമ തുടങ്ങിയ കലാസ്വാദനങ്ങളും മിക്ക ഹോട്ടലുകളിലും ക്ലബ്ബുകളിലും ലഭ്യം.

സെപ്റ്റംബർ മാസത്തിൽ നടക്കുന്ന 'ശ്വാനപ്രദർശം' (ഡോഗ് ഷോ) ദേശീയ ശ്രദ്ധ ആകർഷിക്കുന്ന ഒന്നാണ്. ടൂറിസ വ്യവസായത്തിന്റെ സ്വാധീനം പ്രകടമാണെങ്കിലും, തിരക്കധികമില്ലാത്ത ചെറിയ പട്ടണം. കൊച്ചു കൊച്ചു കടകൾ. ഐ. എ. എസ്, ഐ. പി. എസ്, ഐ. ആർ. എസ്. തുടങ്ങിയവയുടെ പരിശീലനകേന്ദ്രമായ 'ലാൽബഹ ദൂർ ശാസ്ത്രി അക്കാഡമി ഓഫ് നാഷണൽ അഡ്മിനിസ്ട്രേഷൻ' ഇവിടെ ഏക്കറുകളിലായി പരന്നുകിടക്കുന്നു. താഴ്വാരങ്ങളിൽ ദേവദാരു, ബാജ്, കാഫ്സ്, സീസൈൻ തുടങ്ങിയ വൃക്ഷനിരകൾ തഴച്ചുവളരുന്നു.

ഝൂലാക്കറിൽ നിന്നാരംഭിച്ച് ഗൺഹില്ലിൽ അവസാനിക്കുന്ന ഇവിടുത്തെ റോപ്‌വേ സഞ്ചാരത്തിലെ ആകാശക്കാഴ്ചയുടെ അഗാധത, പേടിപ്പെടുത്തുന്നതെങ്കിലും നയാനാഭിരാമം തന്നെ ! ലാൽടിബ്ബ ഹില്ലിലുള്ള ഭീമൻ ടെലിസ്കോപ്പിലൂടെ, ഹിമാലയൻ കൊടുമുടികൾ തൊട്ടുമുന്നിൽ കാണാം. ഇവിടെനിന്ന് 12 കി.മീറ്റർ ദൂരത്താണ് പ്രസിദ്ധമായ 'കെംപ്റ്റിഫാൾസ്' എന്ന വെള്ളച്ചാട്ടം! ഈ നീല ജലാശയത്തിലെ വെള്ളം 16 കി.മീറ്റർ താഴെയുള്ള യമുനാ ബ്രിഡ്ജ് കടന്ന്, യമുനയായി മുന്നോട്ടൊഴുകുന്നു.

വെയിലിന് സ്വർണ്ണം പൂശിയ, മഴയിൽ ഗസലിന്റെ സംഗീതമുതിരുന്ന പൂക്കളിൽ അറേബ്യൻ അത്തറ് കോരിയൊഴിച്ച, പൗർണ്ണമി രാവുകൾക്ക് മഞ്ഞിന്റെ നവനീതം പുരട്ടിയ ഈ മനോഹര താഴ്വരയെ മനസ്സിൽ ചുമന്നുകൊണ്ട് ഹോട്ടലിലേക്ക് വന്നു.

### *താഴ്വരകളിലൂടെ*

കാലത്ത് മലനിരകളേയും മൈതാനങ്ങളേയും സ്വപ്നം കണ്ടുണർന്നപ്പോൾ പ്രത്യേക സുഖം! മുസ്സൂറിയിൽ നിന്ന് ഏകദേശം രണ്ട് മണിക്കൂർ യാത്ര ചെയ്ത് പേരോർമ്മയില്ലാത്ത ഒരു ചെറു ഗ്രാമക്കവലയിൽ നിന്നു. മുഷിഞ്ഞ വസ്ത്രങ്ങൾ ഉടുത്ത പാവപ്പെട്ട ഗ്രാമീണർ കുറച്ചു കടകളും അവയോട് ചേർന്ന് ചെറിയ ചായ്പ്പുകളും. പല ചരക്കു കടകളിൽ സാമാന്യം തിരക്ക്. വിവിധതരം ഉണങ്ങിയ പഴങ്ങൾ സുലഭമായി കണ്ടു.

ഒരു ബാങ്കിന്റെ ശാഖയും പോസ്റ്റോഫീസും ഇവിടെയുണ്ട്. ഉണങ്ങിയ പഴങ്ങളും മസാല ചായയും കഴിച്ച് അരമണിക്കൂറിനുശേഷം പുറപ്പെട്ടു. വെയിൽ കോടമഞ്ഞു കൊണ്ടുമങ്ങിയിരിക്കുന്നു. പിന്നീടുള്ള യാത്രയിലുടനീളം പർവ്വതങ്ങൾക്ക് ഉയരം കൂടിക്കൂടിവരുന്നതായി തോന്നി തുടങ്ങി. ഒന്നിനു പിന്നിൽ മറ്റൊന്നായി അവ നീണ്ടുനിരന്നു നില്ക്കുന്നു. മറുഭാഗത്ത്, അഗാധതയിൽ യമുനയുടെ ആരവം. ഹിമാലയത്തിന്റെ അപൂർവ്വവും ഭാവതീവ്രവുമായ മുഖം. നദിക്കരയിലെ ചെങ്കുത്തായ താഴ്വരകളിലൂടെ, ഭീതിതമായ മലയിടുക്കുകളിലൂടെ, ഞങ്ങൾ സാവകാശം യാത്ര തുടർന്നു.

* * * * *

താഴ്വരകൾ ചുറ്റിപ്പോകുന്ന മലമ്പാതകൾ ദുർഘടങ്ങളായിരുന്നു. വീതി കുറഞ്ഞ റോഡുകൾ പലേടത്തും മണ്ണിടിച്ചിൽമൂലം മണ്ണും കല്ലും വീണ് അടഞ്ഞുകിടന്നു. താഴ്വരകളെ പരസ്പരം ബന്ധിപ്പിക്കുന്ന ഈ പാതയോരങ്ങളിൽ ഇടക്കിടെ ചെറിയ കുടിലുകൾ കാണാമെങ്കിലും ജനവാസം കണ്ടില്ല.

ഈ താഴ്വരകളിൽ പ്രവചനാതീതമായ മണ്ണിടിച്ചിൽ സർവ്വ സാധാരണമാണത്രെ. ഒരുവശം മാനം മുട്ടുന്ന മലനിര. മറുവശത്തു കുതിച്ചു പായുന്ന യമുനാ നദി. ഏതുസമയത്തും മണ്ണിടിച്ചിലുണ്ടായേക്കാവുന്ന ഇവിടെ ഇരുവശത്തും വാഹനങ്ങൾ കുടുങ്ങി പോകുമ്പോൾ തടസ്സങ്ങൾ നീക്കം ചെയ്യുന്നതുവരെ, മുന്നോട്ടും പിന്നോട്ടും നീങ്ങാൻ കഴിയാത്ത നിസ്സഹായവസ്ഥ! ജനവാസമില്ലാത്ത ഈ പ്രദേശത്തെ അരക്ഷിതാവസ്ഥ തികച്ചും പേടിപ്പെടുത്തുന്നതുതന്നെ!

ഹൃദയഹാരിയായ ഹിമാലയൻ സങ്കല്പങ്ങൾക്ക് ഇവിടെ രൂപവും ഭാവവും മാറുന്നു. മഹാമേരുവിന്റെ മറ്റൊരു മുഖം. മലയിടിച്ചിലിന്റെ ഭീകരദൃശ്യം രണ്ടുതവണ നേരിൽ കണ്ടുകൊണ്ടുതന്നെ യാത്ര തുടർന്നു. സർഗ്ഗാത്മകവും വെല്ലുവിളി നിറഞ്ഞതുമായ ഒരു സാഹസിക സഞ്ചാരം. സമയം കഴിയുന്തോറും ദുർഘടപാതയും ഞങ്ങളും, യമുനാനദിക്കൊപ്പം താഴേക്ക് ഊർന്നിറങ്ങിക്കൊണ്ടിരുന്നു.

അടിവാരത്തെത്തിത്തുടങ്ങുമ്പോഴേക്ക്, പാതക്കിരുവശങ്ങളിൽ കൃഷിസ്ഥലങ്ങൾ രൂപപ്പെട്ടുവന്നുതുടങ്ങി. ചെരുവുകളിലെ തട്ടുകളിലായും, സമതലങ്ങളിലെ നിരപ്പുകളിലായും അവ ഒരുക്കിനിർത്തിയിരിക്കുന്നു. താഴെ പരന്ന നെൽവയലുകൾ. രണ്ട് വിചിത്ര ലോകങ്ങളുടെ സങ്കലനം ! തണുപ്പിന് കട്ടി കൂടിക്കൂടിവന്നു തുടങ്ങിയിരുന്നു. മഞ്ഞുമാറിയതോടെ പ്രകാശം പരന്നുതുടങ്ങി. ചുറ്റിലുമുള്ള പർവ്വതങ്ങളും, കൊടുമുടികളും വ്യക്തതയോടെ കണ്ടു തുടങ്ങി.

കന്നുകാലികളെ ആട്ടിത്തെളിച്ചുകൊണ്ട് ആണുങ്ങളും, മുതുകിൽ വലിയ കെട്ടുകളുമായി പെണ്ണുങ്ങളും നടന്നുനീങ്ങുന്നു. റോഡരികത്ത് ചുവന്നുതുടുത്ത ആപ്പിളുകൾ വില്ക്കാനായി കൂട്ടിയിട്ടിട്ടുണ്ട്. ഇരുപത് രൂപക്ക് ഒരു കൂട നിറയെ തന്നു. ആപ്പിൾ മരങ്ങളുടെ താഴെ, ആർ



ക്കും വേണ്ടാതെ, പഴങ്ങൾ യഥേഷ്ടം വീണുകിടക്കുന്നത് കാണാം.

അതിരുകളിലും പിന്നാമ്പുറങ്ങളിലും അതിജീവനം ഉയർത്തിപ്പിടിക്കുന്നവരുടെ ലോകം. നീലാകാശം തൊട്ടുനിൽക്കുന്ന രണ്ടുമലകളെ ബന്ധിപ്പിക്കുന്ന ഒരു ഇരുമ്പുപാലം കടന്ന്, ഞങ്ങൾ ബാർക്കോട്ടിലേക്ക് പ്രവേശിച്ചു. തണുപ്പിന് പതുക്കെ പതുക്കെ ശക്തി അധികരിച്ചു തുടങ്ങിയിരുന്നു. ബാർക്കോട്ട് എത്തുമ്പോഴേക്കും സമയം ഉച്ച കഴിഞ്ഞു.

ഫലഭൂയിഷ്ഠമായ ഹിമാലയൻ താഴ്‌വരയിൽ ദേവദാരു, പൈൻ, സൈപ്രസ് മരക്കൂട്ടങ്ങളാലും പച്ചപ്പാർന്ന ചെറുകുന്നുകളാലും ചുറ്റപ്പെട്ട ഒരു ഗ്രാമം. അങ്ങിങ്ങ് ആടുമാടുകൾ മേഞ്ഞുനടക്കുന്നു. ചെരിവുകളിൽ ആപ്പിൾ, വാൽനട്ട്, ആപ്രിക്കോട്ട് തുടങ്ങിയ പഴങ്ങൾ വിളഞ്ഞുനിൽക്കുന്നു.

ജൂൺ മുതൽ സെപ്റ്റംബർ വരെയാണത്രെ, ഇവിടത്തെ പഴങ്ങളുടെ സീസൺ. താമസത്തിന്, ചെറിയ ചെറിയ വൃത്തിയുള്ള കൂടാരങ്ങളാണ് ഇവിടെ കണ്ട ഒരു പ്രത്യേകത! കുളിമുറി, കിടക്കമുറി തുടങ്ങിയവയൊക്കെ ഇവയിലുണ്ട്. ‘സിപ്’ ചെയ്ത് തുറക്കുകയും അടക്കുകയും ചെയ്യുന്ന രീതിയാണിവയ്ക്ക്.

കൂടാരങ്ങൾക്ക്, സുരക്ഷാസംവിധാനങ്ങളേർപ്പെടുത്തിയിട്ടുമുണ്ട്. വളരെ വേഗത്തിൽ ഇരുട്ടായി കൂടെ തണുപ്പിന്റെ കാഠിന്യവും. മിക്ക കൂടാരങ്ങൾക്കുമരികെ വിറകുകൾ അടുക്കിവെച്ചിരിക്കുന്നു. പുറത്ത് ആളുകൾ കൂട്ടം കൂടിയിരുന്ന തീക്കായുന്നുമുണ്ട്. ഞങ്ങളും വിറകുകമ്പുകൾ ചേർത്തുവെച്ച് തീക്കൂട്ടി. ടെന്റ് സൂക്ഷിപ്പുകാരൻ ജീവൻനാഥ്, കെറ്റിലിലെ ചൂടുചായ ഇടക്കിടെ പകർന്നുതന്നുകൊണ്ടിരുന്നു.

ഇവിടത്തെ ജീവനക്കാരുടെ സേവനം സ്തുത്യർഹമെന്ന് പറയാതെവയ്യ! ആ രാത്രിയിലെ ഞങ്ങളുടെ പതിവുപരിപാടികളേക്കാൾ ജീവൻനാഥിന്റെ ഗഢ്വാൾ ഗ്രാമീണ സംഗീതം, മലയിടുക്കുകളിൽ പ്രതിദ്ധ്വനിച്ചു. ഇരുട്ടിലും വിജനതയിലും ദൂരെ ചെരിവുകളിൽ പശുക്കൾ മേഞ്ഞുനടക്കുന്നത് കാണാമായിരുന്നു. ആവി പറക്കുന്ന കഞ്ഞിയും പയറും കിട്ടി.

സന്യാസിയുടെ ശാന്തതയും കാമുകിയുടെ ആർദ്രതയുമുള്ള ആ രാത്രിക്കുപകരം വെക്കാൻ മറ്റൊന്നും ഞാൻ കണ്ടില്ല. പകുതിയിലധികം പിന്നിട്ട എന്റെ ജീവിത സ്വപ്നങ്ങളുടെ പരിച്ഛേദമത്രയും പല അടരുകളായി അന്ന് എനിക്കൊപ്പമുറങ്ങി.

### *യനുനോത്രിയിലേക്ക്*

ഇവിടെനിന്നാണ് ചതുർധാമങ്ങളിലേക്കുള്ള (ഗംഗോത്രി, യമുനോത്രി, കേദാർനാഥ്, ബദരീനാഥ്) യാത്ര തുടങ്ങുന്നത്. കഠിനമെന്ന് കേട്ടറിവുണ്ടെങ്കിലും വിഹ്വലതകൾ മൂടിവെച്ച്, പ്രകൃതിയുടെ വർണ്ണപ്രപഞ്ചം നേരിട്ട് കണ്ടറിയാനുള്ള അനുഭവസഞ്ചാരത്തിന് ഒരുങ്ങിത്തുടങ്ങി.

രാവിലെ ആറുമണിയോടെത്തന്നെ, കുളികഴിഞ്ഞ് കമ്പിളിക്കുപ്പായങ്ങളും കാലുറകളും തൊപ്പികളും ധരിച്ച്, റെഡിയായി, വാഹനത്തിൽ കയറി. ഇനിയുള്ള യാത്രകൾ അവരവരുടെ ജീവിതത്തിലെ അവിസ്മരണീയ അനുഭവങ്ങളായി തീരട്ടെ എന്ന് പരസ്പരം ആശംസിച്ചു. ഇന്നലെകളുടെ ഓർമ്മകളെ ചെത്തിമിനുക്കിക്കൊണ്ടുതന്നെ, ഇന്നിനെ രേഖപ്പെടുത്താൻ ഒരു യാത്ര !

യമുനാനദിക്കരയിലെ നയനമനോഹരവും, സുഗന്ധപൂരിതവുമായ ഗ്രാമങ്ങളും താഴ്‌വാരങ്ങളും പിന്നിട്ടുകൊണ്ടേയിരുന്നു. യുഗാന്തരങ്ങളിലായി പല കാലടികളും കടന്നുപോയ വഴി. പതിനൊന്ന് മണിക്ക് ‘ജാൻകിബായ് ഛട്ടി’ എന്ന സ്ഥലത്തെത്തി. യമുനോത്രി യാത്രക്കുള്ള





അവസാനത്തെ താവളം. ഒരു ദാബയിൽ നിന്ന് പൂരിയും സബ്ജിയും കിട്ടി. പക്ഷെ കടുകെണ്ണയുടെ രുചിയായതുകൊണ്ട് ഞങ്ങൾക്കാർക്കും ആവശ്യം പോലെ കഴിക്കാൻ കഴിഞ്ഞില്ല.

വിശാലമായ ഒരു പറമ്പിലെ നിരയാർന്ന മരങ്ങളിൽ, വരിയായി കുതിരകളെ കെട്ടിയിരിക്കുന്നു. അവയ്ക്കിടയിൽ ചുമട്ടുകാരും കുതിരക്കാരും കച്ചവടമുറപ്പിക്കാൻ കലപില കൂട്ടുന്നു. ദൂരെ, യമുനോത്രിയിലേക്ക് വളഞ്ഞുപുളഞ്ഞുപോകുന്ന ഇടുങ്ങിയ പാത. തികച്ചും ദുർഘടമായ അഞ്ചു കി.മീറ്റർ ദൂരമാണ് ലക്ഷ്യത്തിലേക്ക്. ഒന്നുകിൽ സമയമെടുത്ത് സ്വയം നടന്നുകയറാം. അല്ലെങ്കിൽ കുതിരപ്പുറത്തോ നാലുപേർ ചുമക്കുന്ന ഡോളിയിലോ ആകാം. കൂട്ടത്തിൽ ആരോഗ്യപ്രശ്നങ്ങളുള്ളവർ കുതിരപ്പുറത്തും അല്ലാത്തവർ നടന്നുകയറാനും തീരുമാനിച്ചു.

ഉയർന്ന പർവ്വതനിരകളും കിഴുക്കാംതൂക്കായ താഴ്വരകളും, കുതിച്ചൊഴുകുന്ന ചോലകളും ചേർന്ന ഒരുദൃശ്യവിസ്മയം! ആത്മീയതയുടേയും വിശ്വാസത്തിന്റേയും അനുരണനങ്ങൾ നൂറ്റാണ്ടുകളായി സ്പന്ദിക്കുന്ന ഗിരിശൃംഗം. 3200 മീറ്റർ ഉയരത്തിലുള്ള യമുനോത്രിയിലേക്ക് നടന്നെത്താൻ നാലോ അഞ്ചോ മണിക്കൂർ എടുക്കുമെന്ന് കുതിരക്കാർ. വീതി കുറഞ്ഞ ചവിട്ടടിപാത, കുന്നിൻചരിവുകളെ ചുറ്റിച്ചുറ്റി മേലോട്ടുകയറുന്നു. ആറേഴടി വീതിയുള്ള പാതയിലെ തിക്കിത്തിരക്കിയുള്ള നടത്തം അപകടം തന്നെയെന്ന് കണ്ടാലറിയാം.

മണ്ണിളകി കിടക്കുന്ന മലമ്പാതയിൽ നിന്ന് ആയിരത്തോളമടികളുള്ള ഗർത്തങ്ങളിലേക്ക് നോക്കുമ്പോൾ ആരും തളർന്നുപോകും. ഇടക്കിടെ നീർച്ചോലകളിൽനിന്ന് ശുദ്ധജലം നിറയുന്ന തൊട്ടികൾ സ്ഥാപിച്ചിരിക്കുന്നു. കുതിരകൾക്കുള്ള ദാഹജലത്തിനാണിത്. തീർത്ഥാടകർക്കും കുടിവെള്ള സംവിധാനങ്ങളുണ്ട്.

പാതയോരത്ത് കട്ടൻചായയും റൊട്ടിയും സബ്ജിയും കിട്ടുന്ന കൊച്ച് താവളങ്ങൾ. തീർത്ഥാടന കാലത്ത് താത്കാലികമായി താഴ്വരകളിലെ താമസക്കാർ ഇവിടേക്ക് കുടിയേറുന്നു. പിന്നീടുള്ള മലയിറക്കം; അവരുടെ സ്വാഭാവിക കാർഷിക വൃത്തിയിലേക്കുള്ള തിരിച്ചുപോക്കും. ശക്തമല്ലെങ്കിലും, ചീറിയടിക്കുന്ന ഹിമക്കാറ്റ് യാത്രയെ ബുദ്ധിമുട്ടിക്കുന്നുണ്ട്. സമുദ്രനിരപ്പിൽ നിന്ന് 6300 മീറ്റർ ഉയരമുള്ള ബന്ദർപുഞ്ച് പർവ്വത സാമീപ്യം യമുനോത്രിയെ അതിന്റെ തണുപ്പുകാലങ്ങളിൽ പൂജ്യം ഡിഗ്രിയിലും താഴെ താപനിലയിലാക്കുമത്രെ! ഡെഹ്റാഡൂണിൽ നിന്ന് 240 കി. മീറ്ററും, ഋഷികേശിൽ നിന്ന് 285 കി.മീറ്ററും ദൂരമുണ്ട് ഇവിടത്തേക്ക്.

19ാം നൂറ്റാണ്ടിലെ ഒരു ജയ്പൂർ റാണിയാണ് ഇപ്പോഴുള്ള ക്ഷേത്രം നിർമ്മിച്ചതെന്നു പറയപ്പെടുന്നു. ഭൂചലനത്തെ തുടർന്ന് 1982ൽ ക്ഷേത്രം പുനർ നിർമ്മിക്കപ്പെട്ടുവെന്നും കേൾക്കുന്നുണ്ട്. യമുനോത്രിയെ സംബന്ധിച്ച എല്ലാ വിശ്വാസധാരണകളും, യമുനാ നദിയെ അടിസ്ഥാനപ്പെടുത്തിയാണ് എന്നതൊരു വസ്തുതയാണ്.

സമുദ്രനിരപ്പിൽനിന്ന് 4400 മീറ്റർ ഉയരത്തിലുള്ള കാളിങ് പർവ്വതത്തിലെ 'സപ്തഋഷി കുണ്ഡി'ൽ നിന്നാണ് യമുനയുടെ ഉത്ഭവം. എണ്ണൂറ് കി. മീറ്റർ ദൂരം താഴോട്ടൊഴുകി കാശിക്കരികെ അലഹാബാദിൽവെച്ച് ഗംഗയുമായും, സരസ്വതിയുമായും (ഭൂമിക്കടിയിലൂടെ ഒഴുകുന്നു എന്നും വിശ്വാസം) കൂടിച്ചേർന്ന് തൃവേണി സംഗമമാകുന്നു. ത്രിവേണി പിതൃകർമ്മങ്ങൾക്ക് വിശിഷ്ടമെന്ന്



വിശ്വാസം.

സൂര്യന്റെ മകളെന്നും, യമധർമ്മന്റെ സഹോദരിയെന്നുമുള്ള യമുനയുടെ വിശ്വാസ ചൈതന്യത്തെ സംബന്ധിച്ച് നിരവധി വിശ്വാസങ്ങൾ ഇന്നും നിലനിൽക്കുന്നു. കുറെയധികം, ഉഷ്ണജലപ്രവാഹങ്ങൾ ഈ പരിസരങ്ങളിലായുണ്ട്. ഗന്ധക സാന്നിദ്ധ്യമുള്ള 'ഗന്ധമാന പർവ്വത' സാമീപ്യമാണ് ഇതിന് പ്രധാനകാരണമായി പറയുന്നത്. 190 ഡിഗ്രിഫാരൻഹീറ്റ് ചൂടുള്ള ഈ പ്രവാഹങ്ങളിൽ ധാരാളം പേർ കുളിച്ചുകയറുന്നു. കൊടും തണുപ്പിലെ ഈ 'മുങ്ങിക്കുളി' യാത്രാക്ഷീണവും ആലസ്യവും മാറ്റുന്നതിനൊപ്പം ആത്മീയ സുഖവും നല്കുന്നു. ക്ഷേത്ര പരിസരത്തുള്ള 'സൂര്യകുണ്ഡ്' ആണ് ഇതിൽ പ്രധാനം.

* * * * *

നാലര മണിക്കൂറിലെ, സാഹസിക യാത്രക്കുശേഷം ഞങ്ങൾ, ലക്ഷ്യസ്ഥാനത്തെത്തി. യമുനാദേവി തന്നെയാണ് ഇവിടുത്തെ പ്രധാന പ്രതിഷ്ഠ! 'ദിവ്യശില' എന്ന ഒരു കരിങ്കൽ ശിലയെ വന്ദിച്ചശേഷം ക്ഷേത്രത്തിലേക്ക് കടക്കുന്നു. ആരാധനകൾക്കുശേഷം, സൂര്യകുണ്ഡിലെ തിളയ്ക്കുന്ന വെള്ളത്തിൽ വേവിച്ച ചോറും ഉരുളക്കിഴങ്ങും മുഖ്യപ്രസാദമായി ലഭിക്കും.

യമുനയുടെ മറുവശത്തെ ഖർസാലി ഗ്രാമത്തിലുള്ളവരാണ് ഇവിടത്തെ പൂജാരികൾ. ഇവരെ പാണ്ഡകൾ എന്നാണ് പറയുക. മഞ്ഞുപാതം തുടങ്ങുന്നതിനുമുമ്പായി, ദീപാവലിനാളിൽ ക്ഷേത്രമടച്ച് യമുനാനദിയിൽ ആരതിയുഴിഞ്ഞ് അവർ സ്വന്തം ഗ്രാമങ്ങളിലേക്കുമടങ്ങുന്നു. ശൈത്യം വിട്ടൊഴിയുന്ന മെയ് മാസാരംഭത്തിലെ അക്ഷയ തൃതീയ ദിനത്തിൽ ക്ഷേത്രനട തുറന്ന് വീണ്ടും പൂജാദികൾ ആരംഭിക്കുന്നു.

അങ്ങനെ യമുനാസ്തുതികളുടെ അലയൊലികളുയർത്തി അവർ പുതിയൊരു തീർത്ഥാടന കാലത്തിന്റെ തുടക്കം കുറിക്കും. പലരും യമുനാജലം കുപ്പികളിൽ നിറക്കുന്നത് കണ്ടു. തൊഴുതുമടങ്ങുന്ന മുഖങ്ങളിൽ, യാത്രാക്ലേശങ്ങളും, അവശതകളും വിസ്മരിക്കപ്പെട്ട്, ആത്മീയ സംതൃപ്തി നിറഞ്ഞുനില്ക്കുന്നു.

* * * * *

മഞ്ഞുവീഴ്ച്ച തുടങ്ങുന്നതിനുമുമ്പ് ഇറങ്ങുന്നതാണ് നല്ലതെന്ന നിർദ്ദേശം കിട്ടി. കയറിയ പോലെത്തന്നെ കുതിരപ്പുറത്തും അല്ലാതെയും ഞങ്ങൾ ഇറക്കമിറങ്ങി. കയറ്റത്തേക്കാൾ ബുദ്ധിമുട്ടുതോന്നി ഇറക്കം. പർവ്വതങ്ങളുടെ ഗാംഭീര്യതയും യമുനയുടെ ആർജ്ജവവും മനസ്സിനെ മദിച്ചുകൊണ്ടിരുന്നു. കൊടുമുടികളെ തഴുകുന്ന ഇളംകാറ്റ്, ഞങ്ങൾക്കൊപ്പം ചുരമിറങ്ങി. ഭയമോ ക്ലേശമോ എന്തോ, മനസ്സ് അല്പം അസ്വസ്ഥമായിരുന്നു.

* * * * *

തണുപ്പ് വിയർപ്പിന്റെ മുന്നിൽ തളർന്നുപോയി. നാലഞ്ചുമണിക്കൂറിലെ ദുഷ്ക്കരയാത്ര ജാൻകിബായ്ചട്ടിയിലെത്തുമ്പോഴേക്കും എല്ലാവരേയും അവശരും ക്ഷീണിതരുമാക്കി. ചൂടുചായയും ബിസ്ക്കറ്റും കഴിച്ച്, കുറേസമയം വിശ്രമിച്ച്, പിന്നീട് സുരക്ഷിത യാത്രയ്ക്ക് സഹായിച്ച കുതിരകളോടും കുതിരക്കാരോടും നന്ദി പറഞ്ഞ്, പ്രതിഫലം യഥാവിധി നൽകി. ബാർക്കോട്ടിലേക്ക് വാഹനം കയറി. യമുനയുടെ - ചതുർധാമങ്ങളുടെ ആദ്യപടികൾ കയറിയ ആത്മസംതൃപ്തിയുമായി യാത്ര തുടർന്നു.

* * * * *

ബാർക്കോട്ടിലെത്തുമ്പോൾ നേരം നല്ലപോലെ ഇരുട്ടിയിരുന്നു. ടെന്റിലെ ചൂടു കാപ്പിയും ചൂടുവെള്ളത്തിലെ കുളിയും ആശ്വാസം പകർന്നു. യാത്രാക്ഷീണം അന്നത്തെ അനുഭവപങ്കുവെക്കലുകളെ നാളത്തേക്കുമാറ്റി. തണുപ്പിന്റെ കടുപ്പത്താലും അതിരാവിലെ തന്നെ യാത്ര പുറപ്പെടേണ്ടതിനാലും ജീവൻനാഥ് വിളമ്പിയ ചൂടുകഞ്ഞിയും പുഴുക്കും കഴിച്ച് ടെന്റുകളിലെ കമ്പിളികളിലേക്ക് നൂണ്ടിറങ്ങി. ഹിമവൽസാനുവിലെ വിശുദ്ധഭൂവിൽ മറന്നുറങ്ങി.

(തുടരും)

■ കവിത

# അപരൻ



രാജു പാമ്പാടി
കോട്ടയം
9446318743

വരിക സോദര നിൻ തിരക്കിലെന്റെ
യരികിലിത്തിരി നേരമിരിയ്ക്കുക.
തണലു നീർത്തും തഴപ്പായിൽ
തോളുചേർന്നൊരുപാടു
കാര്യം പറയുക.

വയലരികിലെ കാറ്റിനൊപ്പമെന്റെ
കരതലം പിടിച്ചൊന്നിച്ചുലാത്തുക,
കടലോരത്തണുപ്പായി നിറയുക,
കുളിർനിലാവായി ചുറ്റും പടരുക.

പുഴയൊഴുകിക്കുതിച്ചു
പായുന്ന താഴ്വരയിൽ
കഥകൾ പറഞ്ഞുനിന്നീടുക,
മഴ പെയ്തീടും വഴിയിൽ
വാഴയിലക്കുടയുടെ
കീഴിലൊത്തു നടക്കുക.

കൊടിയ വറുതിയിൽ വാടിടുന്ന
ചെടിച്ചുവടിനു-
നീരിൻ ശാന്തി പകരുക,
പ്രളയമുരുവിട്ടിടുന്ന തടങ്ങളിൽ
ചിറകളായൊത്തു കരമുയർത്തുക.

വഴിവിളക്കിന്റെ തിരിനാളം പോലെ,
മിഴിനീരൊപ്പുന്ന കരതലം പോലെ
കരുതലായ് കാവലായി
നിഴലായെന്നരികിൽ നില്ക്കും
നീയാരെന്നു ചൊല്ലുക.

**നിങ്ങളുടെ വഴി നിങ്ങൾക്ക് നല്ലത്. പക്ഷെ എനിക്കല്ല.**
**എന്റെ വഴി എനിക്ക് നല്ലത് നിങ്ങൾക്കല്ല.**
*-സ്വാമി വിവേകാനന്ദൻ-*

# ഇവർക്ക് വിവാഹം അനുവദിച്ചുകൊടുക്കുകയാണ് വേണ്ടത്

ജോൺസൺ റോച്ച്
9495520611

“**കു**ട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള പുരോഹിതരുടെ ലൈംഗികാതിക്രമങ്ങൾക്കെതിരെ ബന്ധപ്പെട്ട സഭാധികാരികൾ നടപടി എടുക്കാത്തത് വേദനാജനകവും നാണക്കേടുമാണെന്ന്” അയർലൻഡിൽ രണ്ടുദിവസത്തെ സന്ദർശനത്തിനെത്തിയ മാർപ്പാപ്പ തന്റെ നിലപാട് വ്യക്തമാക്കിയിരിക്കുന്നു. അതേസമയം ലൈംഗികാരോപണത്തെത്തുടർന്ന് രാജിവച്ച കർദ്ദിനാൾ തിയോഡാർ മകാരിക്കിനെ ഫ്രാൻസിസ് മാർപ്പാപ്പ സംരക്ഷിക്കാൻ ശ്രമിച്ചിരുന്നുവെന്ന ആരോപണവുമായി വത്തിക്കാനിലെ മുൻപ്രതിനിധിയായ ആർച്ച് ബിഷപ്പ് കാർലോ മരിയോ വിഗാനോ രംഗപ്രവേശനം ചെയ്തിരിക്കുന്നു. പെൻസിൽ വാനിയായിലെ ബാലലൈംഗിക പീഡനങ്ങൾ അന്വേഷിച്ച ഗ്രാൻഡ് ജൂറി പുറത്ത് വിട്ടിരിക്കുന്ന റിപ്പോർട്ടിൽ 70 വർഷം പെൻസിൽവാനിയായിൽ കത്തോലിക്കാ പുരോഹിതർ പീഡിപ്പിച്ചത് 1000 കുഞ്ഞുങ്ങളെയെന്നാണ് ഔദ്യോഗിക കണക്ക്. ഈ ഔദ്യോഗിക അന്വേഷണത്തിൽ കണ്ടെത്താത്ത കണക്ക് ഇതിനും എത്രയോ ഇരട്ടിയായിരിക്കും.

ഐക്യരാഷ്ട്രസംഘടനയുടെ കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള കമ്മിറ്റി റിപ്പോർട്ട് കുട്ടികൾക്ക് നേരേയുള്ള കത്തോലിക്കാ പുരോഹിതരുടെ ലൈംഗികാതിക്രമങ്ങളെ വളരെയധികം ഗൗരവത്തോടെയാണ് പരാമർശിച്ചിരിക്കുന്നത്. ഇന്റർനാഷണൽ കാത്തലിക് ചൈൽഡ് ബ്യൂറോ പ്രതിനിധികളുടെ വേദിയിൽ തിരുസഭയിലെ വൈദീകരുടെ ബാലലൈംഗിക പീഡനത്തിന് ഇപ്പോഴത്തെ മാർപ്പാപ്പയുടെ മുൻഗാമിയായ ബെനഡിക് പതിനാറാമൻ മാപ്പു ചോദിക്കുകയുണ്ടായി. ഫ്രാൻസിസ് മാർപ്പാപ്പ ബാലപീഡനം സഭയുടെ നാണക്കേടാണെന്ന് അയർലന്റ് ഉൾപ്പടെ പലരാജ്യങ്ങളിലും വച്ച് വിശേഷിപ്പിച്ചുകഴിഞ്ഞു. ഇത്തരത്തിൽ പോപ്പുമാരുടെ നിരന്തരം ഏറ്റുപറച്ചിലുകളും കുറ്റസമ്മതങ്ങളും ക്ഷമയാചനകളും സഭയുടെ മാനം കാക്കാനായി നഷ്ടപരിഹാരം നൽകലും ഒരു തുടർക്കഥയായി തുടരുകയാണ്. കുമ്പസാരത്തെ മുതലെടുത്തുകൊണ്ട് ഒരു സ്ത്രീയെ വൈദികർ ലൈംഗികമായി ഉപയോഗിച്ച സംഭവവും ജലന്ധർ ബിഷപ്പിന്റെ ലൈംഗിക വീരപരാക്രമങ്ങളും പുരോഹിതരുടെ അടിച്ചേൽപ്പിക്കപ്പെടുന്ന കപട ബ്രഹ്മചര്യത്തിന്റെ മുഖംമൂടികളാണ് അനാവരണം ചെയ്യപ്പെടുന്നത്. ഇതെല്ലാം ലോകത്തെ ബോദ്ധ്യപ്പെടുത്തുന്നത് ‘കത്തോലിക്ക പുരോഹിതരുടെ ലൈംഗികാവശ്യത്തിനുമേൽ ഒരു തീരുമാനം എടുക്കാൻ കഴിയാത്ത കത്തോലിക്കാ സഭയുടെ ബലഹീനതയിലേക്കാണ്.’

ഈ ബലഹീനത ഒരു പരിധിവരെയെങ്കിലും മറികടക്കാനായി സഭയിലെ പുരോഹിത കന്യാസ്ത്രീ സമൂഹത്തിന് സഭാചാരത്തിലൂന്നിയ വ്യവസ്ഥാപിതമായൊരു ലൈംഗികാവസ്ഥയ്ക്ക് കത്തോലിക്ക സഭയുടെ പരമോന്നത അധികാരസഭയായ സുന്നോഹദാസ് രൂപം കൊടുക്കുകയാണ് വേണ്ടത്. എന്നാൽ ഈ വിഷയത്തിൽ അനിശ്ചിതാവസ്ഥ തിരുസഭ നിലനിർത്തുകയും അതിൽ നിന്നുണ്ടാകുന്ന പ്രത്യാഘാതങ്ങൾക്ക് ലോകത്തോട് മാർപ്പാപ്പമാർ മാപ്പു ചോദിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഈ കഥ തുടരുന്നത് ലോകജനതയെ വിഡ്ഢികളാക്കലാണ്. ഇതിലൂടെ തിരുസഭ ഉയർത്തിക്കാട്ടുന്ന മൂല്യങ്ങൾക്കാണ് ഇടിവ് തട്ടുന്നതെന്ന് ഇവർ മനസ്സിലാക്കുന്നില്ല.

ബാലപീഡനത്തിന്റെ പേരിൽ 2011, 2012 വർഷങ്ങളിൽ തിരുസഭയിൽ നിന്ന് 400 ലേറെ വൈദികരാണ് പുറത്താക്കപ്പെട്ടത്. ഐക്യരാഷ്ട്ര സംഘടനയുടെ കുട്ടികളുടെ അവകാശസംരക്ഷണത്തിനായുള്ള കമ്മിറ്റി റിപ്പോർട്ടിൽ കുട്ടികൾക്ക് നേരെയുള്ള കത്തോലിക്ക പുരോഹിതന്മാരുടെ ലൈംഗികപരാക്രമങ്ങളെ വളരെയധികം ഗൗരവത്തോടെയാണ് പരാമർശിച്ചുകാണുന്നത്. പേരാവൂർ കൊട്ടിയൂരിൽ വൈദികന്റെ പീഡനത്തിനിരയായി പതിനാറുകാരി പ്രസവിച്ച സംഭവം നമ്മുടെ കേരളത്തിൽ വിവാദമായിരിക്കുകയാണല്ലോ? കോളിളക്കം സൃഷ്ടിച്ച അഭയക്കേസ് എങ്ങുമെത്താതെ നിൽക്കുന്നു. മുൻ ഡി. ജി. പി. വിൻസന്റ് പോൾ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലെ ലൈംഗിക അരാജകത്വം സ്ഥിതീകരിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. സിസ്റ്റർ മേരി ചാണ്ടി ‘നന്മ നിറഞ്ഞവളെ സ്വസ്തി’ എന്ന പേരിൽ എഴുതിയ പുസ്തകത്തിൽ കന്യാസ്ത്രീ മഠങ്ങളിൽ നടക്കുന്ന ലൈംഗിക പേക്കൂത്തുകൾ വിവരിക്കുന്നുണ്ട്. കനത്ത മതിലുകൾക്കുള്ളിൽ അഴിഞ്ഞാടുന്ന പുരോഹിതന്മാരുടെ കാമകേളികളാണ് ഈ പുസ്തകത്തിലൂടെ സിസ്റ്റർ മേരിചാണ്ടി നമ്മോട് പറയുന്നത്. ഒരു കന്യാസ്ത്രീ പ്രസവത്തെത്തുടർന്ന് ആ കുഞ്ഞിനെ കൊല്ലാനുള്ള ശ്രമത്തിൽ നിന്നും അതിസാഹസികമായി ആ കുഞ്ഞിനെ സിസ്റ്റർ മേരിചാണ്ടി രക്ഷപ്പെടുത്തിയ സംഭവം ‘നന്മ നിറഞ്ഞവളെ സ്വസ്തി’ എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. മറ്റൊരു സിസ്റ്റർ ജസ്മി തന്റെ പുസ്തകത്തിൽ കന്യാസ്ത്രീകൾ പുരോഹിതന്മാരുടെ കാമാർത്തിക്ക് സ്വയം വിധേയമാകേണ്ടവളാണെന്നും അല്ലാതിരുന്നാൽ കന്യാസ്ത്രീ മഠത്തിൽ ജീവിക്കാനാവില്ലെന്നും മാനസിക പീഡനങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും തന്റെ പുസ്തകത്തിൽ പറയുന്നു.

ഇരുപത്തിയാറ് റോമൻ കത്തോലിക്ക സ്ത്രീകൾ തങ്ങൾ തിരുസഭയിലെ പുരോഹിതന്മാരുമായി ലൈംഗികബന്ധം പുലർത്തുന്നവരാണെന്നും ഈ പുരോഹിതന്മാർക്ക് വിവാഹബന്ധം വിലക്കുള്ളതിനാൽ

വിലക്കുകൾ എടുത്ത് കളഞ്ഞ് തങ്ങളെ വിവാഹം ചെയ്യാൻ പുരോഹിതന്മാരെ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് കത്തയച്ചിരിക്കുന്നു. കത്തിൽ പേരും മേൽവിലാസവും ഫോൺനമ്പരും അവരെ സംബന്ധിച്ചുള്ള മറ്റുവിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. കത്തിലെ വിവരങ്ങൾ റോമിലെ വെബ്സൈറ്റ് തന്നെയാണ് പുറത്ത് വിട്ടത്.

കത്തോലിക്ക പുരോഹിതൻ ഗാനക്വയറിന്റെ പേരിലും പള്ളിയിലെ വിവിധ സംഘടനകളിലും സ്ത്രീകളേയും കുട്ടികളേയും ഉൾപ്പെടുത്തിയ ശേഷം അവരിൽ അധികാരം സ്ഥാപിക്കുകയും തുടർന്ന് ഇവരുടെ ഇരകളാക്കി മാറ്റിയെടുക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ കത്തോലിക്ക പുരോഹിതർ സഭയുടെ നിയമത്തിനുള്ളിൽ അമർന്ന് നിവൃത്തിയില്ലാതെ ആൺകുട്ടികളോടുള്ള ബാലപീഡനങ്ങളിലും പ്രായമാകാത്ത പെൺകുട്ടികളെ ലൈംഗികതയ്ക്ക് ഇരയാക്കുന്നതിലും വാർത്തകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ നിലനിൽക്കുന്ന കത്തോലിക്ക പുരോഹിതരുടെ ഈ അവസ്ഥയ്ക്ക് തടയിടാൻ ഇവർക്ക് വിവാഹം അനുവദിച്ചുകൊടുക്കുകയെന്ന ഒറ്റ പോംവഴിയേയുള്ളു.

ക്രിസ്ത്യൻ പുരോഹിതന്മാർ ഇന്ന് അനുവർത്തിച്ചുവരുന്ന ബാലപീഡനങ്ങൾക്കും ലൈംഗിക ചൂഷണങ്ങൾക്കും അറുതി വരുത്താതെ ഇക്കാര്യത്തിന്മേൽ ഇടയ്ക്കിടെ ലോകത്തോട് മാപ്പ് പറഞ്ഞുകൊണ്ടിരിക്കുന്നത് ഒരു വിരോധാഭാസമാണ്. കത്തോലിക്ക പുരോഹിതന്മാർക്ക് ദാമ്പത്യം അനുവദിച്ചുകൊടുക്കുകയും അങ്ങനെ ദാമ്പത്യബന്ധത്തിൽ അവർ ഏർപ്പെട്ടുകൊണ്ട് ഉത്തരവാദിത്വത്തോടെ അവർ സഭാപ്രവർത്തനം നടത്തുകയുമാണ് വേണ്ടത്. ഇനിയെങ്കിലും പുരോഹിതന്മാരുടെ വിവാഹവിലക്ക് നീക്കുന്നതിനെക്കുറിച്ച് സുന്നഹദോസ് ചർച്ച ചെയ്ത് ഒരു തീരുമാനമെടുക്കണം. ക്രിസ്തു ഉദ്ബോധിപ്പിച്ചതുപോലെ ആദ്യം സ്വന്തം കണ്ണിലെ കരടാണ് എടുത്തുമാറ്റേണ്ടത്.



# കൊത്തമല്ലി ചിക്കൻ



പി. എൻ. ഗംഗാലക്ഷ്മി
9447972209

**ആവശ്യമുള്ള സാധനങ്ങൾ**

1. ചിക്കൻ – 1 കി.
2. മല്ലി ഇല – 2 കപ്പ്
3. പുതിന – 1/4 കപ്പ്
4. സവാള – 2 (വലുത് 1 എണ്ണം)
5. തക്കാളി – 2 എണ്ണം
6. പച്ചമുളക് – 8 എണ്ണം
7. ഇഞ്ചി വെളുത്തുള്ളി പേസ്റ്റ് – 2 ടേബിൾ സ്പൂൺ
8. കട്ടതൈര് – 1/2 കപ്പ്
9. മല്ലിപ്പൊടി – 2 ടീസ്പൂൺ
10. കുരുമുളകുപൊടി – 2 1/2 ടീസ്പൂൺ
11. ഗരംമസാല – 2 ടീസ്പൂൺ
12. മഞ്ഞൾ പൊടി – 1 ടീസ്പൂൺ
13. ഉപ്പ് – ആവശ്യത്തിന്
14. എണ്ണ – 1/2 കപ്പ്
15. അണ്ടിപ്പരിപ്പ് അരച്ചത് – 2 ടേബിൾ സ്പൂൺ

***പാകം ചെയ്യേണ്ട വിധം***

ചിക്കൻ വൃത്തിയാക്കി കഴുകി തൈരും വെളുത്തുള്ളി ഇഞ്ചി പേസ്റ്റ്, ഉപ്പ്, മഞ്ഞൾപ്പൊടി എന്നിവ പുരട്ടി ഒരു മണിക്കൂർ വെയ്ക്കുക. സവാള, തക്കാളി എന്നിവ ചെറുതായി അരിയുക. മല്ലിയില, പുതിന ഇല, പച്ചമുളക് എന്നിവ അരയ്ക്കുക. ഒരു പാനിൽ എണ്ണ ചൂടാക്കി സവാള വഴറ്റുക. സവാള വഴന്നുതുടങ്ങിയാൽ അരച്ചുവെച്ച മല്ലിയില മിശ്രിതം, മല്ലിപ്പൊടി, തക്കാളി എന്നിവ ചേർത്ത് വഴറ്റുക. വെള്ളം വറ്റി കളർ മാറി തുടങ്ങുമ്പോൾ ചിക്കൻ, 2 ടീസ്പൂൺ കുരുമുളകുപൊടി, ഉപ്പ് എന്നിവ ചേർത്ത് 5 മിനുട്ട് വഴറ്റുക. ചിക്കനിൽ മസാല പിടിച്ചുതുടങ്ങിയാൽ 2 കപ്പ് വെള്ളം ചേർത്ത് അടച്ചുവെച്ച് വേവിക്കുക. ചിക്കൻ വെന്ത് കുറുകിയ പാകമാകുമ്പോൾ അരച്ച അണ്ടിപ്പരിപ്പ്, ഗരം മസാലയും ചേർത്ത് വെള്ളമെല്ലാം വറ്റി ഏതാണ്ട് ചാറ് കഷ്ണത്തിൽ പൊതിഞ്ഞിരിക്കുന്ന പാകമാകുമ്പോൾ വാങ്ങിവെച്ച് 1/2 ടീസ്പൂൺ കുരുമുളകുപൊടി മീതെ തൂകി അടച്ചുവെയ്ക്കുക.

**Subscribe**
Eka Thathwa Malayalam Magazine
Single copy - Rs. 15/-
Subscription for one year - Rs. 170/-
For three years - Rs. 500/-

**രചനകളും അഭിപ്രായങ്ങളും അയയ്ക്കേണ്ട വിലാസം :**
ഏക തത്ത്വ
എ–9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു പുറകുവശം,
പാലക്കാട് – 678001.
or
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ – 70
പാലക്കാട് – 678001

Sent Money Order to :
Editor, Eka Thathwa,
A-9, New Civil Nagar,
Behind Civil Station,
Palakkad - 678001

# ചൂത്

പി. സുശീലാ ദേവി
6282960693

**2400** വർഷങ്ങൾക്കുമുമ്പ് ശ്രീ തിരുവള്ളുവർ വ്യാഖ്യാനിച്ച ചൂതിന്റെ നിർവ്വചനത്തിനെ ഇന്നത്തെ കാലത്തിൽ എങ്ങനെ നിർവ്വചിക്കാം. പതിനായിരത്തിൽ ഒരാളെങ്കിലും ജീവിക്കാനുള്ള ആഗ്രഹം കൊണ്ട് രോഗം വരാതിരിക്കാൻ മദ്യപാനമോ, വ്യഭിചാരമോ, മാംസഭോജനമോ ഒഴിവാക്കുന്നു. അല്ലെങ്കിൽ കുറച്ചു നിയന്ത്രിക്കുന്നു. ഭാഗവതത്തിൽ പഞ്ചമഹാപാപങ്ങളായി പറയുന്നത് മദ്യപാനം, ചൂതുകളി, വ്യഭിചാരം, ഹിംസ, അസത്യം എന്നിവയാണ്. ആദ്യസ്ഥാനം മദ്യപാനത്തിനായിരുന്നു. എന്നാൽ ഇന്ന് മദ്യപാനത്തെ ഓവർടേക്ക് ചെയ്ത് ഒന്നാം സ്ഥാനം ചൂതുകളി കരസ്ഥമാക്കിയത് ചിന്തിച്ചാൽ മനസ്സിലാകും. ജനം ധരിക്കുന്നത് പണം വെച്ച് ശീട്ടുപോലെയുള്ള കളിയാണ് ചൂത് എന്നും, ഞാൻ ഇന്നുവരെ അത് ചെയ്തിട്ടില്ല എന്നുമാണ്. കോടിയിൽ ഒരാൾ പോലും ചൂത് കളിക്കാതെയും അസത്യം പറയാതെയും ജീവിക്കുന്നുണ്ടോ എന്ന് സംശയമാണ്. എന്താണ് ചൂത് ? അധർമ്മത്തിലൂടെയുള്ള ധനസമ്പാദനം. അതിന് കൂട്ട് അസത്യവും. ജീവനേക്കാൾ ധനത്തെ സ്നേഹിക്കുന്നു. ധർമ്മവഴിയിലൂടെ എത്ര വേണമെങ്കിലും സമ്പാദിക്കാമെന്ന് സനാതനധർമ്മം അനുശാസിക്കുന്നുണ്ടെങ്കിലും അത് സാധ്യമല്ല. ധർമ്മവഴിയിലൂടെയുള്ള സമ്പാദ്യം എന്നാൽ ഒരു ജീവരാശിക്കും എന്നുമാത്രമല്ല ജീവനില്ലാത്ത വസ്തുക്കൾക്കും തിന്മ ചെയ്യാത്ത സമ്പാദ്യരീതി. അദ്ധ്വാനത്തോടെയും അധർമ്മമില്ലാതെയുമുള്ള സമ്പാദ്യം. അത് ഒരിക്കലും ധാരാളമായി നേടാൻ പറ്റില്ല. സമ്പാദ്യം മാത്രമല്ല, അതിന്റെ വിനിയോഗവും ശ്രേഷ്ഠതമമാകണം. എങ്കിലേ ചൂതല്ലാതാവുകയുള്ളു. ധാർമ്മിക വഴിയിൽ സമ്പാദിച്ചതാണെങ്കിലും അത് സത്കർമ്മത്തിനായി വിനിയോഗിക്കാതെ കൂട്ടിവെക്കുന്നത്, പൂഴ്ത്തിവെയ്പ്പ് എന്ന ചൂതാണ്.

സ്വന്തം സമ്പാദ്യത്തിന്റെ പത്തിൽ ഒരു ഭാഗമെങ്കിലും തനിക്കും ഭാര്യയ്ക്കും മക്കൾക്കും അമ്മയ്ക്കും അച്ഛനും അല്ലാത്തവർക്കു വേണ്ടി ചിലവഴിക്കണമെന്ന് സനാതന ധർമ്മം പറയുന്നു. ഈ നാലുപേർക്ക് നല്കുന്നത് താൻ ഭക്ഷണം കഴിച്ചു എന്നുപറയുന്നത് ഏതുപോലെ ദാനമാകുന്നില്ലയോ അതുപോലെയാണ്. ഈ നാലുപേർക്കല്ലാതെ ചെയ്യുന്ന ഓരോ പൈസയും ദാനവും ധർമ്മവുമാണ്. ധർമ്മമാർഗ്ഗത്തിലൂടെ സമ്പാദിച്ചുമാത്രമേ ദാനം ചെയ്യേണ്ടു. കട്ടും കൊള്ളയടിച്ചും ദാനം ചെയ്യേണ്ട ആവശ്യമില്ല. അധർമ്മത്തിലൂടെ ധനം സമ്പാദിച്ച് ദാനം ചെയ്യുന്നത് ഏതുപോലെയെന്നാൽ അറിഞ്ഞുകൊണ്ട് മഹാപാതകങ്ങൾ ചെയ്ത് ഉദാഹരണത്തിന് മദ്യവും മയക്കുമരുന്നും വിറ്റ് പണമുണ്ടാക്കി പ്രായശ്ചിത്തമായി ക്ഷേത്രത്തിൽ ഉണ്ടികയിൽ കൊണ്ടുപോയി നിക്ഷേപിക്കുന്നത് പോലെ നിരർത്ഥകമാണ് മദ്യപാനവും വ്യഭിചാരവും ഹിംസയും (മാംസഭോജനവും). സ്വന്തം ശരീരത്തെ നശിപ്പിക്കുമ്പോൾ ചൂതും, അസത്യവും സമൂഹത്തിനെ മുഴുവൻ ദുരിതത്തിലാഴ്ത്തുന്നു. ഒന്നാമത്തെ ചൂത് മായം ചേർക്കൽ. സൂര്യന് കീഴിൽ ഒരു വസ്തുവും മായം ചേർക്കാതെയില്ല. കൈക്കൂലി, പൂഴ്ത്തിവെയ്പ്പ്, കള്ളക്കടത്ത്, കള്ളപ്പണം, കുഴൽപ്പണം, പുന്നാര നാമമായ കമ്മീഷൻ, ലഹരി വസ്തുക്കൾ വിറ്റ് ധനം സമ്പാദിക്കൽ, പലിശ, ലോട്ടറി എല്ലാം ചൂത് തന്നെ. ചൂത് കളിച്ച് ധനം കൂട്ടാത്തവന് സ്വസ്ഥത (ശാന്തി) ഉണ്ടാകും. സനാതനധർമ്മം പറയുന്നു, ഒരു വൈശ്യൻ (കച്ചവടക്കാരൻ) 1 രൂപയുടെ കച്ചവടം ചെയ്യുമ്പോൾ 6 പൈസ ലാഭം എടുക്കാം. 6 പൈസ ഉപഭോക്താവിൽ നിന്നും വാങ്ങാം. പക്ഷെ ഇന്ന് 60 ഇരട്ടി ലാഭം എടുക്കുന്നത് നിത്യസംഭവമാണ്. അങ്ങിനെ സമ്പാദിക്കുന്ന ഓരോ രൂപയും ആശുപത്രിയിൽ കൊടുത്ത് നരകയാതന അനുഭവിക്കുന്നതും കാണാൻ കഴിയുന്നു. സത്ക്കർമ്മത്തിന് വിനിയോഗിക്കാത്ത ഓരോ രൂപയും ആശുപത്രിയിൽ കൊടുക്കേണ്ടിവരും.

ഞാൻ ഈ അടുത്ത ദിവസത്തിൽ കേട്ടതാണ്, ലോട്ടറി കടയുടെ മുൻവശത്ത് ഒരു വ്യക്തി, സമ്പന്നനല്ല എന്നിട്ടും ഇന്നലെ 1500 രൂപക്ക് ടിക്കറ്റെടുത്ത് 100 രൂപ കിട്ടി എന്ന്. ഞാൻ അത്ഭുതപ്പെട്ടു. ഈ വ്യക്തിക്ക് ഭ്രാന്താണ്. മക്കൾക്ക് ഭക്ഷണവും വസ്ത്രവും പുസ്തകവും ആകേണ്ട തുകയാണ് ഇങ്ങനെ നഷ്ടപ്പെടുത്തുന്നത്. അദ്ധ്വാനിക്കാതെ ധനമുണ്ടാക്കണം എന്ന് മോഹം. എനിക്കറിയാവുന്ന ഒരു വ്യക്തി വയസ്സ് 90ന് അടുത്തെത്തി. ഉന്നത ഭൗതിക വിദ്യാഭ്യാസവും ഉന്നത ഔദ്യോഗിക പദവിയും. ഭാര്യ മരിച്ചു. ഇഷ്ടം പോലെ സ്വത്ത്. രണ്ട് മക്കളേ ഉള്ളു. അയാളുടെ നേരംപോക്ക് ലോട്ടറി എടുക്കലായിരുന്നു. മദ്യപാനമോ മറ്റ് ദുർവൃത്തികളൊന്നുമില്ല. വയസ്സുകാലത്ത് ഓരോ കടയിൽ നിന്നും ലോട്ടറി വാങ്ങും. കുറച്ചുമാസങ്ങൾക്കുമുമ്പ് അയാൾ മരിച്ചു. ഇനി അടുത്ത ജന്മവും അയാൾക്ക് ഈ ഭ്രാന്ത് തന്നെയായിരിക്കും. ചിന്താശക്തി (വിവേകം) ഇല്ലാത്തതിന്റെ ഫലം. ഭൗതിക വിദ്യാഭ്യാസം കൊണ്ട് ഒരാ

ൾക്കും ഈ മോഹത്തിൽ നിന്ന് മറികടക്കാൻ സാധിക്കില്ല. ഭക്ഷണവും ഔഷധവും വിദ്യയും വിറ്റ് കാശുണ്ടാക്കരുത് എന്ന് ധർമ്മശാസ്ത്രം പറയുമ്പോൾ ഇന്ന് ഇത് മൂന്നുമാണ് കൊള്ള ലാഭം കൊയ്യാനായി ജനങ്ങൾ സ്വീകരിക്കുന്ന മാർഗ്ഗം. സ്വന്തം പിതാവ് അദ്ധ്വാനിച്ചുണ്ടാക്കുന്ന സ്വത്ത് മാത്രമേ മക്കൾക്ക് ഉപയോഗിക്കാൻ അവകാശമുള്ളു. പൈതൃകമായി (തറവാട്ടിൽ നിന്ന്) ലഭിക്കുന്നത് സത്ക്കർമ്മത്തിനുള്ളതാണ് എന്നിരിക്കെ ഇന്ന് ആരുടെ സ്വത്തും സ്വന്തമാക്കാനുള്ള കപടതന്ത്രങ്ങൾ മെനയുന്നു. ഇതാണ് പ്രകൃതി ദുരന്തത്തിന്റെ അടിസ്ഥാന ഘടകം. അപരിഗ്രഹം (അന്യന്റെ ഏതുവിധ സ്വത്തും സ്വീകരിക്കാതിരിക്കൽ) എന്ന ഗുണം ഒരു വ്യക്തിക്കുണ്ടാകണം. അങ്ങിനെയുള്ള വ്യക്തിയാണ് ചൂതുകളിക്കാത്തവൻ. പഞ്ചമഹാപാപം ചെയ്യാത്തവന്റെ കൂടെ എന്നും ഈശ്വരാനുഗ്രഹം ഉണ്ടാകും. ഈശ്വരാനുഗ്രഹം എന്നാൽ ഈ പാതകങ്ങൾ ചെയ്യാത്തവന്റെ ബുദ്ധി അവനെ നേർവഴിക്ക് നയിക്കും. അവന് ശാന്തിയുണ്ടാകും. അതുതന്നെ അനുഗ്രഹം.

***സമ്പാദനം : തിരുക്കുറൾ – അർത്ഥ പദ്ധതി. അധികാരം 94. ചൂത്***

1. ജയിച്ചാലും ചൂതുകളി ആശാസ്യമല്ല. ജയം, മീൻ വിഴുങ്ങിയ ചൂണ്ട പോലെയാകുന്നു. ജയിച്ചാൽ, പിന്നെയും പിന്നെയും കളിക്കണമെന്നുതോന്നുമെന്നും ഒടുവിൽ ധന നഷ്ടത്തിന് സംഗതിയാകുമെന്നും സാരം.

2. ഒന്നുകിട്ടി നൂറുനഷ്ടപ്പെടുത്തുന്ന ചൂതാട്ടക്കാർ ധർമ്മത്തിന്റെ വഴിയിൽ ചെന്നെത്തുകയില്ല. ചൂതു കളിക്കാർക്ക് ധർമ്മചിന്ത ഉണ്ടാകുകയില്ലെന്ന് താത്പര്യം.

3. ചൂതുകളിയെക്കുറിച്ചുതന്നെ സദാ സംസാരിക്കുന്നവന്റെ സമ്പത്തും ധനാഗമമാർഗ്ഗങ്ങളും നഷ്ടമാകും. (ചൂതാട്ടക്കാരനായ് രാജാവിന്റെ രാജ്യവും ഐശ്വര്യവും ശത്രുവിന്നധീനമായിത്തീരുമെന്നു സൂചിപ്പിക്കുന്നു.)

4. പല കഷ്ടതകൾ വരുത്തുകയും കീർത്തിയെ കെടുത്തുകയും ചെയ്യുന്ന ചൂതുകളി പോലെ ദാരിദ്ര്യമുണ്ടാക്കുന്ന മറ്റൊന്നുമില്ല.

5. യാതൊന്നുമില്ലാത്തവരായി കലാശിച്ചിട്ടുള്ളവരെല്ലാം ചൂതും കൈയും കളിക്കളവുമായി കഴിഞ്ഞുകൂടിയവരാണ്.

6. ചൂതെന്നു പറയപ്പെടുന്ന മൂശേട്ടയാൽ വിഴുങ്ങപ്പെട്ടവർക്ക് ദാരിദ്ര്യവും ദുഃഖവും ഒഴിയുകയില്ല.

7. ചൂതുകളിയിലേർപ്പെട്ടുകാലം കളയുന്ന വിചാരമൂഢൻ അവന്റെ പഴയ ഐശ്വര്യത്തെയും സദ്ഗുണങ്ങളെയും നശിപ്പിക്കുന്നു. ജീവിത വിജയത്തിനുവേണ്ടി വിനിയോഗിക്കേണ്ട സമയം പാഴാക്കുന്നതിനാൽ ഉള്ളതു കൂടി നശിക്കുന്നു എന്നുസാരം.

8. ചൂത്, ധനം മുഴുവൻ നശിപ്പിക്കുകയും വ്യാജശീലം വർദ്ധിപ്പിക്കുകയും സ്നേഹം കെടുത്തുകയും ദുഃഖം അനുഭവിപ്പിക്കുകയും ചെയ്യും.

9. ചൂതുകളിയിൽ ഭ്രമിക്കുന്നവന്, ഐശ്വര്യം, സൽകീർത്തി, അറിവ്, അന്നം, വസ്ത്രം ഈ അഞ്ചും ഉണ്ടാകുകയില്ല. മനുഷ്യർക്ക് വേണ്ടതൊന്നും ചൂതാട്ടക്കാരന് ലഭിക്കയില്ലെന്ന് താല്പര്യം.

10. നഷ്ടം വരുംതോറും ചൂതിൽ ആസക്തി പെരുകുന്ന ചൂതാടിയെപ്പോലെ കഷ്ടപ്പെടുന്തോറും ജീവൻ ശരീരത്തെ അധികമധികം സ്നേഹിക്കുന്നു. രോഗദാരിദ്ര്യാദികളാൽ ശരീരം തപിക്കുന്തോറും ജീവിതാശ വർദ്ധിക്കുന്നതുപോലെ നഷ്ടം കൂടിക്കൂടി വരുന്തോറും ചൂതുകളിക്കാരൻ ചൂതിൽ ആശ ചെലുത്തുന്നു എന്നുസാരം. ഇവിടെ ചൂതാടിയുടെ അവസ്ഥയിൽ നിന്നു സർവ്വജന സംബന്ധിയായ ഒരു തത്ത്വം കവി പ്രകാശിപ്പിച്ചിരിക്കുകയാണ്.

●

## തെങ്ങ് ഒരു കല്പകവൃക്ഷമാണെങ്കിൽ അത്തിയും അമൃതമാണ്




**ടി. ജെ. നായർ**
**9446630412**

**വേ**ദഗ്രന്ഥങ്ങളിൽ പോലും അത്തിമരത്തേയും, അത്തിപ്പഴത്തേയും പറ്റിയുള്ള പരാമർശങ്ങൾ ഉണ്ട്. 'വൃദ്ധോ പി തരുണായതേ' എന്ന ഒരേ ഒരു പ്രയോഗത്തിൽ നിന്ന് തന്നെ അതിന്റെ മഹത്വം മനസ്സിലാക്കാവുന്നതാണ്. അത്തിപ്പഴം – തേൻ, പാൽ, കൽക്കണ്ടം എന്നിവയോടൊപ്പം ഇരുപത്തി ഒന്ന് ദിവസം രാവിലെ വെറും വയറ്റിൽ സേവിച്ചാൽ വൃദ്ധന്മാരും യുവാക്കളായി മാറും എന്ന് ഈ വേദാർത്ഥം.

നമ്മുടെ ആയുർവേദത്തിലും അത്തിമരത്തിന്റെ സമൂലം ഒരു കൈ കണ്ട ഔഷധമാണ്. ഈ മരം മുറിക്കുമ്പോൾ അതിൽ നിന്ന് വെളുത്ത നിറത്തിൽ പാൽ പോലുള്ള ഒരു ദ്രാവകം ഒഴുകിവരും. നാം നോക്കി നിൽക്കുമ്പോൾ തന്നെ അത് മഞ്ഞൾ നിറമായി മാറുന്നത് കാണാം. ചരകസംഹിതയിലും ഈ സത്തിന്റെ ഗുണഗണങ്ങളെപ്പറ്റിയുള്ള പരാമർശങ്ങൾ കാണാം. ചർമ്മ സംരക്ഷണത്തിന് ഇത് ഏഴു ദിവസങ്ങൾ തേച്ചാൽ മാത്രം മതി – 'സോറിയാസിസ്' രോഗികൾ ആയിരങ്ങൾ ചിലവഴിച്ചിട്ടും മാറാതെ നരകിയ്ക്കുന്ന ഈ തോലുരിയൽ രോഗത്തിന്, വെള്ളപ്പാണ്ടിന് ഇരുപത്തിയൊന്ന് ദിവസം ഈ മഞ്ഞലേപനം പുരട്ടിയാൽ മതി. കൂടെത്തന്നെ അത്തിമരത്തിന്റെ ഇലകൾ ഉണക്കിപ്പൊടിച്ച് പശുവിൻ പാലും, തേനും ചേർത്ത് കഴിക്കുവാനും മറക്കരുത്. സംസ്കൃതത്തിൽ ഉദുംബർ, ഇംഗ്ലീഷിൽ Gular fig എന്നീ പേരുകളിൽ അറിയപ്പെടുന്നത് നമ്മുടെ സ്വന്തം അത്തി മരമാണ്. ആയുർവേദ സിദ്ധൗഷധം.

●



# ഭാഗ്യജാതകം

**പ്രൊഫ. എം.ആർ. ചന്ദ്രശേഖരൻ**

*സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാടിനൊപ്പം വളരെക്കാലം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിക്കുകയും സമരം നയിക്കുകയും ജയിൽവാസം അനുഭവിക്കുകയും പിന്നീട് പാർട്ടിയിലൂടെ ഉടലെടുത്ത ഒരു പ്രശ്നത്തെത്തുടർന്ന് പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെട്ട പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ പിന്നീട് സാഹിത്യരംഗത്ത് പ്രവേശിക്കുകയും നാല്പതോളം രചനകൾ സാഹിത്യലോകത്തിന് സംഭാവന ചെയ്യുകയുമുണ്ടായി. ശ്രീ. എം. ആർ. സി. ഏക തത്ത്വ പ്രസിദ്ധീകരിച്ച ശ്രീ. പൂവത്തിങ്കൽ ഭാസ്ക്കരന്റെ കുമ്പാരൻ കട്ടിയിൽ നിന്ന് കലക്ടറേറ്റിലേക്ക് എന്ന ആത്മകഥ വായിച്ചെഴുതിയ ആസ്വാദനക്കുറിപ്പ്...*

റെയിൽവേ ജംഗ്ഷനുള്ള ഷൊർണ്ണൂരിൽനിന്ന് ഏറെ ദൂരെയല്ലാതെ കുമ്പാരൻകട്ടി. മൺപാത്രങ്ങളുണ്ടാക്കുന്ന കുമ്പാരൻമാരുടെ പ്രദേശം. അവിടെ ഒരു റെയിൽവേ ഗാങ്ങ്മാൻ പൂവ്വത്തിങ്കൽ നാരായണൻ, അച്ഛൻ. അമ്മ ചിന്നു. മകൻ ഭാസ്കരൻ. 1947 ൽ ജനനം. അച്ഛനമ്മമാരുടെ അഞ്ചാമത്തെ സന്താനം. ഭാസ്കരൻ കാലേ ഉൽബുദ്ധനായിരുന്നു. ഭഗവത്ഗീതയിലെ ധർമ്മസംസ്ഥാപനം; ശങ്കരാചാര്യരും സ്വാമി വിവേകാനന്ദനും മാർഗ്ഗദീപങ്ങൾ. സമീപഗ്രാമത്തിലുള്ള കണയം സ്കൂളിൽ 7 വരെ പഠിപ്പ്. അത്ര പഠിച്ചാൽ മതി എന്നത് നാട്ടുനടപ്പ്. എന്നാൽ, ഭാസ്കരൻ പഠിപ്പ് അവിടം കൊണ്ട് നിർത്താൻ കൂട്ടാക്കിയില്ല. ഹൈസ്കൂൾ എട്ടുനാഴിക ദൂരെ വാടാനംകുറിശ്ശിയിൽ. പഴങ്കഞ്ഞികുടിച്ച്, ഒഴിഞ്ഞ തൂക്കുപാത്രവുമായി സ്കൂളിലേക്ക്. ഉച്ചക്കഞ്ഞിയുണ്ടായിരുന്നു സ്കൂളിൽ. പത്തിൽ പരീക്ഷ. പരീക്ഷാഫീസടക്കാനില്ല. ഹെഡ്മാസ്റ്ററുടെ മുമ്പിൽ പരുങ്ങി നില്ക്കെ സ്കൂളിൽ സാമൂഹ്യശാസ്ത്രം പഠിപ്പിക്കുന്ന പത്മടീച്ചർ ഫീസടച്ചു. ഭാസ്കരൻ പത്മടീച്ചറോടുള്ള കടപ്പാട് മറന്നില്ല. റവന്യൂ വകുപ്പിൽനിന്ന് ഡെപ്യൂട്ടി കലക്ടർ ആയി റിട്ടയർ ചെയ്തശേഷം, തിരഞ്ഞുപിടിച്ച് ടീച്ചറെ കണ്ട് പാദങ്ങളിൽ നമസ്കരിച്ചു. അവർ ആലുവായിൽ ആയിരുന്നു. അതിനെ ജീവിത സാഫല്യമായി കരുതി ഭാസ്കരൻ.

എസ്.എസ്.എൽ.സി. കഴിഞ്ഞ ശേഷം ഷൊർണ്ണൂരിലെ ശ്രീനാരായണാ എൻജിനീയറിംഗ് ഇൻഡസ്ട്രിയിൽ ക്ലാർക്കായി നിയമനം കിട്ടി. എം.പി. മൂത്തേടത്ത്, സ്ഥാപനത്തിന്റെ ഉടമ. ഷൊർണ്ണൂരിലെ ഇരുമ്പുവ്യവസായത്തിന്റെ പിതാമഹൻ. പക്ഷെ, ഫാക്ടറിയിൽ തുടർന്നാൽ ഭാവിയില്ല എന്ന് ചങ്ങാതിമാർ പറഞ്ഞു. ജോലിചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് 400ക. സ്കോളർഷിപ്പായി ലഭിച്ചു. മൂത്തേടത്തിന്റെ അമ്മയുടെ പേരിലുള്ള എം.എം.ഇ. ട്രസ്റ്റിൽനിന്നുള്ള സ്കോളർഷിപ്പ് ആയിരുന്നു സംഖ്യ.

ഭാസ്കരൻ ടി.ടി.സി. കോഴ്സിൽ ചേർന്നു. എന്നാൽ അതു തുടർന്നില്ല. ഗവൺമെണ്ട് നിയമനം കിട്ടി. കണ്ണൂർ കലക്ട്രേറ്റിൽ ബർമ്മയിൽ നിന്നുള്ള അഭയാർത്ഥികൾക്ക് 3000ക. സഹായധനമായി നൽകുന്നുണ്ടായിരുന്നു. അതിന്റെ ചുമതല ഭാസ്കരന് ആയിരുന്നു. പണം കൈപ്പറ്റിയ ഒരാൾ ക്ലാർക്കിനും കൈക്കൂലിയായി ഒരു സംഖ്യ കൊടുത്തു. ഭാസ്കരൻ അതങ്ങനെത്തന്നെ തിരിച്ചുകൊടുത്തു. ഭാസ്കരൻ ജീവിതത്തിലുടനീളം അഴിമതിയിൽ നിന്നു വിട്ടുനിന്നു. ഷൊർണ്ണൂരിലെ എൻജിനീയറിംഗ് സ്ഥാപനത്തിലെ ജോലിയിൽ കൃത്രിമം നടത്തി പണമുണ്ടാക്കാൻ സഹപ്രവർത്തകർ പ്രേരിപ്പിച്ചു. ഭാസ്കരൻ ആ വലയിൽ വീണില്ല. കണ്ണൂരിൽ ചുരുങ്ങിയ ചെലവിൽ ജീവിച്ചു. അച്ഛന് 25ക. മാസംതോറും അയച്ചു.

ഒറ്റപ്പാലം താലൂക്കാഫീസിലേക്ക് മാറ്റം കിട്ടി. കൂടെ ജോലി ചെയ്തിരുന്നവരെപ്പറ്റി ഭാസ്കരൻ എഴുതുന്നു: സുന്ദരിയായ രാധാദേവി, ചുരുളൻമുടിയുള്ള ഏലിയമ്മ, സുമുഖനായ സുകുമാരൻ നായർ, കാതൽ മന്നൻ ജനാർദ്ദനൻ, എഴുത്തുകാരനായ സുവേണു.(വേണുഗോപാൽ സുവേണു തൂലികാനാമമായി സ്വീകരിച്ചു, സർവ്വീസ് ചട്ടങ്ങളിൽനിന്നുള്ള സ്വാതന്ത്ര്യത്തിന്). ഈ ഭാഗം ഇങ്ങനെ എഴുതിയത്, ഭാസ്കരന്റെ ഗ്രന്ഥത്തിൽ ഉടനീളം, പറയുന്നതെല്ലാം പഴുതടച്ചു പറയുന്നു എന്നതിന്റെ സൂചനയായിട്ടാണ്. ഇംഗ്ലീഷിൽ meticulous എന്നു പറയാം. സഹപ്രവർത്തകരെപ്പറ്റി മാത്രമല്ല, ബന്ധുജനങ്ങളെപ്പറ്റി പറയുമ്പോഴും അതു തന്നെ നിയമം. ഭാസ്കരന്റെ ഔദ്യോഗികജീവിതത്തിൽ വന്നുപെടുന്ന മേലുദ്യോഗസ്ഥന്മാരെ, മറ്റുതരത്തിൽ ബന്ധപ്പെടുന്നവരെ, അവതരിപ്പിക്കുമ്പോഴും അതാണ് ഭാസകരന്റെ രീതി. ഗവൺമെന്റ് വകുപ്പിലെ സമ്പ്രദായം അതായിരിക്കാം. പറയാനുള്ളതെല്ലാം സവിസ്തരമായും രേഖാമൂലമായും പറയണം. ഭരണനടപടികൾ ആകമാനം ഫയലിൽ ഉണ്ടാകണം. ആ ശിക്ഷണം ഭാസ്കരൻ ഗ്രന്ഥ രചനയിൽ പാലിക്കുന്നു.

1.1.70ൽ ഭൂപരിഷ്കരണനിയമം നടപ്പിലായി. അതിനെപ്പറ്റി ഭാസ്കരൻ: 'കൈവശഭൂമിക്ക് പാട്ടം കൊടുക്കേണ്ട. എന്നാൽ പാട്ടം കിട്ടി ഉപജീവനം കഴിച്ചിരുന്ന ചെറുകിട ഭൂ ഉടമകൾ. അവരുടെ കഞ്ഞികുടി മുട്ടി (ആത്മകഥ പുറം 70).

കോങ്ങാട് നാരായണൻ കുട്ടി നായർ കൊലചെയ്യപ്പെട്ടു; നാടിനെ അത് ഞെട്ടിച്ചു. ഭാസ്കരൻ ശ്രീകൃഷ്ണപുരത്ത് ജോലിയിലായിരുന്നു. ശ്രീകൃഷ്ണപുരത്ത് പെരുമങ്ങോട്ടുള്ള ശങ്കുണ്ണിനായരുടെ റൈസ് മില്ലിനടുത്ത്, ഓഫീസ് റൂമിൽ ആയിരുന്നു അപ്പോൾ താമസം. റൈസ് മില്ലി

നടുത്തുള്ള വലിയ ഇരുനിലകെട്ടിടത്തിൽ ശങ്കുണ്ണിനായരുടെ അച്ഛൻ രാമൻനായരും അമ്മയും മധുരപ്പതി നേഴുകാരിയായ മൂത്തമകളും താമസിച്ചിരുന്നു. (മധുരപ്പതിനേഴ് ഈ കൃതിയിൽ അസ്ഥാനത്താണ്. അതിനെ 'പൈങ്കിളി' എന്നാണ് പറയുക. സിനിമാപാട്ടിൽ അതിന് സാംഗത്യമുണ്ട്)

മണ്ണാർക്കാട്ടായിരുന്നപ്പോൾ, ഒരു വിവാഹാലോചന ഉണ്ടായി. സുബൈർ എന്നുപേരുള്ള ഒരു സഹപ്രവർത്തകനാണ് അത് കൊണ്ടുവന്നത്. ബയോഡാറ്റ പരിശോധിച്ചപ്പോൾ, മുരുക്കിൽനിന്നു മുള്ളിലത്തോട്ട് കയറുന്ന തോന്നലുണ്ടായി. അഞ്ചു പെൺമക്കളിൽ മൂത്തവൾ. ഒരു സഹോദരൻ ഉണ്ട്. പിതാവ് പാരമ്പര്യ വൈദ്യൻ. വിവാഹാലോചന ചീറ്റിപ്പോയി. (പുറം77) പക്ഷെ, ആ വധുവിനെത്തന്നെയാണ് ഭാസ്കരൻ വിവാഹം ചെയ്തത്, 4 കൊല്ലം കഴിഞ്ഞ്. വിധിയുടെ വേലത്തരം എന്നേ പറയേണ്ടു.

ഒറ്റപ്പാലത്ത് നിയമനം. അവിടെ വ്യവസായപ്രമുഖൻ ഇ.പി. മാധവൻ നായരുടെ സാമ്രാജ്യം. അതിനെപ്പറ്റിയുള്ള വിശദവിവരണം പുസ്തകത്തിൽ രണ്ടിടത്തായിട്ടുണ്ട്.

വിവാഹസംഗതി വൈകുന്നു, 'കന്നുപൂട്ടാതെ കാള തന്തയായി' എന്ന് ചൊല്ല് ഓർമ്മയിൽ വന്നു. ശമ്പളം 402ക. പവന് 380ക. പണിക്കൂലി വേറെ. താലി ഒരു പവൻ. 200കടം വാങ്ങി. കല്ല്യാണത്തിരക്കിൽ സ്ഥലം മാറ്റവും. പോരെങ്കിൽ, അടിയന്തരാവസ്ഥ. 1975 കാലം. ലീവിന് പ്രയാസം. 15 ദിവസത്തെ ലീവ് അനുവദിച്ചു; 'കല്യാണവും ഒരടിയന്തിരാവസ്ഥയാണല്ലോ' എന്ന ഫലിതത്തോടെ മേലുദ്യോഗസ്ഥൻ. കല്യാണദിവസം ടാക്സി പണിമുടക്കം.

ജീവിതയാത്രയിൽ ഭാസ്കരനു പ്രയാസങ്ങൾ ഇല്ലാതെയില്ല. എന്നാൽ, എല്ലാം അനായാസമായി തരണം ചെയ്യപ്പെടുന്നു. ധാർമ്മികതയും ദൈവവിശ്വാസവും ആണ് ഭാസ്കരന്റെ ആശ്രയമാർഗ്ഗങ്ങൾ.

ഭാസ്കരന് തൃത്താലയിലേക്ക് സ്ഥലം മാറ്റം; റവന്യൂ ഇൻസ്പെക്ടറായി. ഭാര്യ വത്സലയ്ക്ക് അകലൂർ യു.പി.യിലേക്ക് സ്ഥലംമാറ്റം. ഭാസ്കരന് ചാലിശ്ശേരിയിൽ ഒരു ജപ്തി. അത് നടപ്പായില്ല. ചാലിശ്ശേരി ഇട്ടൂപ്പ് എന്ന ആളുടെ സെയിൽസ് ടാക്സ് കുടിശ്ശികയ്ക്കായിരുന്നു ജപ്തി. തളർന്ന് അവശനായി ചാരുകസേരയിൽ ഇട്ടൂപ്പ്. പാക്കിസ്ഥാൻ യുദ്ധകാലത്ത് അയച്ച അടയ്ക്കവണ്ടി ലക്ഷ്യസ്ഥാനത്തെത്തിയില്ല. സാമ്പത്തികനഷ്ടം സംഭവിച്ചു. നീല ഐ.എ.എസ്. സബ്കലക്ടർ. ഭാസ്കരന്റെ വിശദീകരണം സബ് കലക്ടർക്ക് ഇഷ്ടപ്പെട്ടില്ല. താസിൽദാരുടെ ഉപദേശം ഭാസ്കരന്: മേലുദ്യോഗസ്ഥനോട് നേര് പറയരുത്.

മറ്റൊരു സംഭവം. പട്ടിത്തറയിൽ മരക്കമ്പനി നടത്തുന്ന ആൾ. അയാൾ പറഞ്ഞു; റവന്യൂ റിക്കവറി നോട്ടീസ് കിട്ടി. നടപടിയെടുത്ത് മാനം കെടുത്തരുത്. അപേക്ഷകൻ 100ക. വീട്ടിലിട്ട് പോയി. ഭാസ്കരൻ പറയുന്നു:

"എനിക്ക് അന്നു രാത്രി ഉറക്കം വന്നില്ല. പിറ്റേദിവസം അയാളുടെ വീട്ടിൽപോയി 100 രൂപ മടക്കിക്കൊടുത്തു."

വീടുപണി പൂർത്തിയാക്കാൻ മരം വേണം. തറവാട്ടിലെ പ്ലാവ് മുറിക്കാൻ അച്ഛൻ സമ്മതം നൽകി. കച്ചവടക്കാരൻ 20000ക. വില പറഞ്ഞ പ്ലാവ്. പണത്തിന് ആവശ്യമുണ്ടായിട്ടും പ്ലാവ് തൊടാൻ ഭാസ്കരൻ ആളായില്ല. പ്ലാവും ചക്കയും ഭാസ്കരന്റെ ജീവിതത്തിൽ പ്രാധാന്യമുള്ളവയാണ്. വിശപ്പടക്കാൻ ചക്ക കൊണ്ടുപോയിരുന്ന പാത്തുട്ടിഉമ്മ ഇന്നും ജീവിച്ചിരിപ്പുണ്ട്. "ഇപ്പോൾ ഞാൻ താമസിക്കുന്ന പാലപ്പുറത്തുള്ള വീട്ടുവളപ്പിൽ ധാരാളം ചക്കയുണ്ട്. ചക്കപ്പഴം അണ്ണാനും കിളികളും തിന്ന് നശിച്ചുപോകുമ്പോൾ എന്റെ പഴയകാലം ഓർത്തുപോകുന്നു. (പുറം26) ഭാസ്കരന് പ്ലാവിൽ മാത്രമല്ല എല്ലാത്തരം വൃക്ഷങ്ങളിലും താല്പര്യമുണ്ട്. അത് പുതുമയല്ല. പ്രകൃതിസ്വഭാവമാണ്. തറവാട്ടിലെ പ്ലാവ് മുറിച്ചില്ല. പണം പിന്നീട് വന്നുചേരും. മുറിച്ച മരത്തിന്റെ കാര്യം അങ്ങനെയല്ല. വീടിന്റെ മുകൾ നില പണി പൂർത്തിയാക്കാൻ മരം പുറത്തുനിന്നുവാങ്ങി. (അവിടെയും മരത്തിന് രക്ഷയില്ല).

ഭാര്യയുടെ ശമ്പളം ഗൃഹനിർമ്മാണത്തിനു പ്രയോജനപ്പെട്ടു. ഇഷ്ടിക വാങ്ങി. ആശാരിക്കൂലിയെപ്പറ്റിയും ഭാസ്കരൻ പറയുന്നുണ്ട്. തൻ കാര്യത്തിനുപുറത്തും ചിലത് ഭാസ്കരന്റെ പുസ്തകത്തിലുണ്ട്. ഇന്ത്യയുടെ ഉന്നതരാജ്യതന്ത്രജ്ഞനായ ശ്രീ. കെ. പി. എസ്. മേനോനെപ്പറ്റി രണ്ടിടത്ത് പറഞ്ഞിട്ടുണ്ട്. ഒറ്റപ്പാലത്തെ എൻ.എസ്.എസ്. കോളേജ് നിൽക്കുന്ന ഭൂമി മേനോന്റെ സംഭാവനയാണ്. ശ്രീ. വി.പി. മേനോനാണ് സ്മരിയ്ക്കപ്പെട്ട മറ്റൊരു മഹാപുരുഷൻ. ഭാസ്കരൻ എഴുതുന്നു: 'സ്വതന്ത്രഇന്ത്യയുടെ ആഭ്യന്തര മന്ത്രിയായ സർദാർ വല്ലഭായ്പട്ടേലിനൊപ്പം നിന്ന് 564 നാട്ടുരാജ്യങ്ങളെ ഒന്നിപ്പിച്ച് ഇന്ത്യയെ ഒന്നാക്കുവാൻ അഹോരാത്രം പ്രയത്നിച്ച വി. പി. മേനോനെകുറിച്ച് ഞാൻ പഠിച്ച ചരിത്ര പുസ്തകങ്ങളിലൊന്നും കണ്ടതായി ഓർമ്മയില്ല' (പുറം 115)

ഭാസ്കരൻ ശ്രീനാരായണ ഗുരുദേവനെപ്പറ്റി പറയുന്നു: 'ഗുരുദേവൻ തറക്കല്ലിട്ട പടിഞ്ഞാറേയാക്കര ശ്രീ വിശ്വേശ്വരക്ഷേത്രം. 1946ൽ ശിവഗിരിമഠാധിപതി ശിവപ്രതിഷ്ഠ നടത്തി. മിഥുനം വിശാഖനാളിൽ പ്രതിഷ്ഠാദിനം. കർക്കിടത്തിൽ ഭാഗവത സപ്താഹം. വാവുബലി ചിങ്ങത്തിൽ ചതയദിനം. കന്നി അഞ്ചിന് സമാധിദിനം. ജാതിമതദേശഭേദമെന്യ മനുഷ്യരാശിയുടെ ഉന്നമനത്തിന് ഒത്തുകൂടാനുള്ള സാംസ്കാരിക കേന്ദ്രമെന്ന ആശയമാണ് തുടക്കം കുറിക്കുന്ന കാലത്ത് ശ്രീനാരായണ ഗുരുദേവനുണ്ടായിരുന്നത്' (പുറം 141).

ഗുരുദേവൻ ആഗ്രഹിച്ചതെന്തോ അതിൽ എന്തെങ്കിലും ഇപ്പോൾ നടപ്പിലുണ്ടോ, ചിന്തിക്കാതിരിക്കാനാവുന്നില്ല. ഗുരുക്കന്മാരുടെയും ആചാര്യന്മാരുടെയും ഇംഗിതങ്ങൾക്ക് ചേരുംവിധം അനുകർത്താക്കൾക്ക് കർമ്മനിരതരാവാൻ കഴിയുന്നില്ല. ശങ്കരാചാര്യരുടെ ചരിത്രം ചണ്ഡാളനെ നമസ്കരിച്ചതാണ്. വിവേകാനന്ദന്റെ ഉദ്ബോധനം ഭാരതീയൻ അലസത വെടിയണമെന്നുള്ളതായിരുന്നു. ധർമ്മസംസ്ഥാപനം ആകു

ന്നു ഗീതയുടെ സന്ദേശം. ഭാരതം ഋഷിമാരുടെയും രാജർഷിമാരുടെയും പുണ്യഭൂമിയാണ്. വേദങ്ങൾ, ഉപനിഷത്തുകൾ, ഇതിഹാസങ്ങൾ – എന്തില്ലാതെയാണ് ഭാരതഭൂമി ആയിരം വർഷം, വന്നുകയറിയ ആക്രമികളുടെ ആധിപത്യത്തിനു അടിപ്പെട്ടു കിടന്നത്? ഇന്നിതെഴുതുമ്പോൾ, ഡൽഹിയിൽ, മൂന്നുകുട്ടികൾ പട്ടിണിയിൽ മരിച്ചുപോയതായി പത്രത്തിൽ റിപ്പോർട്ടുണ്ട്. അധർമ്മകൃത്യങ്ങൾ രാജ്യത്ത് പരക്കെ നടക്കുന്നു. ചിന്തിച്ചാൽ സങ്കടം.

ഭാസ്കരന്റെ ജീവിതകഥ ഒരു വിജയചരിത്രമാണ്. പാക്കിസ്ഥാനിൽ ഇമ്രാൻഖാൻ തിരഞ്ഞെടുപ്പിൽ ജയിച്ചു. അഴിമതിയ്ക്കെതിരായിരുന്നു പോരാട്ടം. ഭാസ്കരന്റെ ജീവിത വൃത്താന്തം അഴിമതി വർജ്ജനത്തിന്റേതായിരുന്നു. എം. പി. മൂത്തേടത്തിന്റെ ഫാക്ടറിയിൽ അതാരംഭിച്ചു. ഗവൺമെന്റ് സർവ്വീസിലും ആ വ്രതം തുടർന്നനുഷ്ഠിച്ചു. വളരെ എളിയസ്ഥിതിയിൽ നിന്ന് ഉദ്യോഗലോകത്തിലെ സമുന്നത സ്ഥാനമായ ഡെപ്യൂട്ടികലക്ടറുടെ പദവിയിലേയ്ക്കുയർന്നു. ധനാർജ്ജനത്തിലല്ല, ധർമ്മാനുഷ്ഠാനത്തിലാണ് ഭാസ്കരൻ മനസ്സൂന്നിയത്. ആകയാൽ, വിവാഹത്തിന് കടം വാങ്ങേണ്ടിവന്നു. പണിതുവന്ന വീടിന്റെ ആവശ്യത്തിനു ഭാര്യയുടെ ശമ്പളം എടുക്കേണ്ടിവന്നു.

ഭാസ്കരന്റെ ജീവിതം സന്തുഷ്ടിയുള്ളതാണ്. പെൻഷൻ വാങ്ങി ശാന്തജീവിതം നയിക്കുന്നു. ഇരുമക്കൾ ബിരുദം നേടി–ഉദ്യോഗത്തിൽ, വിവാഹിതരുമായി. ഭാര്യയുടെ രോഗം വല്ലായ്മപ്പെടുത്തിയ രണ്ടവസരങ്ങളുണ്ട്. എന്നാൽ രണ്ടും ഏറെ കടുപ്പിച്ചില്ലെന്നത് ഭാഗ്യമായി. കുടുംബം ക്ഷേമത്തിലാണെന്നത് തൃപ്തികരം. അനുജൻ ചന്ദ്രന്റെ മരണം ഭാസ്കരനെ കഠിനവ്യാകുലതയിൽ പെടുത്തി. രാമന് ലക്ഷ്മണൻ എന്നപോലെയായിരുന്നു അനുജൻ ചന്ദ്രൻ തനിക്ക് എന്ന് എഴുതാൻ കഴിഞ്ഞതിൽ ഒരു കൃതാർത്ഥതയുണ്ട്. ഓർത്തുപശ്ചാത്തപിക്കാൻ ഒന്നുമില്ല ഭാസ്കരന്. അതിനെയാണ് ഭാഗ്യജാതകം എന്നു വിളിക്കുന്നത്. ●

# എനിക്ക് മാളു ആകണം!

**മാമ്പള്ളം വിജയൻ**
**9448312631, 9444540631**

മകളോടൊപ്പമുള്ള അസംഖ്യം യാത്രകളിൽ ആ ട്രെയിൻ യാത്ര അസാധാരണമാംവിധം ഓർമ്മയിൽ തങ്ങിനിൽക്കുന്നത് ഒരുപക്ഷേ മാളുവെന്ന മൂന്നു വയസ്സുകാരി തന്റെ വിഡ്ഢിചോദ്യത്തിന് ഓർക്കാപ്പുറത്തുനൽകിയ മറുപടിയാലാവണം. തീവണ്ടിയുടെ ജനാലയ്ക്ക് പുറത്ത് ഓടിമറയുന്ന അത്ഭുതങ്ങളെ ശരിയാംവണ്ണം ആസ്വദിക്കുവാൻ മാളുവിന് കണ്ണും കാതും അപര്യാപ്തമാകുന്ന ഒരസുലഭ സന്ദർഭത്തിലായിരുന്നു അയാളുടെ ചോദ്യം.

“മാളൂ, നീ വലുതാവുമ്പോ എന്താവും ?”

“ഇനിക്ക് മാളുവാകണം.”

മറുപടി പെട്ടെന്നായിരുന്നു. വെറുതെ ഇത്തരം സില്ലിയായ ചോദ്യങ്ങൾ ചോദിക്കരുത് എന്ന ധ്വനി ആ മറുപടിയിൽ ഉണ്ടായിരുന്നത് ഗ്രഹിക്കാനുള്ള ബുദ്ധി അയാൾക്കുണ്ടായിരുന്നില്ല. അതിനാൽ അയാൾ ചോദ്യം ആവർത്തിച്ചു.

“മാളൂ... നീ വൽതാകുമ്പോ എന്താവുമെടീ ?”

“ഞാന് മാളു ആകുംന്ന് പറഞ്ഞത് കേട്ടില്ലേ ?”

അവൾ വളരെ അസഹ്യമായാണ് മറുപടി പറഞ്ഞത്. ആ ഉത്തരത്തിൽ “ഈ അച്ഛന് വേറെ പണിയൊന്നുമില്ലേ” എന്ന ധ്വനി ഇത്തവണ അയാൾക്ക് ഗ്രഹിക്കാനായി. ഒരു മൂന്നു വയസ്സുകാരിയിൽ നിന്നും പ്രതീക്ഷിച്ച ഉത്തരമായിരുന്നില്ല അത്. അവൾ പറഞ്ഞതിന്റെ അർത്ഥം അവൾക്കുതന്നെ വ്യക്തമാണോ എന്ന് അയാൾക്ക് സംശയം തോന്നി. എങ്കിലും കുട്ടികളാൽ മാതാപിതാക്കൾ ക്ലീൻ ബൗൾ ചെയ്യപ്പെടുന്ന ആ അസുലഭനിമിഷം നന്നായി ആസ്വദിച്ച് ഭാര്യയോടൊപ്പം ചിരിയിൽ പങ്കുചേർന്നു. മാളുവാകട്ടെ ജനാലക്കാഴ്ച്ചകളിൽ മതി മറന്നിരുപ്പാണ്.

എത്ര തന്നെ പഠിപ്പും വിവരവുമുണ്ടായാലും അച്ഛനമ്മമാർ ചില സന്ദർഭങ്ങളിൽ വിഡ്ഢിവേഷം കെട്ടാറുണ്ട്. കുട്ടികളുടെ ഭാവിയെപ്പറ്റി കണ്ടമാനം ചിന്തിച്ച് ആവശ്യമില്ലാതെ അങ്കലാപ്പായി അന്യോന്യം ടെൻഷനടിപ്പിച്ച് കഴിയുന്നത് അവരുടെ മൗലികാവകാശമാണ്. ഖലീൽ ജിബ്രാൻ[1] പറഞ്ഞതുപോലെ കുട്ടികളെന്ന അമ്പിനെ ദൂരത്തേക്ക് തൊടുത്തുവിടാൻ നല്ലപോലെ വളയേണ്ട (ടെൻഷൻ അനുഭവിക്കേണ്ട) വില്ലാണല്ലോ മാതാപിതാക്കൾ.

ആ തത്വജ്ഞാനിയായ കുട്ടിമാളു പിന്നീട് വളർച്ചയുടെ വിവിധഘട്ടങ്ങളിൽ താൻ വളർന്നാൽ പലതും ആവുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഡോക്ടറാകണമെന്ന ആഗ്രഹത്തിനുപിന്നിൽ ഒരു അജണ്ട ഉണ്ടായിരുന്നു. ആജന്മശത്രുവായ അമ്മയുടെ ആസനത്തിൽ ഊശി (ഇഞ്ജക്ഷൻ) കുത്തുകയായിരുന്നു അത്. ഒരിക്കൽ ബോംബെ വിമാനത്താവളത്തിൽ ഉറങ്ങുന്ന കുഞ്ഞിനെ ഒട്ടും ഉലയ്ക്കാതെ തൊട്ടിലിൽ കിടത്തുന്നപോലെ വളരെ മൃദുവായി വിമാനമിറക്കിയ ഒരു വനിതാ പൈലറ്റിനെപ്പറ്റി ഒപ്പമിരുന്ന മാളുവിനോട് അയാൾ വാചാലനായി. ഒരു മാതൃസമാനമായ പരിചരണ വനിതാ പൈലറ്റുകൾക്കു മാത്രം സാധ്യമായ ഒന്നാണെന്ന് അയാൾ പറഞ്ഞതുകൊണ്ട് കുറേനാൾ മാളു പൈലറ്റ് ആകണമെന്ന ആഗ്രഹവും പേറിനടന്നു. ഫാഷൻ ഡിസൈനർ, ആർക്കിടെക്ട്, സിവിൽ സർവന്റ് എന്നീ ആഗ്രഹങ്ങളും ഇടയ്ക്ക് ചിലരുടെ പ്രേരണയാൽ മിന്നിമറഞ്ഞു. ഈയിടെ ഒരു സുഹൃത്തിന്റെ സ്ഥാപനം പുറത്തിറക്കിയ കരിയർ സംബന്ധമായ ഒരു വീഡിയോ മാളുവുമൊത്ത് കാണുകയായിരുന്നു അയാൾ. അതിൽ ചില മുതിർന്ന കുട്ടികൾ “I want to become a cricketer', 'I want to become an agriculturist', 'I

want to become an aquaculturist", എന്നൊക്കെ പറയുന്നത് കേട്ട് മാളു ഒരഭിപ്രായം ഇറക്കി "അച്ഛാ അവരൊന്നും റിയലല്ല, they are fake."

"അതെങ്ങനെ നിനക്ക് പറയാൻ പറ്റും ?"

"എന്റെ സ്കൂളിൽ ആ എയ്ജിലുള്ള നൂറോളം പിള്ളാർണ്ട്. അവരാരും ഇങ്ങനെ പറയില്ല. പിന്നെ ഈ പറഞ്ഞവരൊക്കെ എന്തായെന്ന് ആരും പോയന്വേഷിക്കേം ഇല്ലാലോ."

മകൾ യാഥാർത്ഥ്യത്തോട് ഏറ്റവും അടുത്ത നിലപാടാണ് കൈക്കൊണ്ടിരിക്കുന്നത് എന്നയാൾ അറിഞ്ഞു. പഴയതുപോലെ വിഡ്ഢി ച്ചോദ്യങ്ങൾക്ക് ഒട്ടും സ്കോപ്പില്ലാത്ത വിധം അവൾ കൂട്ടിച്ചേർത്തു.

"ഒരേ എയിം വെച്ച് പഠിച്ചാൽ അതുതന്നെ കിട്ടുംന്ന് എന്താ ഒറപ്പ് ? ആവറേജ് ആയ കുട്ടികൾ അപ്പോ പിന്നെ അടുത്ത നല്ല ഒപ്ഷൻ എന്താണ്ന്ന് നോക്കും. എന്തായാലും എനിക്ക് തൽക്കാല സ്പെസിഫിക് എയിം ഒന്നും ഇല്ലാണ്ടെ, ടെൻഷനടിക്കാണ്ട് വിഷയങ്ങൾ പഠിക്കാനാണിഷ്ടം."

കാലം മാറിയെന്നും, സർവ്വത്ര കോമ്പറ്റീഷനാണെന്നും ഒക്കെ പ്പറഞ്ഞ് അവളെ പീഡിപ്പിക്കാനുള്ള അവസരം അവൾ ആ പ്രസ്താവനയിലൂടെ നിഷേധിച്ചിരിക്കുന്നു. മക്കളുടെ ഭാവിയെപ്പറ്റി ആശങ്കപ്പെടാനുള്ള മാതാപിതാക്കളുടെ മൗലികാവകാശത്തിലാണ് അവൾ കത്തിവെച്ചിരിക്കുന്നത്. കുട്ടികളുടെ ആഗ്രഹം പോലെ വിടുകയല്ലാതെ ഏകസന്തതികളുള്ള മാതാപിതാക്കൾക്ക് മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടോ ?

മത്സരമാണ് ജീവിതം എന്നുപറയുമ്പോൾത്തന്നെ മത്സരത്തിൽ നിന്നും വിട്ടുനിന്നവർ ജീവിച്ചില്ലേ എന്ന ചോദ്യവും ഉയരുന്നു. Book-smart ആയവരേക്കാൾ Steet-smart ആയ കുട്ടികൾ ജീവിതവിജയം വരിച്ച കഥകൾ ധാരാളമാണ്. ജീവിതത്തിലേയും, സമൂഹത്തിലേയും സംഗതികളുടെ അനിശ്ചിതാവസ്ഥയെപ്പറ്റി വളരെ ഭംഗിയായി നസിം നിക്കോളസ് ടാലബ് എന്ന മഹാൻ തന്റെയൊരു പുസ്തകത്തിൽ[2] വിവരിക്കുന്നുണ്ട്. Steet-smart ആയവർ ഈ അനിശ്ചിതാവസ്ഥകൾ അനായാസേന തരണം ചെയ്യും അല്ലെങ്കിൽ അധികം അങ്കലാപ്പില്ലാതെ അഭിമുഖീകരിക്കും.

അംഗങ്ങൾ മിക്കവരും ഡോക്ടർമാരായുള്ള ഒരു സുഹൃത്തിന്റെ കുടുംബത്തിൽനിന്നും യുവതലമുറയിലെ ഒരു വൻ നീറ്റെഴുതി മെഡിസിന് പഠിക്കാൻ പോകുന്നതിനെപ്പറ്റി പ്രതികരിച്ചത് ഇങ്ങനെയാണ്:

"ഞാൻ അഞ്ചുകൊല്ലം ഉഷ്ണിച്ച് പഠിച്ച് ഡോക്ടറാവും. പിന്നെ രോഗികളെ കിട്ടണമെങ്കിൽ രണ്ടു കൊല്ലം വീണ്ടും പഠിച്ച് എംഡി എടുക്കണം. അതുകഴിഞ്ഞ് ഒന്നെസ്റ്റാബ്ലിഷ് ചെയ്യണമെങ്കിൽ പിന്നെയും വല്ല ആശുപത്രിയിലും പിച്ചക്കാശിനു പണിയെടുക്കണം. അപ്പോ ഒരഞ്ചാറു കൊല്ലം അങ്ങനേയും പോയിക്കിട്ടും. ഇതൊക്കെ കഴിഞ്ഞ് പിന്നെ ഞാനെപ്പൊഴാ ജീവിക്കാൻ തൊടങ്ങ്വാ?"

അവൻ ഉന്നയിച്ച ചോദ്യം പ്രസക്തമല്ലേ? ടിയാൻ ഹോട്ടൽ മാനേജ്മെന്റ് പഠിച്ച് ഒരു പഞ്ചനക്ഷത്ര ഹോട്ടലിൽ കയറി ടെൻഷനൊന്നുമില്ലാത്ത ജീവിതമാരംഭിച്ചു എന്നാണ് പിന്നീടറിയാൻ കഴിഞ്ഞത്.

തമിഴ്നാട്ടിൽ കഴിഞ്ഞവർഷം നീറ്റ് നടപ്പിലാക്കിയപ്പോൾ സ്കൂളിലെ മാർക്കിനെ ആധാരമാക്കി തനിക്ക് മെഡിസിന് സീറ്റ് കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്ന ഒരു കുട്ടി നിരാശയാൽ ആത്മഹത്യ ചെയ്തു. ജീവിതം ആസ്വദിച്ചുതുടങ്ങുംമുമ്പേ പൊലിഞ്ഞുപോയ ആ കുരുന്നിനെയോർത്ത് അയാളുടെ മനസ്സ് വളരെ വിഷമിച്ചു. ജീവിതത്തിൽ മത്സരം അനിവാര്യമാണ്. ജയിക്കാനുള്ള വീറിനോടൊപ്പം ആവശ്യമായ ഒന്നാണ് തോറ്റാൽ സമനിലവെടിയാതെ 'ആകാശം ഇടിഞ്ഞുവീണില്ലല്ലോ' എന്ന നിലപാട് സ്വീകരിക്കാനുള്ള കഴിവ്. മാതാപിതാക്കളുടെ (മറ്റുള്ളവരുടെയും) Take it easy my dear!' എന്ന സാന്ത്വനത്തിന് എത്രമാത്രം പ്രസക്തിയുണ്ടെന്ന് പറയേണ്ടതില്ലല്ലോ!

***കുറിപ്പ്:***

1. Khalil Gibran, The Prophet, Kindle e-book, General Press, New Delhi 2

കുട്ടികളേപ്പറ്റി ഖലീൽ ജിബ്രാൻ The Prophet ൽ പറഞ്ഞ കാര്യങ്ങൾ (ലേഖകന്റെ സ്വതന്ത്ര പരിഭാഷ) എന്തുമാത്രം അർത്ഥപൂർണ്ണമാണ്:

നിങ്ങളുടെ കുട്ടികൾ നിങ്ങളുടെ കുട്ടികളല്ല.
അവർ ജീവന്റെതന്നെ സ്വകീയ സന്തതികളാണ്.
അവർ നിങ്ങളിലൂടെ വരുന്നു, എന്നാൽ നിങ്ങളിൽ നിന്നല്ല.
അവർ നിങ്ങളോടൊപ്പമുണ്ടെങ്കിലും നിങ്ങളുടേതല്ല.
നിങ്ങളവർക്ക് സ്നേഹം പകരാം, പക്ഷെ, ചിന്തകൾ അരുത്.
എന്തെന്നാൽ അവർക്ക് തങ്ങളുടേതായ ചിന്തകൾ ഉണ്ട്.
നിങ്ങളവരുടെ ശരീരത്തെ പാർപ്പിക്കാം, പക്ഷെ, ആത്മാവിനെ അരുത്.
എന്തെന്നാൽ അവരുടെ ആത്മാക്കൾ വസിക്കുന്നത് നാളെയുടെ വസതികളിലാണ്.
നിങ്ങൾ അവരെപ്പോലെയാകാൻ പരിശ്രമിക്കാം, മറിച്ച് അവരെ നിങ്ങളെപ്പോലെയാക്കാൻ മിനക്കെടേണ്ട.
എന്തെന്നാൽ ജീവിതം പുറകോട്ട് പോകാറില്ല, ഇന്നലെയോടൊപ്പം തങ്ങിനിൽക്കാറുമില്ല.
നിങ്ങളുടെ കുട്ടികളെന്ന ജീവനുള്ള അമ്പുകൾ തൊടുത്തുവിടാനുള്ള വില്ലാണ് നിങ്ങൾ.
വില്ലാളി അമ്പു പാഞ്ഞെത്തേണ്ട അനന്തമായ പഥം കാണുന്നു, അവൻ അമ്പ് അതിവേഗത്തിൽ വിദൂരതയിലെത്താൻ പാകത്തിൽ തന്റെ ശക്തിയെല്ലാം സ്വരൂപിച്ച് നിങ്ങളാകുന്ന വില്ലിനെ വളയ്ക്കുന്നു.
ആ വില്ലാളിയുടെ കയ്യിൽ നിങ്ങളുടെ വളയൽ ആനന്ദകാരണമാകട്ടെ!
എന്തെന്നാൽ അവൻ പാഞ്ഞുപോകുന്ന അമ്പിനെ സ്നേഹിക്കുന്നു, സ്ഥിരമായ വില്ലിനേയും തഥാ.

2. Nassim Nicholas Taleb, 2004. Fooled by Randomness: The Hidden Role of Chance in Real Life and in the Markets, Penguin Books, London.

# വിധിഹിതം



**ഉണ്ണിവിശ്വനാഥ്**
**9895555393, 9447340590**

**അ**വൻ പട്ടാളത്തിൽ ജോലിക്ക് കയറിയതിനു ശേഷം നാട്ടിൽ കൂടുന്ന ആദ്യ ഓണം. പ്രിയപ്പെട്ടവരെല്ലാം ഒത്തുകൂടി. കളി ചിരി സന്തോഷ വേളകൾക്കിടയിൽ 10 കറികളും തൂശനിലയിൽ വിളമ്പി അടുക്കളയിൽ നിന്ന് ഓണയൂണിന് വിളി വന്നു. കോലായിൽ തറയിൽ ചമ്രം പടിഞ്ഞിരുന്ന് രണ്ടു കൂട്ടം പായസവും പപ്പടവുമൊക്കെയായി തട്ടിവിട്ടു. എണീക്കാൻ തൊട്ടടുത്ത കൈതാങ്ങേണ്ടി വന്നതൊഴിച്ചാൽ എല്ലാം കേമം. പിന്നാമ്പുറത്ത് പോയി കൈ കഴുകി ഉമ്മറത്തെത്തി. മുറ്റത്തെ പൂക്കളത്തിലെ നിർജീവമായ പൂക്കളിൽ തേൻ തിരയുന്ന ശലഭങ്ങളെ കണ്ടപ്പോഴാണ്, പെട്ടെന്ന് അവന്റെ മനസ് 8 വർഷം പിന്നിലേക്ക് സഞ്ചരിച്ചത്. കലാലയ ജീവിതത്തിലെ ഓണക്കാലം. അന്ന് ഓണസദ്യ കഴിഞ്ഞ് ഇല വലിച്ചെറിയാൻ ചെന്നപ്പോൾ ഇലയിൽ വറ്റുതിരയുന്ന ഒരു വാർദ്ധക്യത്തെ കണ്ടു. ദയനീയമായ വിശപ്പിന്റെ നോട്ടം മനസിനെ കീറിമുറിച്ച് കടന്നുപോയി. ആ എച്ചിലില അവിടെയിടാൻ മനസ്സനുവദിച്ചില്ല. എന്തെങ്കിലും നൽകാൻ അകത്തുചെന്ന് നോക്കിയപ്പോൾ ബാക്കി ആഹാരമൊക്കെ കുട്ടികളും അദ്ധ്യാപകരും പൊതിഞ്ഞെടുത്തുകഴിഞ്ഞിരുന്നു. പിന്നെ പിറകിലേക്ക് പോയില്ല.

അകത്തുനിന്ന് അമ്മ ചോദിച്ചു എല്ലാവർക്കും ഒരോ കോപ്പ പായസം കൂടിയെടുക്കട്ടെ. വേണ്ട എന്നല്ലാതെ ആവശ്യക്കാരാരും ഉണ്ടായില്ല. അവൻ ഉറക്കെ വിളിച്ചു പറഞ്ഞു അഞ്ചു പൊതിചോറ് എടുത്തോളൂ. പുറത്തിരുന്നവരും, അകത്തുനിന്ന അമ്മയും ഒരുപോലെ തിരക്കി എന്തിന് ? ആർക്ക് ? അതൊക്കെ വന്നിട്ടു പറയാം. അവന്റെ മനസ്സറിയാവുന്ന പ്രിയ സുഹൃത്ത് 'അച്ഛൻ' എപ്പോഴത്തെയും പോലെ തുണച്ചു. നീ അങ്ങെടുത്തു കൊടുക്ക്, ബാക്കി പിന്നെ അറിഞ്ഞാൽ പോരെ. സഞ്ചിയിൽ അഞ്ചൂണുമായി ഇരുചക്ര വാഹനം അവനേയും കൊണ്ട് തെരുവിലേക്ക് പാഞ്ഞു. ആരെയും കാണാനില്ല. ഓണമുണ്ണാത്തവരായി ആരുമില്ലേ ? വണ്ടി നേരെ പഴയ കലാലയത്തിനു മുന്നിലെത്തി. അകത്തേക്കുള്ള കവാടത്തിനിരുവശത്തും പൂവാകയും, ഉങ്ങും വരിവരിയായി തല നിവർത്തി നിൽക്കുന്നുണ്ട്. അതിലൊന്നിന്റെ ചുവട്ടിൽ ഒരു വൃദ്ധൻ കിടന്നുറങ്ങുന്നു. അടുത്ത് വണ്ടി നിർത്തി മെല്ലെ തട്ടി വിളിച്ചു വല്ലതും കഴിച്ചായിരുന്നോ? ഇല്ല എന്ന അവശതയോടുള്ള തലയുയർത്തലിൽ അവൻ കണ്ടത് എട്ടുവർഷത്തിനു മുൻപ് കലാലയത്തിന്റെ എച്ചിൽ കൂനയിൽ കണ്ട അതേ രൂപം. അത്ഭുതവും, സന്തോഷവും ഒരുമിച്ച് മനസ്സിനെ മഥിച്ച പോലെ. അന്നാദിവസം വളരെ വിഷമിച്ചു മനസ്സിൽ കണ്ണീർ പൊടിച്ചാണ് കലാലയത്തിൽ നിന്നും വീട്ടിലേക്ക് മടങ്ങിയത്. ആ ദുഃഖം ദൈവം കണ്ടു. മറ്റൊരോണത്തിന് തന്റെ കയ്യാൽ അതേ ആൾക്ക് ഭക്ഷണം നൽകാൻ അവസരം തന്നു. ദൈവത്തിനു മനസ്സിൽ നന്ദി പറഞ്ഞ് രണ്ടു പൊതി നൽകി തിരിഞ്ഞു. ബസ്റ്റാന്റിലൊരു വികലാംഗനും, റെയിൽവെ സ്റ്റേഷൻ പരിസരത്ത് നിശയുടെ നിഴലിൽ വിഹരിച്ച് രക്തം വറ്റി വികൃതമായ രണ്ടു സ്ത്രീ ജന്മങ്ങൾക്കും ബാക്കിപ്പൊതി നൽകിയ ശേഷം വീട്ടിലെത്തി. പോയപ്പോഴുണ്ടായിരുന്ന ആളുകളെയൊന്നും കാണാനില്ല. എല്ലാവരും സദ്യയുടെ ആലസ്യത്തിൽ മയങ്ങിക്കാണും. പക്ഷേ അച്ഛൻ ഉമ്മറത്തുണ്ടായിരുന്നു. ചെന്നപാടെ കോലായിൽ നീണ്ടു നിവർന്നു കിടന്നു. വല്ലാത്തൊരു ആത്മസംതൃപ്തിയോടെ അച്ഛന്റെ മുഖത്തു നോക്കി ചിരിച്ചു. എന്താടാ ഉദ്ദേശിച്ച കാര്യം നടന്നോ? അവൻ പറഞ്ഞു നടന്നച്ചാ സത്യത്തിൽ ഈ ഓണമായിരിക്കും എന്റെ ജീവിതത്തിൽ മതിമറന്നു സന്തോഷിച്ച ഓണം. ഇപ്പോഴാണ് ഓണസദ്യ കഴിച്ചതിന്റെ രുചി ഞാനറിയുന്നത്. അച്ഛൻ അവന്റെ കവിളിൽ വാത്സല്യപൂർവ്വം തട്ടിയിട്ട് അകത്തേക്കുപോയി. ഭക്ഷണപ്പൊതി കൊടുത്തപ്പോൾ എല്ലാവരും പറഞ്ഞു മോനു നന്മ വരുമെന്ന്. വരട്ടെ എല്ലാവർക്കും ഇനിയുള്ള ഓണങ്ങൾ നന്മ നിറഞ്ഞതാവട്ടെ. മനസ്സ് അപ്പോഴേക്കും അതിർത്തിയിൽ ഓണമുണ്ണാൻ കഴിയാതെ കാവൽ നിൽക്കുന്ന അവന്റെ കൂട്ടുകാരെക്കുറിച്ചുള്ള ചിന്തകളിലേക്ക് അവനെ വലിച്ചു കൊണ്ടു പോയി . ●

## ■ കഥയും കവിതയും

ശങ്കരൻ കോറോം
9496314677

# ആമ

**എ**ല്ലാ കഥയിലും
ആമ, ഒരു പാവം ജീവിയാണ്.
ഒരു പൊതു പിന്തുണ
എപ്പോഴും ആമയ്ക്ക് താങ്ങുണ്ട്.

എത്രമെല്ലെ സഞ്ചരിക്കുമ്പോഴും
ജയിക്കുമ്പോഴും തോല്ക്കുമ്പോഴും
ഒരുപാട് പേർ,
നേര്, എന്നും ആമയ്ക്കൊപ്പമുണ്ട്!

## ■ കവിത

# ചന്ദ്രക്കല

ശാന്തം-
അതിമൃദുലം
സ്നേഹശോഭിതം

പ്രണയ മധുരം
കവന മോഹിതം
ഒഴുകി നിറയുമീ-
ഒറ്റ വെളിച്ചക്കീറ് !

എന്റെ ജീവിതമാണ്
എന്റെ സന്ദേശം
*- മഹാത്മാഗാന്ധി -*

# (Palindrome)
# അനുലോമ പ്രതിലോമ സമം



ടി. വി. നാരായണൻ കുട്ടി
9446030344

വലത്തോട്ടും ഇടത്തോട്ടും ഒരേ പോലെ വായിക്കാവുന്ന ചില വാക്കുകളുണ്ടെന്ന് ഏവർക്കും അറിയാമല്ലോ? ഇവയ്ക്ക് ആംഗലേയത്തിൽ 'PALINDROME' (പാലിൻഡ്രോം) എന്നും മലയാളത്തിൽ 'അനുലോമ, പ്രതിലോമ സമം' എന്നുമാണ് പറയുക. ഗ്രീക്ക് വാക്കായ PALIN (BACK), DROMOS (DIRECTION) എന്നിവയിൽ നിന്നാണ് 'PALINDROME' എന്ന വാക്കുണ്ടായത്. കൂടാതെ അറിയപ്പെടുന്ന ആദ്യത്തെ 'പാലിൻഡ്രോം' വാക്ക് ലാറ്റിൻ ഭാഷയിലുള്ള 'SATOR, AREPO TENET OPERA ROTAS' ആണെന്നും ഇതിന്റെ അർത്ഥം The Sower Arepo holds the wheels with effort' എന്നുമാണെന്ന് പറയപ്പെടുന്നു.

പലരും ഇത്തരം വാക്കുകൾ ചിലപ്പോൾ പരസ്പരം പറഞ്ഞ് കളിക്കുകയും പതിവാണ്. നമ്മൾ ചിലപ്പോൾ ഉപയോഗിക്കുന്ന വാക്കുകളും ഇത്തരത്തിൽ പെടുന്നതാണെങ്കിലും ആരും ശ്രദ്ധിക്കാറില്ല. താല്പര്യമുള്ളവർക്ക് വായിച്ച് മനസ്സിലാക്കാൻ ചിലതിവിടെ കൊടുക്കുകയാണ്. ഇംഗ്ലീഷിലും, മലയാളത്തിലും തമിഴിലും ഹിന്ദിയിലുമുള്ളവയാണിവിടെ പ്രതിപാദിക്കുന്നത്. ഇവയിൽ പേരുകൾ, ചുരുക്കെഴുത്ത്, വാചകങ്ങൾ, വാക്കുകൾ എന്നിവയെല്ലാം ഉൾപ്പെടും. ചുരുങ്ങിയത് മൂന്ന് അക്ഷരങ്ങളെങ്കിലും ഉള്ളവയെയാണ് സാധാരണ ഈ ഗണത്തിൽ പെടുത്തുക. കുട്ടികൾക്ക് ഈ വിവരങ്ങൾ പ്രയോജനപ്പെടും.

**ഇംഗ്ലീഷ്**

***1) പേരുകൾ***

HANNAH, ANNA, OTTO, STEVE EVETS, SARA BARAS, NISIO ISIN (ജപ്പാനീസ് നോവലിസ്റ്റ്) ARORA

2) വാക്കുകൾ

RACE CAR, REFER, CIVIC, REVIVER, REDDER, NOON, REDIVIDER, DEIFIED, RADAR, ROTOR, TOT (Anything small), PEEP, PAP, NUN, MADAM, MAAM, LEVEL, KAYAK (Zeel മൃഗത്തിന്റെ തോലുപയോഗിച്ച് നിർമ്മിച്ച ബോട്ട്), GIG, GAG, EYE, EVE, DAD, SAGAS, SOLOS, STATS, TENET, REPAPER, DEED, DUD (പൊട്ടാത്ത ബോംബ്, നശിപ്പിക്കപ്പെട്ട നാണയം) EWE (പെൺ ചെമ്മരിയാട്), ABBA (God, Father), AHA (ആഹാ), ROTAVATOR (Trademark), DETARTRATED, WOW !!, MALAYALAM, TATTA RRATTAT (Sound in knocking a door)

3) വാചകങ്ങൾ

a) DON'T NOD b) I DID, DID I ? c) MY, GYM d) RED RUM SIR IS MURDER e) WAS IT A CAT I SAW ? f) EVA, CAN I SEE BEE IN A CAVE ? g) NO LEMON, NO MELON h) STEP ON NO PETS i) TOP SPOT j) SIT ON A POTATO, PAN, OTIS

ഇതേപോലെ വാക്കുകളെ വേർതിരിച്ച് വായിച്ച് 'പാലിൻഡ്രോം' ആക്കാനും സാധിക്കും.

ഉദാ - FIRST LADIES RULE, THE STATE, AND STATE THE RULE - LADIES FIRST

***ചുരുക്കെഴുത്ത്***

1) DDD (Direct Distance Dialling)
2) EXE (Programmer, or a file extension, denoting one executive file)

***മലയാളം വാക്കുകൾ***

കക്കുക, കംബകം (കവുങ്ങ്, ശംഖ്), കലിക (പക്ഷി, പൂമൊട്ട്) കപ്പുക, കറുക, വികടകവി

***വാചകങ്ങൾ***

1) മോരു തരുമോ ?
2) പോത്ത് ചത്തുപോ

ഹിന്ദി വാക്കുകൾ പൊതുവെ കുറവാണ്. ചിലതിതാ.

1) दामाद (Damad, son-in-law)
2) लाल (Red)
3) सरस (Juicy, wet)
4) कनक (Gold)

***തമിഴ് വാക്കുകൾ***

1) விகட கவி (വികടകവി)
2) காக்கா (കാക്കാ, Crow)
3) தாத்தா (താത്താ, Grandfather)
4) பாப்பா (പാപ്പാ, Baby)
5) சிவகுருமுருகுவசி (Sivakuru murukuvasi - Manthram of Lord Siva)


***വാചകങ്ങൾ***

1) மோரு போருமோ ? (മോരു പോരുമോ) Is butter milk enough ?
2) யானை பூனையா ? (യാനൈ പൂനൈയാ) Is Elephant a cat ?
3) தேரு வருதே (തേരു വരുതേ, Chariot is coming)

ഇനി ഇത് വായിക്കുന്നവർ പുതിയവ ഉണ്ടാക്കാൻ ശ്രമിക്കൂ. ഒറ്റയ്ക്ക് സാധിച്ചില്ലെങ്കിൽ മറ്റുള്ളവരുടെ സഹായം തേടാനും മടിക്കരുതേ.

# പെംഫിഗസ്

## (Pemphigus)



**ഡോ. സി. രാമകൃഷ്ണൻ**
**9447358663**

**അ**പൂർവ്വമായ ചർമ്മ രോഗങ്ങളിൽ തീവ്രതയുള്ള ഒന്നാണ് പെംഫിഗസ്. ശരീരത്തിന്റെ പുറം തൊലി ഭാഗത്ത് അവിടവിടെയായി കുമിള രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ഒരു രോഗമാണ്. അധികവും മുഖത്താണ് പ്രത്യക്ഷപ്പെടുക. നവജാത ശിശുക്കളെ ആപൽക്കരമായി ബാധിക്കാറുണ്ട്. പനിയോടുകടി ആയിരിക്കും ശിശുക്കളിൽ പ്രത്യക്ഷപ്പെടുക. ആദ്യമായി ചെറിയതും ക്രമേണ വലുപ്പം കൂടിയതുമായ പോളങ്ങളായിരിക്കും കാണപ്പെടുക. പ്രായമായവരിൽ ഈ അസുഖം കുറവായിരിക്കും. ചില സന്ദർഭങ്ങളിൽ ശരീരത്തിന്റെ മറ്റുഭാഗത്തും വായ്ക്കുള്ളിലും കാണപ്പെടാറുണ്ട്. ഗ്രീക്ക് ഭാഷയിൽ നിന്നുടലെടുത്തതായിരിക്കും ഈ അസുഖത്തിന് ഈ പേര് നൽകിയിരിക്കുന്നത്. ഗ്രീക്ക് ഭാഷയിൽ കുമിളകൾക്ക് പെംഫിക്സ് (Pemphix) എന്ന് പറയപ്പെടുന്നു. ഏതായാലും കുമിളകളെ (Blister) സംബന്ധിച്ചുള്ള അസുഖമാണ് പെംഫിഗസ്. ഈ രോഗത്തിനുള്ള കാരണം ഇനിയും അറിയപ്പെട്ടിട്ടില്ല. പ്രതിരോധശക്തിയുടെ അഭാവം മൂലമായിരിക്കും ഈ രോഗത്തിനുള്ള സാധ്യത എന്ന് ഊഹിക്കാവുന്നതാണ്. ഏതാനും ദിവസങ്ങൾക്കകം ഈ കുമിളകൾ തൊലിപ്പുറത്ത് പാടോടുകൂടി അകത്തേക്കുവലിയുന്നതും പിന്നീട് അതീവ തീവ്രതയോടെ വീണ്ടും പ്രത്യക്ഷപ്പെടുന്നതും, മാസങ്ങളോളം നീണ്ടുനിൽക്കുന്നതുമായിരിക്കും ഇത്. പെംഫിഗസ് വൾഗാരിസ് (Pemphigus Vulgaris), പെംഫിഗസ് ഫോളിയാസിസ് (Pemphigus Foliaceus) എന്ന് രണ്ടുപ്രധാന തരങ്ങളായിട്ടാണ് കണ്ടുവരാറുള്ളത്. കുമിളകൾക്കുള്ളിൽ സുതാര്യമായതോ പാൽ നിറത്തിലോ ഉള്ള ദ്രാവകമായിരിക്കും കാണപ്പെടുക. ക്രമേണ ഈ കുമിളകൾ പൊട്ടി ഒലിച്ച് വൃണങ്ങളായി ത്തീരുന്നതായിട്ട് കണ്ടുവരുന്നു. അതികഠിനമായ അവസ്ഥയിൽ പോളങ്ങളിൽ നിന്ന് രക്തം ഒലിക്കുന്നത് അപകടകരമാവാൻ സാധ്യതയേറെയാണ്. രോഗാവസ്ഥയിൽ ചെറിയ ചൊറിച്ചിലുകളും വേദനകളും ഉണ്ടാവുന്നതാണ്. സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുവാൻ സാധ്യതയുള്ളതുകൊണ്ട് പ്രതിരോധ ലേപനങ്ങൾ രോഗമുള്ള ഭാഗത്ത് പ്രയോഗിക്കേണ്ടതുണ്ട്. ഈ രോഗത്തിന് ഫലപ്രദമായ ചികിത്സകൾ ആരംഭത്തിൽ തന്നെ എടുത്തിരിക്കണം. അല്ലെങ്കിൽ രോഗി അപകടാവസ്ഥയിലേക്ക് പ്രവേശിക്കുവാൻ സാദ്ധ്യത ഏറെയാണ്.

അലോപതി ചികിത്സയിൽ സ്റ്റെറോയ്ഡ് മരുന്നുകളാണ് അധികവും ഉപയോഗിച്ചുവരുന്നത്, ഉയർന്ന അളവിൽ. ഇങ്ങനെ തുടർന്നുകൊണ്ടിരുന്നാൽ ധാരാളം പാർശ്വഫലത്തിന്ന് രോഗി അടിമയാകേണ്ടി വരുന്നതായിരിക്കും. അതുകൊണ്ട് ഡോക്ടറുടെ പ്രത്യേക നിരീക്ഷണം അത്യാവശ്യമാണ്. ഇതിന്ന് ഹോമിയോ ചികിത്സ വളരെ ഫലപ്രദമാണ്. എങ്കിലും ഹോമിയോ ചികിത്സ എടുക്കുന്നവരുടെ എണ്ണം കുറവുതന്നെ ആയിരിക്കും. എന്നാൽ ഹോമിയോ ചികിത്സ എടുക്കുന്നവർക്ക് പാർശ്വഫലങ്ങളിൽ നിന്നും രോഗത്തിൽ നിന്നും മോചനം ലഭിക്കുമെന്നതിൽ സംശയിക്കേണ്ടിവരില്ല.

***ഇപ്പോഴത്തെ ആധുനിക ചികിത്സാ സംവിധാനത്തെപ്പറ്റിയുള്ള ഒരു ലഘുവിവരണം.***

രോഗി 12 വയസ്സുകാരൻ. അസുഖം വലത്തെ കാലിലെ പെരുവിരലിനോട് ബന്ധപ്പെട്ടിട്ടുള്ള പേശി വലിവ് (Cramp) ഇടക്കിടക്ക് വേദനയോടുകൂടിയുള്ള വിരൽ മേല്പ്പോട്ടേക്ക് ഉയർന്നുകൊണ്ടിരിക്കുന്നു. ഒരു പരിചയ സമ്പന്നനായ ചികിത്സകന് നിഷ്പ്രയാസം ചികിത്സിച്ചുമാറ്റാവുന്ന രോഗം. എന്നാൽ ഈ രോഗി സ്പെഷലിസ്റ്റുകളുടെ നിർദ്ദേശപ്രകാരം, എക്സറെ, സി ടി സ്കാൻ, എം. ആർ. ഐ സ്കാൻ എന്നിവയ്ക്ക് വിധേയനാവുകയും കുഴപ്പമൊന്നും ഇല്ലെന്ന് കണ്ടെത്തി പിന്നീട് വേദന സംഹാരി മരുന്നുകളും, ആന്റിബയോട്ടിക് മരുന്നുകളും കഴിച്ച ശേഷം ക്ഷീണിതനായി രോഗശമനം ലഭിക്കാതെ വിഷമിച്ചിരിക്കുന്ന അവസ്ഥ. രോഗം മാറുന്നില്ലെങ്കിലും ചികിത്സകർ മാറിക്കൊണ്ടിരിക്കുന്ന സത്യാവസ്ഥ നിലനിൽക്കുന്നു. ചുരുക്കത്തിൽ ഫലപ്രദമായ ചികിത്സ ലഭിച്ചിട്ടില്ലെന്ന് സാരം. രാജ്യത്ത് ഇപ്പോഴുള്ള എല്ലാ പ്രധാന ചികിത്സാ സംവിധാനങ്ങൾ ആവശ്യവും അത് നിലനിർത്തുകയും വേണം. ഇന്ന ചികിത്സാസംവിധാനം ഉയർന്ന നിലവാരമുള്ളതും മറ്റേതെല്ലാം തരം താഴ്ന്നതുമാണെന്നുള്ള കാഴ്ച്ചപ്പാടുകൾ, അറിവില്ലായ്മകൾ കൊണ്ടുള്ളതാണ്. ഇന്ന ചികിത്സയേ എടുക്കൂ എന്നുള്ള നിർബന്ധ ബുദ്ധി രോഗികളെ സംബന്ധിച്ച് ദോഷകരമായി ഭവിക്കുന്നതായിരിക്കും. രോഗാവസ്ഥയെ തിരിച്ചറിഞ്ഞ് അതിന്ന് ഫലപ്രദമായ ചികിത്സാ സംവിധാനത്തെ പ്രയോഗപ്പെടുത്തുന്നത് രോഗിയോട് ചെയ്യുന്ന ധാർമ്മികതയായിരിക്കും. ഇന്ന ചികിത്സ സംവിധാനം മാത്രമേ പ്രയോഗിക്കുവാൻ പാടുള്ളൂ എന്നുള്ള നിയമ സംവിധാനങ്ങൾ ഒന്നും ഇല്ല. ചികിത്സാ സംവിധാനത്തേയും ചികിത്സകരേയും തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ജനങ്ങൾക്കുണ്ട്. പക്ഷെ രോഗികളെ സംബന്ധിച്ച് അവർക്ക്

ഗുണകരമാവണം.

രോഗികളെ തെറ്റായ ചികിത്സാ സംവിധാനത്തിന്നടിമയാക്കി അവരെ വൈഷമ്യാവസ്ഥയിലേക്ക് തള്ളിവിടുന്നത് അവരോട് ചെയ്യുന്ന ക്രൂരതയായിരിക്കും. നിലവിലുള്ള പ്രധാന ചികിത്സാ സംവിധാനത്തെപ്പറ്റി നല്ലവണ്ണം മനസ്സിലാക്കിയിട്ടുവേണം അഭിപ്രായങ്ങളോ വിമർശനങ്ങളോ നടത്തേണ്ടത്. ഞങ്ങളുടെ ചികിത്സാ സംവിധാനം മാത്രമേ മേന്മയേറിയതായിട്ടുള്ളു എന്ന വല്യേട്ടൻ മനോഭാവം കൈവെടിയണം. വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകൾ, ആരാധനാലയങ്ങൾ, ആദ്ധ്യാത്മീക കാര്യങ്ങൾ ഇവയെല്ലാം ധാർമ്മികത്വത്തിന്ന് അടിസ്ഥാനമായിട്ടുള്ളതാണ്. മറിച്ച് ഇവകളുടെ പ്രവർത്തന മേഖല പണച്ചാക്കുകളാക്കി മാറ്റിയെടുക്കുവാനുള്ള ദുരുദ്ദേശ്യം, മനുഷ്യത്വമില്ലായ്മയും അധമത്വം നിറഞ്ഞതുമായിരിക്കും. വല്യേട്ടൻ മനോഭാവം വെച്ചു പുലർത്തുന്ന ഏതാനും ചികിത്സകർ മറ്റൊരു ചികിത്സാ സംവിധാനത്തെപ്പറ്റി വിമർശിച്ചതിനെ സംബന്ധിച്ചുള്ള പത്രവാർത്ത കാണുവാനിടയായത് ഖേദകരമായിപ്പോയി. നിലവിലുള്ള എല്ലാ ചികിത്സാ സംവിധാനങ്ങൾക്കും അതിന്റേതായുള്ള മഹത്വം നിലനിൽക്കുന്നുണ്ട്. അതിനെ ദുരുപയോഗപ്പെടുത്തുന്നത് മെഡിക്കൽ എത്തിക്സിന്നു യോജിച്ചതല്ല.

■ കവിത

# പ്രളയം



**ആർ.കെ. വള്ളിച്ചിറ**
**9496161911**

മലയോരമാകെയുരുൾപൊട്ടലാലും
ഇടനാടിവിടെയണക്കെട്ടുമൂലം
തീരങ്ങളെല്ലാം കടലാക്രമത്താൽ
കേരളമാകെ ദുരിതത്തിലായി.

ഉരുളുപൊട്ടലിലെല്ലാം നശിച്ചവർ
ഉയിരിനായി വിലപിച്ചിടുന്നവർ
ഉടുതുണിക്കു മറുതുണിയില്ലാതെ
ഉരുകിടുന്നൂ മനമതിലേറെയായ്.

പെരുകി വന്ന പ്രളയജലത്തിനാൽ
മരണമേറെ നടന്നിതിവിടെയായ്
കരളുരുകുന്ന കാഴ്ചയാലേവരും
കരയുകയാണു കദനഭാരത്തിനാൽ.

ഉറ്റവരുടെ വേർപാടുമൂലമി-
ന്നിറ്റുവീഴുന്ന കണ്ണീർക്കണങ്ങളാൽ
മുറ്റിനിൽക്കും ഹൃദയത്തുടിപ്പുകൾ
ചെറ്റു കേൾക്കാമിരുളിൻ മറവിലായ്.

റോഡു തോടായൊഴുകുന്നു നാടിതിൽ
വീടു വെള്ളം കയറി നിറഞ്ഞിതാ
ആടുമാടുകളെല്ലാം ദുരിതത്തിൽ
നാടിതാകെ നശിച്ചു പ്രളയത്താൽ.

കേരളത്തിന്റെ നെല്ലറയാകുമീ
കുട്ടനാടൻ വയലു പ്രളയത്താൽ
കായലേതു വയലേതിവിടെയെ-
ന്നാവതില്ല തിരിച്ചറിഞ്ഞീടുവാൻ.
വെള്ളമുണ്ടു കഴുത്തോളമെങ്കിലും

തുള്ളിയില്ല കുടിപ്പതിനായിട്ട്
ഉള്ളതെല്ലാം നശിച്ചൊരീ വേളയിൽ
ഉള്ളഴിഞ്ഞു സഹായങ്ങളേകണേ.

കൊല്ലും കൊലയുമഴിമതിയക്രമം
എല്ലാമിവിടെ നടത്തും ജനതയ്ക്ക്
തെല്ലൊരു പാഠം പഠിപ്പിച്ചതുപോലെ
നല്ലൊരു മുന്നറിയിപ്പീ ദുരന്തം.

ദാഹജലത്തിന്നപേക്ഷിച്ചിടുന്നവർ
ഭക്ഷണത്തിന്നു കൈനീട്ടി നില്പവർ
പ്രാണരക്ഷാർത്ഥമഭയാർത്ഥിക്യാമ്പിതിൽ
യാചകനും ധനികനുമൊന്നുപോൽ.

പ്രളയബാധിതരാമിവർ നമ്മോടു
പ്രകടമാക്കും ദുരിത വിവരങ്ങൾ
അകതളിരു തുറന്നു നാം കേൾക്കണം
അകമഴിഞ്ഞിവർക്കേകൂ സഹായങ്ങൾ.

പ്രകൃതിക്ഷോഭമീ നാടിനു ഭീഷണി
തകൃതിയായിവിടേറുന്നു നാശങ്ങൾ
പ്രകൃതിയോടു നാം ചെയ്യുന്ന പാതകം
പ്രകൃതി തന്നെ തിരിച്ചടിക്കുന്നുവോ?

ജാതി, മത, വർഗ്ഗ, രാഷ്ട്രീയ ചിന്തകൾ
ഏതുമില്ലാതെയേകമനസ്സാലെ
സന്തോഷ സങ്കടം പങ്കുവച്ചിങ്ങിവർ
സൗഹൃദമോടെ കഴിയുന്നു ക്യാമ്പിതിൽ.

എല്ലാം മറന്നിവരൊന്നായിവിടത്തിൽ
നല്ലമനസ്സോടെ വാഴുന്ന കാൺകയാൽ
തെല്ലൊരു സന്തോഷമെന്നുള്ളിലുണ്ട്
നല്ലതു ചെയ്തു പ്രളയമിവിടത്തിൽ.

പരശുരാമനന്നാഴിയിൽ നിന്നുമായ്
വീണ്ടെടുത്തതാം കേരളമിക്കാലം
പ്രകൃതിക്ഷോഭത്താലാഴിയുമിന്നിതു
വീണ്ടെടുക്കുവാനുദ്യമിക്കുന്നുവോ?

■ കവിത


# അറിയണം



**അജയ് ബാലചന്ദ്രൻ**
**9895659050**

പാതയോരത്തെ പലകപ്പെട്ടിയിൽ നിന്നോരോ
പാൽഐസിൻ കഷ്ണങ്ങൾ, ഈച്ചപൊതിഞ്ഞവ നോക്കിയാ-
പാമര കുഞ്ഞുകരഞ്ഞു 'പാലറിയില്ലല്ലോ'.
പൊന്മണിയറയിലെ പട്ടുമെത്തയിൽ
പാൽകവിയും പൊൻപിഞ്ഞാണം നോക്കിയാ-
പ്രമാണിതൻ കുഞ്ഞുകരഞ്ഞു 'പശിയറിയില്ലല്ലോ'.
പാലകാ പതിന്നാലു ലോകങ്ങൾകാക്കുന്ന നിന്നോടൊരു-
പ്രാർത്ഥന, ഞങ്ങളെ സർവ്വവുമറിയിയ്ക്കണം,
നിന്നറിവിൻ നിറവിൽ ഞങ്ങൾ പാടും
നീയൊഴിഞ്ഞൊന്നുമേയറിയില്ലല്ലോ.

# കാത്തിരിപ്പ്



ടി. കെ. ഉണ്ണികൃഷ്ണൻ
0491–2578098, 9447972209

**ആ**രും അടുത്തില്ലാതെ ഒരു തുള്ളി വെള്ളം തൊണ്ടയിൽ വീഴാതെ കാറ്റുപോലും കയറാൻ പറ്റാതെ ജനലുകളും വാതിലുകളും അടച്ചിട്ട മുറിയിൽ നീണ്ടനീണ്ട ശ്വാസം കുറേ വലിച്ച് ഞാനെന്റെ ശരീരം വിട്ടു. ശരീരം ഒഴിവായപ്പോൾ പുറത്തു കടക്കാൻ വിഷമമില്ലായിരുന്നു.

പുറത്ത് കുറ്റിയിട്ട വാതിലിൽ ലോക്കിട്ടിരുന്നു. നാളെ പേരക്കുട്ടിയുടെ വിവാഹമല്ലെ അതിഥികളുടെ തിരക്കാവും. അറിയാതെ ആരും ഞാൻ കിടക്കുന്ന മുറിയിൽ കയറേണ്ട എന്നു കരുതിക്കാണും. നീരെടുത്ത് വികൃതമായ എന്റെ ശരീരം കണ്ട് ആർക്കും അറപ്പ് തോന്നേണ്ട എന്ന മുൻകരുതലാവാം. കോവണികൾ ഇറങ്ങി ആ വലിയ ഹാളിലേക്ക് കടന്നു.

ആൺകുട്ടികളും പെൺകുട്ടികളും അടിപൊളി പാട്ടുകളോടൊപ്പം ഡാൻസ് കളിക്കുന്നു. പേരക്കുട്ടിയെ ഡാൻസ് കളിക്കാൻ കൂട്ടുകാർ നിർബന്ധിക്കുകയാണ്. അവിടെ നിന്നും മകളുടെ മുറിയിലേക്ക് നീങ്ങി. ആ വലിയ മുറിയിൽ സ്ത്രീകൾ നിറഞ്ഞ് നിൽപ്പുണ്ട്. വിവാഹത്തിന് വാങ്ങിയ സ്വർണ്ണാഭരണങ്ങളും മറ്റും മകൾ നിരത്തി അഭിപ്രായങ്ങൾ തേടുകയായിരുന്നു. എല്ലാവരുടെ ഇടയിൽക്കൂടെ കടന്ന് ഞാനും അതൊന്ന് നോക്കി. എല്ലാം കൂടി അഞ്ഞൂറ് പവനുണ്ടാകും. പട്ടുസാരികൾ കൂമ്പാരമായി കിടക്കുന്നു. ശരീരം ഒപ്പമില്ലാത്തതിനാൽ ആരും വഴക്ക് പറഞ്ഞില്ല. അല്ലെങ്കിൽ കേൾക്കാമായിരുന്നു. "ഈ വയസ്സന് ഇവിടെന്തു കാര്യം."

അവിടെനിന്ന് കടന്നത് ഡൈനിംഗ് റൂമിലേക്കാണ്. അവിടെ മരുമകനും കൂട്ടുകാരും കുപ്പികൾ പൊട്ടിക്കുകയാണ്. ചിക്കന്റെയും മത്സ്യത്തിന്റെയും അതിൽ ചേർത്ത മസാലകളുടേയും മണം ചുറ്റും പരക്കുന്നു. മുറ്റത്തേക്ക് വന്നപ്പോൾ അത്ഭുതപ്പെട്ടുപോയി. വലിയ പന്തൽ. അതിനെ എത്ര നന്നായിട്ടാണ് അലങ്കരിച്ചിരിക്കുന്നത്. മുറ്റത്തിന് മുമ്പിലുള്ള പൂന്തോട്ടത്തിൽ പൂക്കളുമായി നിൽക്കുന്ന ചെടികൾ. അതിൽ നിറയെ പൂമ്പാറ്റകളുണ്ടോ? തന്റെ പ്രിയപ്പെട്ട പേരക്കുട്ടിയുണ്ടോ? മുത്തച്ഛാ മുത്തച്ഛാ എനിക്ക് ഒരു പൂമ്പാറ്റയെ പിടിച്ചുതാ എന്നു പറയുന്നുണ്ടോ? ഞാനെന്തു ഭ്രാന്തൻ. അവൾ വലുതായില്ലേ. അവളുടെ വിവാഹമല്ലെ നാളെ. അവളുടെ അച്ഛനും അമ്മയും അമേരിക്കയിൽ ജോലി നോക്കുമ്പോൾ ഞാനും ഭാര്യയുമാണ് അവളെ വളർത്തിയത്. നേഴ്സറി മുതൽ എം. ബി. ബി. എസ്. പാസ്സാകും വരെ അവൾക്ക് വേണ്ടത് ചെയ്തു കൊടുത്തത് ഞങ്ങളാണ്. അവളോടുള്ള സ്നേഹം മകൾക്കുപോലും കിട്ടിയിട്ടില്ല.

അകത്തേക്ക് വന്നപ്പോൾ മകളും മരുമകനും അതിഥികൾക്ക് കിടക്കാനുള്ള മുറികൾ കാണിക്കുകയായിരുന്നു. എല്ലാവരും കിടപ്പായപ്പോൾ മകൾ പറഞ്ഞു, "ഒന്നു നോക്കിവരാം." മരുമകനും മകളും എന്റെ ശരീരം കിടക്കുന്ന മുറി തുറന്നപ്പോൾ ഞാനും ഒപ്പം കടന്നു. എന്തോ ഒരു സംശയം മരുമകന് തോന്നിയേക്കാം. അയാൾ എന്റെ ശരീരത്തിൽ തൊട്ടുനോക്കി. മൂക്കിന്റെ തുമ്പത്ത് വിരൽ വച്ചു. എന്നിട്ട് തലയിൽ കൈവെച്ച് പറഞ്ഞു "ചതിച്ചു".

മകളുടെ ശബ്ദം "ചതിച്ചോ അച്ഛാ. രണ്ടുദിവസം കൂടി കഴിഞ്ഞുമതിയായിരുന്നില്ലേ." മരണം നിയന്ത്രിക്കാൻ പറ്റോ മനുഷ്യന് എന്ന് ചോദിക്കാൻ തോന്നി. പക്ഷെ എനിക്ക് ശബ്ദമില്ലല്ലോ. എങ്കിലും ശരിയല്ലേ അവൾ പറയുന്നത്. അവളുടെ ഏക മകളുടെ വിവാഹമാണ് നാളെ. പണത്തിന്റെ കൊഴുപ്പ് കാട്ടാനുള്ള അവസരം. "എല്ലാം നഷ്ടപ്പെടുമോ? ഇനി എന്തു ചെയ്യും." അവൾ ചോദിക്കുമ്പോൾ മരുമകൻ ആരോടോ മൊബൈലിൽ സംസാരിക്കുകയായിരുന്നു.

മരുമകൻ മകളോട് പറയുന്നു, "മരിച്ച വിവരം ആരോടും പറയണ്ട. ഞാൻ എന്റെ സ്നേഹിതനെ വിളിച്ച് എല്ലാം ശരിയാക്കാൻ പറഞ്ഞിട്ടുണ്ട്. കോയമ്പത്തൂരിലെ ഒരു ആശുപത്രിയിൽ കൊണ്ടുപോകണം. ദീനം കൂടിയപ്പോൾ രാത്രി തന്നെ കോയമ്പത്തൂർ ആശുപത്രിയിൽ അഡ്മിറ്റാക്കി എന്നു പറയാം എല്ലാവരോടും. രണ്ടു ദിവസം കഴിഞ്ഞേ അച്ഛൻ മരിക്കൂ."

കാര്യം മനസ്സിലാക്കിയ മകൾ വിശ്വസ്തരായ രണ്ട് ആൾക്കാരെ വിളിച്ച് ശവം ഇന്നോവ വണ്ടിയിൽ കയറ്റി. മരുമകനും അവരും ഒപ്പം പോയി. പക്ഷെ ഞാൻ പോയില്ല. എനിക്ക് എന്റെ എത്രയും പ്രിയപ്പെട്ട പേരക്കുട്ടിയുടെ വിവാഹം കാണണം.


നഗരത്തിലെ ഏറ്റവും വലിയ കല്യാണ മണ്ഡപം അലങ്കരിച്ചു നിൽക്കുന്നു. ക്ഷണിച്ചു വരുന്നവരെ സ്വീകരിക്കാൻ മുറ്റത്ത് പഞ്ചവാദ്യം. ഹോളിലേക്ക് കടക്കുന്ന വലിയ വാതിലിൽ രണ്ടുവശത്തും കഥകളിയിലെ വേഷം കെട്ടിയവർ നിന്ന് സ്വാഗതം പറയുന്നു. ഉള്ളിൽ കടന്നപ്പോൾ കളിക്കോപ്പുകളെപ്പോലെ ചെറിയ വിമാനങ്ങൾ പറക്കുന്നു. പിന്നീടാണ് മനസ്സിലായത് അത് എല്ലാവരുടേയും ഫോട്ടോയെടുക്കുന്ന ക്യാമറയാണെന്ന്. റിമോട്ട് കൺട്രോളിൽ പറക്കുന്ന അവ കാണാൻ രസം തോന്നി. പലതും അലങ്കരിച്ച് താലങ്ങൾ എടുത്ത സുന്ദരികളും കേരളാ സാരികളണിഞ്ഞ തിരുവാതിരക്കളിക്കാ

രും വാദ്യക്കാരും പോയി വരനെ കൊണ്ടുവന്നു. പിന്നീട് അതുപോലെ തന്നെ വധുവിനേയും. ചടങ്ങുകൾ നടന്നു. ആൾക്കാർ സദ്യയുണ്ണാൻ നീങ്ങി. വെജിറ്റേറിയനും നോൺ വെജിറ്റേറിയനും രണ്ടു സ്ഥലത്തായി നിരത്തിയിട്ടുണ്ട്.

ഭാര്യ ആദ്യം മരിച്ചുപോയത് നന്നായി ഇല്ലെങ്കിൽ എന്റെ മരണവിവരം അറിഞ്ഞ് ഇതെല്ലാം അലങ്കോലപ്പെടുത്തുമായിരുന്നു. വിവാഹം കഴിഞ്ഞ് രണ്ടു ദിവസമായി. പേരക്കുട്ടി ഭർത്താവിനോടൊപ്പം ഹണിമൂണിനു പോകുന്നു. അതിഥികൾ മടങ്ങി. മരുമകൻ മകളോട് പറയുന്നതുകേട്ടു. "അച്ഛന്റെ മരണം ഇന്നാക്കാം. ഡോക്ടറെ വിളിക്കാം." ഞാനെന്റെ ശവം വരുന്നതും കാത്തിരുന്നു.

●

■ കവിത



# പ്രളയം

**ഇന്ദുജൻ**
**9567128513**

പ്രളയം ഒഴിഞ്ഞുപോയെങ്കിലുമെന്നിൽ
എരിയുന്ന പ്രളയാഗ്നിജ്വലിച്ചുനിൽപ്പൂ
ഉരിയാടിനിൽക്കുവാൻ നേരമില്ലായിനി
ഉണരണം ദുരിതത്തെ നേരിടുവാൻ
പ്രളയത്തിന്നൂക്കിൽ പുതഞ്ഞുപോയോ
മമഹൃദയത്തുടിപ്പായ സോദരന്മാർ
അവരുടെ സ്വപ്നത്തിൽ പൂത്തുനിൽക്കാ-
നൊരു തലമുറയില്ലാതെ മാഞ്ഞുപോയോ?
ഇരുളിനെ പുണർന്നുഞാൻ കരഞ്ഞുവല്ലോ
വാഴ്‌വിൽ ഇരുളിൽ കരിമ്പടം ചാർത്തിടല്ലേ
ഒരുനല്ല സംസ്കാരധാരയാമീമണ്ണ്
കരൾ പിളർന്നൊടുങ്ങുവാൻ വിനയാകല്ലേ!
ഒരുപുലർവെട്ടത്തിൻചുണ്ടിലെമധുരമായ്
മലയാളനാടാകെ മുഴുകിനിൽക്കാൻ
ഒരുമയായ് ഒന്നെന്നഭാവം വളർത്തിനാം
അരുമയാം ധരണിയെ വീണ്ടെടുക്കാം!
ഏതോ ഹൃദയങ്ങൾ പാടാതെ പോയൊരു
പാട്ടുകൾ നമുക്കിനി പാടി നിൽക്കാം
ഏതോ മനസ്സുകൾ കാണാതെ പോയൊരു
കനവുകൾ നമുക്കിനി കണ്ടുനിൽക്കാം!
കാലത്തിനക്കരെ പോയിവരാമിനി
കാണാത്ത മുത്തുകൾ വാരിവരാം
ഏകാന്തമൂകമാം തീരത്തൊരായിരം
സ്നേഹത്തിൻ നെയ്ത്തിരി നീളെവെയ്ക്കാം!

■ കവിത

# ജ്യോതിർസ്മൃതികൾ



**എം. കെ. ശശിധരൻ**
**9847838361**

പ്രത്യുഷസന്ധ്യയിൽ വെണ്മേഘമാലകൾ
കാന്തിമത്തായൊരു മൗനവുമായി
ആകാശവീഥിയിൽ നീലിമയിൽ
നീളേ നിറഞ്ഞു തുടിപ്പതു കണ്ടു.
കഴിഞ്ഞ രാവിലെ ജോലി കഴിഞ്ഞു
വിട പറയുന്നൊരു ചന്ദ്രികക്കീറ്
ശോഭയില്ലാതെ സൂര്യന്റെ ജ്യോതിയിൽ
വിളറിനില്പുയിനിയതുമാഞ്ഞുമാഞ്ഞുപോകും
ഇന്നലെ രാത്രിയിലംബരം നിറയെ
താരാഗണങ്ങളുണ്ടായിരുന്നു
ഗഹനഗഗനമവയെയെല്ലാം
അന്തരാളത്തിൽ സൂക്ഷിച്ചുവച്ചു
നിറഞ്ഞ ചിരിയുമായ് സുഖഗംഭീര
നിഗൂഢസ്വപ്നങ്ങൾ ഞങ്ങൾക്ക് തന്നു
നീ വിജയിച്ചീടുന്നു ഭംഗമില്ലാതെ.
ഊഷ്മളമാണീ വിഭാതമെന്റെ
മനസ്സിലും നിറയുന്നു വെള്ളിമേഘങ്ങൾ
അതിന്റെ മുഗ്ദസൗന്ദര്യമാകെ
ചിത്തവിഹായസ്സിൽ വർണ്ണങ്ങൾ വിതറി.
അമ്പിളിക്കലയിതാ തീർത്തു-
മപ്രത്യക്ഷമായി ഇരവിലാതേജസ്സ്
വീണ്ടുമണയും താരാഗണങ്ങളും
ഇവയെല്ലാം സൃഷ്ടിച്ച ചൈതന്യമൂർത്തി
എന്തെന്തു സൗഭാഗ്യങ്ങൾ ഭൂമിയ്ക്ക് നല്കി !?
എങ്കിലും മാനവർക്കിടയിൽ നാം
കാണുന്നു ക്രൂരദുഷ്ടതകളും
അനുക്തവഞ്ചനകളും
കൂട്ടമാനഭംഗം, മൃഗീയഹത്യകൾ,
സങ്കല്പത്തിനുമതീതമായ
തട്ടിപ്പുസംഘങ്ങളൊരുതരി
ചോര കണ്ണിലില്ലാതെ...
നമ്മുടെ നാട് ദൈവത്തിൻ സ്വന്തം നാട്
ഫലത്തിൽ ചെകുത്താന്റെ കേളികൾ മാത്രം!

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

പുസ്തകം 8 ലക്കം 9 ആഗസ്റ്റ് 2018ൽ ഓണത്തേക്കുറിച്ചുള്ള ലേഖനത്തിൽ പേജ് 7 മഹാബലിയെക്കുറിച്ചുള്ള കഥയിൽ 'അല്പം ചരിത്രം' എന്ന തലക്കെട്ടിൽ കൊടുത്തത് അത്ര ഉചിതമാണോ (വാസ്തവമാണോ)?

പുരാണങ്ങൾ, ഐതിഹ്യങ്ങൾ, കെട്ടുകഥകൾ എന്നിവ ചരിത്രവാസ്തവത്തിൽ നിന്ന് വ്യത്യസ്തമല്ലേ? മഹാബലിയേയും ശ്രീനാരായണ ഗുരുവിനേയും ജാതി/മത/ഉച്ചനീച ഭേദമില്ലാതെ ഒരേപോലെ കരുതിയ കേരളീയൻ എന്നു ചൊല്ലാമോ? മഹാബലിയുടെ മകൻ ബാണൻ (!!) മധ്യ ആസാമിലെ ഒരു സ്ഥലത്ത് രാജാവായി എന്നുള്ളതും മറ്റും ചരിത്ര വാസ്തവമാണോ?? ജാതി മത ഭേദമില്ലാതെ സമദൃഷ്ടി/ ഭാവനയെന്നുള്ളത് ചില മഹാന്മാർ മാത്രം സ്വീകരിച്ചു, അനുഷ്ഠിച്ചു, ഊന്നൽ കൊടുത്താൽ മാത്രം മതിയോ? സ്വാർത്ഥപരത വെടിഞ്ഞ് (അനാവശ്യ!)ആവശ്യങ്ങളെ വെടിഞ്ഞ് /നിയന്ത്രിച്ച്, നമ്മുടെ മധ്യവർഗ്ഗം ആചരിച്ചുകാട്ടാതെ ഭാഷണങ്ങളാലും ലേഖനങ്ങളാലും എന്ത് പ്രയോജനം? ഉടനെത്തന്നെ ഈ വാസ്തവത്തെ ദൈനിക ജീവിതത്തിൽ ആചരിച്ചുകാട്ടാതെ ഭാവിയെ അന്ധകാരത്തിൽ നിന്നു മോചിപ്പിക്കാൻ കഴിയുമോ? ചിന്തിക്കുക !

പ്രലോഭനങ്ങൾ ഒന്നിനുമേൽ ഒന്നായി അടിച്ചുകയറി വരുന്ന ഇന്ന്, കബളിക്കുന്നതും നമ്മൾ, കബളിക്കപ്പെടുന്നതും നമ്മളല്ലെ? മൗലിക മാനവമൂല്യങ്ങളെ പാടെ തള്ളി നീക്കി മഹാബലി/ശ്രീനാരായണ ഗുരുദേവൻ/ഗാന്ധിജി എന്നിവർക്കായി ഹർജി/അപേക്ഷ മാത്രം രേഖപ്പെടുത്തിയതുകൊണ്ട് എന്ത് പ്രയോജനം? ഇവിടെ ആരാധ്യന്മാരായ മഹാന്മാർ ഉണ്ടാവാതെയല്ല; അവരുടെ ഉപദേശം/ചേതാവനിയെ കുബേര/മന്മഥ ബലിപീഠത്തിൽ അർപ്പിച്ചു, സ്വാർത്ഥപരതയോടെ 'സുഖം സുഖക്ഷോണിയെ നാകമാക്കാൻ വേധസ്സ നിർമ്മിച്ച വിശിഷ്ട വസ്തു' (ഉള്ളൂർ)വിനെ അന്ധമായി തേടിയലയുന്ന മധ്യവർഗ്ഗം കാല്പനികമായ മാവേലി സ്വർഗ്ഗത്തെ പ്രതീക്ഷിക്കാമോ? ചിന്തിക്കുക !

എം. എം. മേനോൻ
0491-6451469, 0491-2572939

പ്രിയപ്പെട്ട മുരളി,

എത്ര ശരി ! 'ഒരേ ഒരു പ്രശ്നം മതി; എല്ലാവരേയും ഒന്നാക്കാനും ഇല്ലാതാക്കാനും' അസാധാരണമായ ഈ ദുരന്തപ്രളയം എന്തെല്ലാം പാഠങ്ങളാണ് നമ്മെ പഠിപ്പിച്ചത്? (നാം പാഠം പഠിച്ചുവോ ? മഴയൊന്ന് ശമിച്ചപ്പോൾ വീണ്ടും പശ്ചിമഘട്ടവും കിഴക്കൻ മലയോര പ്രദേശങ്ങളിലെ കുന്നുകളും തുരക്കാൻ തുടങ്ങിയിരിയ്ക്കുന്നു ! പരിസ്ഥിതി ലോലപ്രദേശങ്ങൾ!!)

കുറച്ചു നാളത്തേയ്ക്കെങ്കിലും കണ്ടു നാം മാനുഷരെല്ലാരുമൊന്നുപോലെയുള്ള മാവേലിക്കാലം; ദുരിതാശ്വാസക്യാമ്പുകളിൽ. അവിടെ ജാതിയോ മതമോ പണക്കാരനോ, പാവപ്പെട്ടവനോ, രാഷ്ട്രീയക്കാരനോ ഒന്നുമില്ല. എല്ലാവരും ഒരുപോലെ വരിയ്ക്ക് നിന്ന് ഭക്ഷണം വാങ്ങുന്നു. ഒരു പരാതിയുമില്ല. സോഷ്യലിസത്തിന്റെ ഒരു ദുരന്തകാഴ്ച! ഇല്ലായ്മകൾ പങ്കിട്ട ഒരു നേർ കാഴ്ച. മാളികമുകളേറിയ മന്നന്മാർ തോളിൽ മാറാപ്പുമായി ഇറങ്ങേണ്ടിവന്ന കാഴ്ച. ഒരു നിമിഷം കൊണ്ട് എല്ലാം തകർന്നുതരിപ്പണമാവുന്ന കാഴ്ച. കോടികൾ മുടക്കി പണിത പാലങ്ങൾ, റോഡുകൾ, മണി സൗധങ്ങൾ, ആശുപത്രികൾ, വിദ്യാലയങ്ങൾ... എല്ലാമെല്ലാം മണ്ണടിയുന്ന കാഴ്ച! പ്രകൃതിയ്ക്ക് ഇവയെല്ലാം വെറും പുല്ല്!!

പക്ഷെ, ഒന്നുണ്ടായി. മാനവസ്നേഹത്തിന്റെ ഉദാത്തമായ നിമിഷങ്ങൾക്ക് ഇത് സാക്ഷ്യം വഹിച്ചു. മനുഷ്യഹൃദയങ്ങളിലെ സ്നേഹവിശാലത കരുണക്കടലായി ഒഴുകിയെത്തി ലോകമെമ്പാടുമുള്ളവർ. സഹജീവികളോടുള്ള കടപ്പാട് ഓരോരുത്തരും നിർവ്വഹിയ്ക്കുന്നത് ലോകം തെല്ല് അസൂയയോടെ തന്നെ വീക്ഷിച്ചു.

കാറ്റിലും കോളിലും ആടിയുലഞ്ഞ് തരിപ്പണമാകാവുന്ന ഒരു കപ്പലിനെ സൂക്ഷ്മതയോടെ അപകടരഹിതമായി നയിച്ച ഒരു കപ്പിത്താന്റെ പാടവത്തോടെ, കരുത്തോടെ, പതറാതെ, ഈ പ്രതിസന്ധിയെ നേരിട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എല്ലാവരുടേയും പ്രശംസ പിടിച്ചുപറ്റി. കുരുക്ഷേത്ര യുദ്ധത്തിൽ അർജ്ജുനന്റെ തേരാളിയായ ശ്രീകൃഷ്ണനെപ്പോലെ ! ഒരു രാഷ്ട്രീയക്കാരനേയും കുറ്റം പറഞ്ഞില്ല; കേന്ദ്രത്തിന്റെ സഹായങ്ങളെ പുകഴ്ത്തി; നന്ദി പറഞ്ഞു എല്ലാവർക്കും. പട്ടാളം, ഫയർഫോഴ്സ്, സന്നദ്ധ സംഘടനകൾ, മത്സ്യത്തൊഴിലാളികൾ, യുവജന സംഘടനകൾ, ജീവനക്കാർ, വിദ്യാർത്ഥി സംഘടനകൾ... അഹോ, അപാരമായിരുന്നു കേരളം കണ്ട ദുരിതാശ്വാസപ്രവർത്തനങ്ങൾ ! 'ഒരേ ഒരു പ്രശ്നം മതി എല്ലാവരേയും ഒന്നാക്കാൻ' മുരളിയുടെ സാർത്ഥകമായ മൊഴിമുത്ത്.

മാത്രമല്ല ഈ ഓണക്കാലത്ത് മഹാബലിയെ ഞാൻ നേരിൽ കണ്ടു. ജെയ്സൽ എന്ന മത്സ്യത്തൊഴിലാളിയുടെ വേഷത്തിൽ. ഉയർന്ന ബോട്ടിൽ കയറാൻ അഭയാർത്ഥികൾക്ക് തന്റെ പുറം ചവുട്ടിപടിയാക്കിയ മഹാബലിയെ ! എത്രയെത്ര മഹാബലിമാർ... പല വേഷത്തിൽ... പല ഭാവത്തിൽ അവതരിച്ചു നമ്മുടെ കേരളത്തിൽ... ഈ ദുരന്ത പ്രളയത്തിൽ!

സഹായങ്ങൾ കുമിഞ്ഞു കുന്നുകൂടുന്നു. ഇനിയാണ് പ്രശ്നങ്ങൾ. അർഹരായവർക്ക് കിട്ടാതെ വരുമ്പോൾ, അനർഹർ തട്ടിയെടുക്കുമ്പോൾ... കൈകാര്യം ചെയ്യുന്നവർ സ്വാർത്ഥമതികളാവുമ്പോൾ, ചക്കരക്കുടത്തിൽ കൈയ്യിട്ട് നക്കി നോക്കുന്നവരുണ്ടാവുമ്പോൾ... നമ്മ

ൾ ആർജ്ജിച്ച എല്ലാ സൽപ്പേരുകളും ഒരു നിമിഷം കൊണ്ട് ഇല്ലാതാക്കാനും അത് മതിയാവും.

കേരളം ദൈവത്തിന്റെ നാടായി മാറിക്കൊണ്ടിരിയ്ക്കുന്ന ഈ സന്ദർഭത്തിൽ ചെകുത്താന്മാരുടെ നുഴഞ്ഞുകയറ്റം തടയാൻ ശ്രദ്ധാപൂർവ്വം കണ്ണിലെണ്ണയൊഴിച്ച് നമുക്കോരോരുത്തർക്കും കാവലിരിയ്ക്കാം.

സ്നേഹപൂർവ്വം

മുക്കം ഭാസി.

9846138693

ചീഫ് എഡിറ്റർ പ്രിയ മുരളി,

'ഏക തത്ത്വ' സെപ്റ്റംബർ ലക്കം വായിച്ചു. ഏറ്റവും ശ്രദ്ധയോടെ ആദ്യം വായിച്ചത് മുഖപ്രസംഗം. മറ്റേതൊരു ആനുകാലിക മുഖപ്രസംഗങ്ങളേക്കാൾ നീണ്ടതും കാര്യമാത്രപ്രസക്തവുമായ ഈ മുഖപ്രസംഗം ചീഫ് എഡിറ്ററുടെ അഗാധമായ അറിവും രചനാപാടവവും വെളിവാക്കുന്ന ഒന്നാണ്. കേരളം കണ്ട ഏറ്റവും വലിയ ദുരന്തം അതിന്റേതായ തീക്ഷ്ണതയിൽ സവിസ്തരം ചിത്രീകരിക്കുന്ന ഒരു വാങ്മയ ചിത്രം തന്നെ ഈ പ്രസംഗം. അതിലെ അഞ്ചാമത്തെ ഖണ്ഡിക എന്നിലെ കവിതയേയും തട്ടിയുണർത്തി 'പ്രളയം' എന്നൊരു കവിത എഴുതിച്ചു. ഇത്തരം മുഖപ്രസംഗം മാസികയ്ക്ക് അലങ്കാരമാണ്; മുതൽക്കൂട്ടാണ്.

യു. ആർ. എഫ്. നാഷണൽ റെക്കോഡിലൂടെ ചരിത്രനേട്ടത്തിലെത്തി നിൽക്കുന്ന സുപ്രസിദ്ധ കഥാകൃത്ത് - ഏക തത്ത്വയുടെ സ്വത്തായ - ശ്രീ. സുരേഷ് തെക്കീട്ടിലിന്റെ അഞ്ചുകഥകൾ - പഞ്ചനക്ഷത്രങ്ങളായി സുവർണ്ണശോഭ ചൊരിഞ്ഞ് വിരാജിക്കുന്നു.

ഒരു പിഞ്ചിളം പൈതലിന് - തന്റെ പൊന്നുമോൾക്ക് - ഉപദേശമായും മുന്നറിയിപ്പായും ഈണം പകരുന്ന പ്രതിഭ അമ്പാടിയുടെ 'പുണ്യജ്വാല' എന്ന കവിത വായിച്ച് ആസ്വദിച്ചു. നല്ല കവിത. ആശംസകൾ നേരുന്നു.

നിന്നിലെ പ്രതിഭയെ
നീ തിരിച്ചറിയണം
നിൻ കാവ്യവല്ലരി
പൂത്തലഞ്ഞീടണം
ഏക തത്ത്വയ്ക്കു
നിറം കൂട്ടുവാനിന്നു
നിൻ പ്രതിഭയ്ക്ക്
കഴിയുമാറാകണം.

കൃഷ്ണ എഴക്കാടിന്റെ പുസ്തകപരിചയം നന്നായി വായിച്ചു. ശ്രീ. സുകുമാരൻ നെല്ലാനിക്കാടിന്റെ 'പുനർജ്ജനി' എന്ന മഹത്ഗ്രന്ഥം നന്നായി വായിച്ചു പഠിച്ചെഴുതിയ നല്ല ഒരു നിരൂപണമായി എനിക്കുതോന്നി. സർവ്വ കലാകേദാരമായ ഈ പുനർജ്ജനിയുടെ അന്തഃസത്തയ്ക്ക് അല്പം പോലും ചോർച്ച വരാതെ നന്നായി തയ്യാറാക്കിയ ഈ നിരൂപണം നിരൂപണ സാഹിത്യത്തിനുതന്നെ മുതൽക്കൂട്ടാണ്.

ഭാസി സാറിന്റെ അഭിനയ സ്മരണകൾ 20 ഭാഗവും വായിച്ചു കഴിഞ്ഞു. അത്യന്തം ഹൃദ്യമായ ഈ സ്മരണ പരമ്പര എല്ലാം കൂടി ഒരു പുസ്തകരൂപത്തിലായി കാണാൻ ഏറെ കൊതിക്കുന്നു. അതിനായി പ്രാർത്ഥിക്കുന്നു.

ഏക തത്ത്വയ്ക്ക് എല്ലാ നന്മകളും നേർന്നുകൊണ്ട് നിർത്തുന്നു. നമസ്ക്കാരം.

വി. ബി. രാമൻകുട്ടി

പാല, 9496161911

ആദ്യം തന്നെ ക്ഷമാപണം അറിയിച്ചുകൊള്ളട്ടെ. അജയ് ബാലചന്ദ്രൻ എന്ന കലാകാരന്റെ, പുസ്തക പ്രകാശന ചടങ്ങിൽ പങ്കെടുക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യമായിരുന്നു.

ഓണത്തെക്കുറിച്ച് ഓരോ വർഷവും നാം അനുഭവിക്കുന്നും അറിയുന്നുമുണ്ടെങ്കിലും (ഓണം) വായനാമികവേകി. മായം ചേർത്ത ഭക്ഷണപദാർത്ഥങ്ങൾ. സ്വയം നന്നായവരാണ് നേതൃസ്ഥാനത്തിനർഹർ. രണ്ട് തലമുറയുടെ സ്വഭാവവിശേഷണങ്ങൾ, റിയാലിറ്റി ഷോ, മദ്യം, പ്രകൃതി തുടങ്ങി അവസാന പേരഗ്രാഫിലെത്തിനിൽക്കുന്ന മഴ ദുരന്തം വരെ എഡിറ്ററുടെ പേന ഇന്നത്തെ ചില ദുരന്ത സമൂഹത്തിന് നേരെ കണ്ണാടി പോലെ പ്രതിഫലിക്കുന്നു. ഭാസി സാറിന്റെ 'അഭിനയ സ്മരണകൾ' ഒരു കാലഘട്ടത്തിന്റെ നന്മകളും കുസൃതികളും കാട്ടുന്നു. ആശംസകളോടെ...

കമർ അഷ്ക്കർ

8891551508

ശ്രീ. മുരളീധരൻ

എനിക്ക് പറയുവാനുള്ളത് പറഞ്ഞത് നന്നായി. അതിനിയും ശക്തമായി തുടരട്ടെ. സുഹൃത് ബന്ധത്തിന്റെ ശക്തിയും സ്വാധീനവും ശ്രീമതി. ബിന്ദു വ്യക്തമാക്കിയതും നന്നായി. അങ്ങനെ ഏക തത്ത്വ തന്റെ വ്യക്തിത്വം നിലനിർത്തട്ടെ. ആശംസകൾ.

സസ്നേഹം,

സൈനുദീൻ മുണ്ടക്കയം

9947253006

മറുപടി

രചനകളെല്ലാം പോസ്റ്റലായി അയക്കുവാൻ ശ്രദ്ധിക്കുക. A4 size പേപ്പറിൽ വായിക്കാൻ പറ്റുന്ന വിധം വൃത്തിയായി ഒരു പുറത്തുമാത്രം എഴുതി അയക്കുന്നതാണ് അഭികാമ്യം. കത്തുകളയച്ച ഏവർക്കും നന്ദി. കൂടുതൽ പേരേ വായനക്കാരാക്കാനും വരിക്കാരാക്കാനും ഓരോരുത്തരും ശ്രമിക്കുക. തുടർന്നും എഴുതുക.

എഡിറ്റർ


പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്ത്വ പബ്ലിക്കേഷൻ**


പാലക്കാട് -1

മൊബൈൽ : 9446443321, 9387118131

തവണകളായും പണമടയ്ക്കാം.

■കഥ

# ഓണസദ്യ



**സൈനുദീൻ മുണ്ടക്കയം**
**9947253006**

ഉത്രാടം നാൾ ഉച്ചക്ക് നല്ലൊരു സദ്യ. കഴിഞ്ഞ വർഷം ഓണാഘോഷം ഉണ്ടായിരുന്നില്ലല്ലൊ. വൈകുന്നേരം മകനും ഭാര്യയും കുട്ടികളും ഉടുത്തൊരുങ്ങി യാത്രയ്ക്ക് തയ്യാറാകുന്നു. ഇക്കുറി ഓണം കൊള്ളാൻ ഭാര്യ വീട്ടിലേക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പാണെന്ന് മനസ്സിലായി. അതും വേണമല്ലോ.

മകൻ പറഞ്ഞു, “അച്ഛാ ! ഞങ്ങൾ സീതേടെ വീട്ടിലേക്കൊന്ന് പോയി വരാം. അവളുടെ അച്ഛൻ സുഖമില്ലാതിരിക്കുകയല്ലേ. ഈ ഓണത്തിന് അവിടെ വേണമെന്ന് ആവശ്യപ്പെടുന്നു. നാളെ വൈകീട്ടത്തേക്ക് ഞങ്ങൾ മടങ്ങിയെത്തും. പിന്നെ... അച്ഛനുള്ള ഓണസദ്യ ദിവാകരേട്ടൻ കൊണ്ട് വന്നുതരും. ഒക്കെ ഏർപ്പാടാക്കിയിട്ടുണ്ട്. വൈകുന്നേരത്തേക്കുള്ള ചായയും രാത്രി ഭക്ഷണവും മേശപ്പുറത്ത് വച്ചിട്ടുണ്ട്. മറക്കാതെ എടുത്ത് കഴിക്കണം.”

എല്ലാം കേട്ടിരുന്നു. അതൃപ്തി പ്രകടിപ്പിച്ചില്ലെന്നുമാത്രമല്ല. അനുകൂലമായി തലയാട്ടി പുറത്തേക്ക് നോക്കിയിരുന്നു. മക്കളോട്, അവരുടെ ഇംഗിതങ്ങൾക്ക് വിരുദ്ധമായി പ്രതികരിക്കുന്നത് ശരിയല്ല. ഇനിയുള്ള ജീവിതം സംയമനങ്ങളുടേയും സഹനത്തിന്റേയും കാലമാണ്.

വാർദ്ധക്യവും ഒറ്റപ്പെടലും മനുഷ്യജീവിതത്തിൽ നിന്നും ഒഴിവാക്കാനെങ്ങനെ സാധിക്കും ? ഓരോരുത്തർക്കും ഓരോ തരത്തിൽ അതനുഭവപ്പെടും. അവനവന്റെ വിഷമങ്ങൾ മറ്റുള്ളവരുടേതുമായി തുലനം ചെയ്യുന്നതെങ്ങനെ ? എന്റെ ദുഃഖം എനിക്ക് വലുതാണല്ലൊ. ഇവിടെയിപ്പോൾ ദുഃഖിക്കാനൊന്നുമില്ല. മകന് അച്ഛനോടെന്ന പോലെ ഭാര്യയോടും ഉത്തരവാദിത്തങ്ങളുണ്ട്, കടമകളുണ്ട്. അത് മനസ്സിലാക്കിയാൽ പിന്നെ പ്രശ്നമില്ല. അവൻ അവന്റെ കടമ നിർവ്വഹിക്കുന്നു. സന്തോഷത്തോടെ പോയി വരട്ടെ. അവർ യാത്ര പറഞ്ഞിറങ്ങി.

കാർ ഗേറ്റിനുപുറത്തുനിർത്തി. സീത ഗേറ്റ് അടച്ചുകുറ്റിയിട്ട് കാറിൽ കയറുന്നതിനുമുമ്പ് തിരിഞ്ഞുനിന്ന് മൗനാനുവാദം തേടി. അവൾ കാറിൽ കയറിയതും പേരക്കുട്ടികൾ കൈകൾ പുറത്തേക്കിട്ട് റ്റാ റ്റാ പറയുന്നതും നോക്കിയിരുന്നു. തന്റെ കൈകളും യാന്ത്രികമായി കാറ്റിൽ ഉലയുന്ന മരച്ചില്ല കണക്കേ ഇളകിനിന്നു.

കഴിഞ്ഞ ഒന്നര വർഷത്തിനിടെ അവർ തന്നെ തനിച്ചാക്കി എങ്ങും പോയിട്ടില്ല. പാവം കുട്ടികൾ ! താൻ കാരണം മക്കളുടെ സ്വാതന്ത്ര്യം തടയപ്പെടരുതെന്നും ആഗ്രഹിക്കുന്നു. ഒരുദിവസം വീട്ടിൽ തനിച്ചിരിക്കുന്നത് പുതുമയുള്ള കാര്യമൊന്നുമല്ലല്ലൊ... പക്ഷെ... ആളനക്കമില്ലാത്ത വീട്ടിൽ ഏകാന്തവാസം ഒരു പ്രശ്നം തന്നെയാണ്. ചുറ്റും ശൂന്യത വന്നുനിറയുന്നു എന്ന തോന്നൽ. ശരിക്കൊന്നു ചിന്തിച്ചാൽ, കഴിഞ്ഞ ഒന്നരക്കൊല്ലം താൻ തനിച്ചായിരുന്നല്ലൊ. ആൾക്കൂട്ടത്തിൽ തനിയെ എന്നുവേണമെങ്കിൽ പറയാം.

അവൾ, ശാന്ത, പോയപ്പോൾ തന്റെ ലോകം ശൂന്യമായി. യാത്രയ്ക്കിടയിൽ ചക്രങ്ങൾ നഷ്ടപ്പെട്ട വാഹനം പോലെ! ഇനി മുന്നോട്ടില്ലാത്ത ഒരവസ്ഥ പലപ്പോഴും കിടപ്പുമുറിയുടെ ജനാലയിലൂടെ പുറത്തെ കാഴ്ചകൾ കണ്ടും ശബ്ദങ്ങൾ കേട്ടും നിർവ്വികാരമായ ഒരിരുപ്പായിരുന്നു...!

പേരക്കുട്ടികൾ, സ്കൂൾ അവധി ദിവസങ്ങളിൽ വല്ലപ്പോഴും കടന്നുവരും. അവർക്കും സമയമില്ല വെറുതെ കളയാൻ. എഴുതാനും പഠിക്കാനും ധാരാളം. പിന്നെ കിട്ടുന്ന ഇത്തിരി സമയം ടി. വി. കാണും കമ്പ്യൂട്ടർ ഗെയിം കളിക്കും. അതിനിടെ അപ്പൂപ്പന്റെ കൂടെയിരിക്കാനെവിടെ സമയം! അവരും യാന്ത്രികമായി ജീവിച്ചുപഠിക്കുന്നു.

ആരോടും പരിഭവിക്കുന്നത് ശാന്തയ്ക്കിഷ്ടമല്ലായിരുന്നു. അറിയാതെ എപ്പോഴെങ്കിലും ആരോടെങ്കിലും ദേഷ്യപ്പെടുകയോ, പരുഷവാക്കുച്ചരിക്കുകയോ ചെയ്താൽ അവളിടപെടും.

“അതേയ്... ദേഷ്യമൊക്കെ കുറയ്ക്കണം. ആരേയും വെറുപ്പിക്കരുത്. നമുക്ക് വയസ്സായില്ലെ? ഇഷ്ടപ്പെടാത്തതാണെങ്കിലും ഒന്നും കണ്ടില്ല കേട്ടില്ല എന്നങ്ങ് വച്ചേക്കണം.”

ആ ഉപദേശം തനിക്ക് അസഹനീയമായിരുന്നു. എങ്കിലും അവൾ പറയുന്നതിലും കാര്യമുണ്ടെന്ന് പിന്നീട് തോന്നിയിട്ടുമുണ്ട്. ക്രമേണ തന്റെ ജീവിതത്തിലേക്ക് ആ ഉപദേശം സ്വാധീനം ചെലുത്തിത്തുടങ്ങി. അവൾ പോയതോടെ ജീവിതത്തിലേക്ക് അത് പകർത്തിയെടുത്തു. ഇന്നിപ്പൊ സംസാരം പോലും നിയന്ത്രിച്ചുനിർത്തുന്നു. ആവശ്യമുള്ളപ്പോൾ മാത്രം വല്ലതും പറയുന്നു. മറ്റുള്ളവർ പറയുന്നത് കേട്ടിരിക്കും. പലപ്പോഴും പ്രതികരിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നു. തന്റെ അഭിപ്രായങ്ങൾ ഒരുപക്ഷെ, തെറ്റായിപ്പോയാലോ ? വേണ്ട, പറയേണ്ടതുമാത്രം പറയുക.

ചുരുക്കത്തിൽ താൻ തന്നിലേക്ക് തന്നെ ചുരുങ്ങുന്നുണ്ടോ എന്നുപോലും തോന്നാറുണ്ട്. തന്റെ ഈ മാറ്റം മകനും ഭാര്യയും ശ്രദ്ധിക്കുന്നുണ്ട്. അവരുടെ ചില സമയത്തെ സംഭാഷണങ്ങളിൽ അത് നിഴലിക്കുന്നുമുണ്ട്. വീടിന്റെ വാതിലുകൾ അടച്ച് മുറിയിലേക്ക് നടന്നു. എന്തുചെയ്യണം ? ഒന്നും ചെയ്യാനില്ലാത്തവൻ എന്തുചെയ്യാൻ ? ഓ, ചായ കുടിക്കാം. ഫ്ളാസ്ക്കിൽ നിന്നും ചായ ഗ്ലാസ്സിലേക്ക് പകർന്നു. നല്ല ചൂട്. ആവി പൊങ്ങുന്നതും നോക്കിയിരുന്നു. മനസ്സും ശൂന്യമാണ്. ചിന്തയിൽ ഒന്നും കടന്നുവരുന്നില്ല. ആ ഇരുപ്പ് അല്പം നീണ്ടുപോയെന്ന് ചായ ഗ്ലാസ് ചുണ്ടോടടുപ്പിക്കുമ്പോളാണറിഞ്ഞത്. ചായ തണുത്തിരി

ക്കുന്നു. ഒറ്റ വലിക്കത് കുടിച്ച് ഗ്ലാസ് കഴുകിവെച്ചു.

ഒന്നിനും ഒരുത്സാഹം തോന്നിയില്ല. സമയം സന്ധ്യ കഴിഞ്ഞിരിക്കുന്നു. ചാരുകസേരയിൽ കിടന്നതും ഒന്നുമയങ്ങി.

"സന്ധ്യക്ക് ഒരു വിളക്ക് കൊളുത്താനും മടിയായല്ലേ ?" എന്നാരോ പറയുന്നത് കേട്ടുണർന്നു. കേട്ടതോ അതോ തോന്നലോ ? ഹേയ്... ആരു പറയാൻ ? തോന്നിയതായിരിക്കും. അല്ല, ഇനി ആരെങ്കിലും പറഞ്ഞുവോ ? ആ ശബ്ദം... ങേ... ശാന്തയുടെ ശബ്ദമല്ലേ ? അതേല്ലോ... അതെ... അതുതന്നെ. ഒരുഞെട്ടൽ അനുഭവപ്പെട്ടു. തട്ടിപിടഞ്ഞെണീറ്റ് ലൈറ്റിട്ടു ചുറ്റും പരിഭ്രമത്തോടെ നോക്കി. ശരീരം വിയർക്കുന്നു.

എന്നാലും ആ ശബ്ദം ! മനസ്സാകെ അസ്വസ്ഥം. അറിയാതെ ഒരു ഭയം ഉള്ളിലാളി. തളർച്ച അനുഭവപ്പെടുന്നു. വീഴാതിരിക്കാൻ ശ്രദ്ധിച്ചു.

"തനിച്ചിരുന്നു മുഷിഞ്ഞല്ലെ ? എന്തിനാ പേടിക്കുന്നത് ? ഇത് ഞാനല്ലെ ?" വീണ്ടും അതേ ശബ്ദം.

"ശാന്തേ...!" ഇടറിയ ശബ്ദത്തിൽ വിളിച്ചു.

"ഹാ ! ഞാനറിവിടുണ്ടേന്നേയ്... ആദ്യം പേടിയൊക്കെ കള. തനിച്ചിരിക്കുന്നതറിഞ്ഞ് ഞാൻ വന്നതാ. ഒറ്റയ്ക്കാണെന്ന ചിന്ത വിടൂ. പിള്ളേര് ഓണമാഘോഷിക്കട്ടെ. അവരുടെ സന്തോഷമല്ലേ നമ്മുടെ സന്തോഷം. അവർക്കുവേണ്ടിയല്ലെ നമ്മൾ കഷ്ടപ്പെട്ടത്. അല്ലാ... വിശപ്പില്ലെ ? ഭക്ഷണമെടുത്ത് കഴിക്ക്... നേരമായി. ഉം... ചെന്നെടുത്ത് കഴിക്ക് !" സ്നേഹപൂർവ്വം അവൾ നിർബന്ധിക്കുകയാണ്.

വിശപ്പൊക്കെ എങ്ങോ പോയി മറഞ്ഞിരിക്കുന്നു. താനിപ്പോൾ മറ്റെവിടെയോ എത്തിപ്പെട്ട പ്രതീതി. ശാന്തയുടെ സാന്നിദ്ധ്യം തന്റെ പരിഭ്രമവും ക്ഷീണവുമെല്ലാം മാറ്റിയിരിക്കുന്നു.

"എനിക്ക് വിശക്കുന്നില്ല."

"ങേ അതുപറ്റില്ല. അത്താഴപ്പട്ടിണി കിടക്കുന്ന ശീലമില്ലാത്ത ആളാണോയീ പറയുന്നത്. ഭക്ഷണം കഴിച്ചേച്ചുവാ... ഉം... ചെല്ല്... ഞാൻ കാത്തിരിക്കാം."

"അത്... നീയും വാ നമുക്കൊന്നിച്ചിരുന്ന് കഴിക്കാം."

"അയ്യോ ! അതുപറ്റില്ല. എനിക്കുള്ളതവിടെ മാറ്റി വച്ചേച്ചാ മതി. ഉം... വേഗമാകട്ടെ... കഴിച്ചേച്ചു വാ...!"

അവൾ നിർബന്ധിക്കുന്നു. വിശപ്പു തോന്നുന്നില്ലെങ്കിലും അവൾക്ക് വേണ്ടി അല്പം കഴിച്ചെന്നു വരുത്തി. ഭക്ഷണം കുറച്ച് ഒരു പാത്രത്തിലാക്കിവെച്ചു. അവളങ്ങനെയാണ്. ഒടുവിലേ കഴിക്കൂ.

ഭക്ഷണശേഷം തിരികെ മുറിയിലേക്ക് വന്നു. ശബ്ദം ഒന്നും കേൾക്കുന്നില്ല. അവൾ പോയോ ? മനസ്സൊന്ന് പിടഞ്ഞു. ചുറ്റും കണ്ണോടിച്ചു, ചെവി വട്ടം പിടിച്ചു. അനക്കമൊന്നുമില്ല. നിരാശനായി വീണ്ടും ചാരുകസേരയിൽ വന്നിരുന്നു. കണ്ണും മനസ്സും ശാന്തയെ തിരയുകയായിരുന്നു. അറിയാതെ കണ്ണുകളടയുന്നു.

"ഓഹാ ! കസേരയിൽ കിടന്നാണോ ഉറക്കം ? നടുവേദന കൂട്ടാൻ വേറൊന്നും വേണ്ട. എണീറ്റ് വാതിലൊക്കെ കുറ്റിയിട്ട് കട്ടിലിൽ ചെന്നുകിടക്ക്."

അവൾ പറഞ്ഞതനുസരിക്കാതെ വയ്യ. മെല്ലെ എണീറ്റ് വാതിലുകൾ അടച്ച് കുറ്റിയിട്ടു. സ്വീകരണമുറിയിലെ ലൈറ്റണച്ചില്ല. കട്ടിലിൽ വന്നിരുന്നു. ശാന്തയെ മനസ്സ് തിരയുന്നു.

"നീയെവിടാ ? എന്നെ വിസ്മയിപ്പിക്കാതെ ഇങ്ങടുത്ത് വാ... നമുക്കെന്തെങ്കിലുമൊക്കെ പറഞ്ഞിരിക്കാം. ഇതുപോലൊരവസരം ഇനിയൊരിക്കൽ കിട്ടിയില്ലെങ്കിലോ ?"

"ഞാനടുത്ത് തന്നെയുണ്ടല്ലോ. പറഞ്ഞോളൂ. ഞാൻ കേൾക്കുന്നുണ്ട്."

'അന്ന് നീ... പടി കടന്നു പോയപ്പോൾ ഞാനെത്രമാത്രം വിഷമിച്ചെന്ന് നിനക്കറിയാമോ ?... ഒന്നും മിണ്ടാതെ..."

"ഞാനും അത്രയ്ക്കൊന്നും കരുതിയതല്ല. അതങ്ങനെ സംഭവിച്ചുപോയി. അതിനുമുമ്പ് അനുവാദം കൂടാതെ ഞാനെങ്ങോട്ടെങ്കിലും പോയിട്ടുണ്ടോ ? എനിക്കും വിഷമമില്ലെന്നാണോ കരുതിയത് ?"

"ഞാനങ്ങനെ കരുതിയതിൽ തെറ്റുപറയാനൊക്കുമോ ? നമ്മൾ ഒരു കിടക്കയിൽ തന്നെയല്ലെ ഉറങ്ങാൻ കിടന്നത് ? നീ പോകുന്നു എന്ന് ഒരു സൂചന പോലും തന്നില്ല... നേരം പുലർന്നപ്പോൾ... നീയനങ്ങിയില്ല. എനിക്കൊന്നുറക്കെ കരയാൻ പോലും കഴിഞ്ഞില്ല. ഞാനാകെ മരവിച്ചിരുന്നു. കാണികൾക്ക് ഞാൻ നിർവ്വികാരനാണെന്ന് തോന്നിയിരിക്കണം. ആരൊക്കെയോ എന്തൊക്കെയോ ചോദിച്ചു. എനിക്ക് മറുപടിയില്ലായിരുന്നു. എന്റെ നാവനങ്ങിയില്ല. ദിവസങ്ങളോളം അതങ്ങനെ തുടർന്നു. കണ്ണുകൾ, പക്ഷെ, ദുഃഖം മറച്ചുപിടിച്ചില്ല. നിറഞ്ഞൊഴുകിയിരുന്നു."

"ഞാനറിയുന്നുണ്ടായിരുന്നു. പക്ഷെ, എനിക്കതാരോടും പ്രകടിപ്പിക്കുവാനാവുമായിരുന്നില്ല. ഇന്ന്... ഇന്നെന്തോ നമുക്ക് പരസ്പരം കേൾക്കാനും കേൾപ്പിക്കാനും സാധിച്ചു... നമ്മൾ സുഖദുഃഖങ്ങൾ ഒരുപാടൊരുപാട് ഒന്നിച്ചനുഭവിച്ചവരല്ലെ ? കുറച്ചുനാൾ വേർപാടിന്റെ വേദന ബാക്കിയുണ്ടായിരുന്നു. അതും കഴിഞ്ഞു. ഇനിയും വേർപെട്ടിരിക്കേണ്ടിവരില്ലായിരിക്കും. ഒന്നിച്ചനുഭവിക്കാൻ കഴിഞ്ഞേക്കും. നാളെ... തിരുവോണം. ഒരു കണക്കിൽ ഉത്രാട സദ്യയും കഴിച്ചു. നാളെ മക്കളുടെ ഓണം. അവരതാഘോഷിക്കട്ടെ."

"അതെ, അവരതാഘോഷിക്കട്ടെ."

"ഇനി ഉറങ്ങിക്കോളൂ. ഞാനടുത്തുണ്ടെന്ന് കരുതിത്തന്നെ ഉറങ്ങൂ... ശാന്തമായി."

ശാന്തയുടെ ശബ്ദം നേർത്തുനേർത്തുവന്നു. കണ്ണുകൾ ഉറക്കത്തിലേക്ക് അടയുന്നു. നിദ്ര ശരീരത്തെ ആവരണം ചെയ്തു. മനസ്സ് ശാന്തം !

തിരുവോണാഘോഷങ്ങൾ പൂർത്തിയാക്കി മകനും കുടുംബവും മടങ്ങിയെത്തി. വീട് ഉറങ്ങിയതുപോലെ. പലകുറി മുട്ടി വിളിച്ചിട്ടും വാതിൽ തുറക്കപ്പെട്ടില്ല. ഓണസദ്യ കൊണ്ടുവന്ന തട്ടുപാത്രം നിറവയറുമായി വാതിൽക്കൽത്തന്നെയിരിക്കുന്നു...!

■കഥ



**തുളസി കേരളശ്ശേരി**
**9526144499**

# ഇരുണ്ട അസ്തമയങ്ങൾ

**ബ**സ് പാലക്കാട് നിന്ന് പുറപ്പെടുമ്പോൾ രാത്രി ഏട്ടരയായിരുന്നു. തൊട്ടടുത്ത സീറ്റിൽ ആരും എത്തിയില്ലല്ലോ എന്ന് ചിന്തിച്ചിരിക്കവെയാണ് കറുത്ത ബനിയനും നീല ജീൻസുമിട്ടൊരു മനോഹരി ഓടിക്കിതച്ച് വന്നത്. ലഗ്ഗേജുകൾ ഒതുക്കിവെച്ച്, ഒരു ടാബും മൊബൈലും ഇയർഫോണും മാത്രമെടുത്ത് മടിയിൽ വെച്ച് ദീർഘനിശ്വാസത്തോടെ അവൾ ഇരുന്നു. ടാബ് ഓൺ ചെയ്ത് ആർക്കോ മെയിൽ ചെയ്യുന്നതിനിടെ മൊബൈൽ പോക്കറ്റിലിട്ട് ഇയർഫോൺ ചെവിയിൽ തിരുകി അവൾ സംസാരിച്ചുതുടങ്ങി.

"പ്ലീസ് പപ്പ, ഐ കാൺട് ലീവ് മൈ ജോബ്..."

കണ്ണുകളും കൈകളും ഇത്ര ദ്രുതഗതിയിൽ ജോലി ചെയ്യുന്നതിനിടെ, മറ്റൊരാൾക്ക് ചെവി കൊടുക്കാൻ കഴിയുക എന്നത് എനിക്ക് ചിന്തിക്കാൻ പോലും ആവാത്ത കാര്യമായിരുന്നു. ബാഗിൽ നിന്ന് ഞാൻ എന്റെ പഴയ ഫോൺ ഒന്നെടുത്തുനോക്കി, തിരിച്ച് ബാഗിൽ തന്നെ വെച്ചു. എന്നെപ്പോലെത്തന്നെ അറുപഴഞ്ചൻ! ബസ് പുറപ്പെട്ട് ഒരുമണിക്കൂർ കഴിഞ്ഞിട്ടും ആ ചെറുപ്പക്കാരി എന്നോടൊന്ന് മിണ്ടുകയോ എന്റെ നേർക്ക് നോക്കുകയോ ചെയ്തിരുന്നില്ല.

"മോളേ" ഞാൻ അവളെ പതുക്കെ തൊട്ടുവിളിച്ചു. തീരെ താൽപ്പര്യമില്ലാത്ത ഒരു നോട്ടമെറിഞ്ഞ് അവൾ തന്റെ ജോലി തുടർന്നു.

"എന്താ പേര് ?"

"സുഷമ"

ഹാവു പേരെങ്കിലും പറഞ്ഞല്ലോ, ഞാൻ ആശ്വസിച്ചു. എ. സി. ബസ് ആയിരുന്നതുകൊണ്ട് പുറത്തെ രാക്കാഴ്ച്ചകൾ എനിക്കന്യമായിരുന്നു. ഉറക്കം വരാത്തതുകൊണ്ടുമാത്രം ഞാനവളെ വെറുതെ നോക്കിയിരുന്നു. എപ്പോഴാണ് ഉറങ്ങിയതെന്നോർമ്മയില്ല. ഉണരുമ്പോൾ ചെന്നൈ എത്താറായിരുന്നു. എന്റെ ബോറടി മാറ്റാനായി മാത്രം ഞാൻ അടുത്ത ചോദ്യമെറിഞ്ഞു.

"ചെന്നൈയിൽ എവിടേയാ ?"

"ദൂരേയാ, മഹാബലിപുരത്തിനടുത്ത്, ശാന്തിനികേതനം എന്ന ആശ്രമം."

"അയ്യോ... ഞാനും അങ്ങോട്ടാ, നമുക്കൊന്നിച്ചു പോകാം."

അവൾ അത്ഭുതവസ്തുവിനെ എന്നപോലെ എന്നെ നോക്കി. പിന്നെ അലസമായൊന്നു മൂളി. അവൾക്കെന്നെ അത്രയ്ക്കങ്ങട് ബോധിച്ചിട്ടില്ലെന്ന് തോന്നി. അല്ലേലും കോട്ടൺ സാരിയിൽ പൊതിഞ്ഞെടുത്ത ഭരണി പോലത്തെ എന്റെ ശരീരവും പഴഞ്ചൻ ഫോണും അത്രയെളുപ്പം ആർക്കും ഇഷ്ടപ്പെടാൻ വഴിയില്ല. ടാക്സിയിൽ മഹാബലിപുരത്തേക്ക് നീങ്ങിയപ്പോഴും അവളുടെ ചെവിയിൽ ഇയർഫോൺ പണിത്തിരക്കിലായിരുന്നു. ഇടയ്ക്ക് കുട്ടികളോടോ മറ്റോ ആണെന്ന് തോന്നുന്നു, വികൃതിയരുത്, നല്ല കുട്ടികളായിരിക്കണം എന്ന് ഉപദേശിക്കുന്നത് കേട്ടു.

"മോൾക്കെത്ര കുട്ട്യോളാ ?"

"രണ്ട്"

"എത്രയായി ?"

"പ്ലേ സ്കൂൾ, കിന്റർഗാർട്ടൺ"

"ഹസ്ബന്റ് ?"

"ഹസ്ബന്റല്ല. വി ആർ ലിവിങ്ങ് ടുഗെതർ."

ഞാൻ അത്ഭുതത്തോടെ അവളെ നോക്കി. അപ്പറഞ്ഞത് എനിക്ക് തീരെ ഇഷ്ടായിരുന്നില്ല. തലമുറകളുടെ വിടവെന്നൊക്കെ പറയണത് ഇതാവും. ഇത്രയൊക്കെ ഞാനങ്ങോട്ട് ചോദിച്ചിട്ടും എന്നെകുറിച്ചെന്തെങ്കിലും അവൾ ചോദിക്കുകയുണ്ടായില്ലല്ലോ എന്നോർത്തപ്പോൾ എന്തോ ഒരു ജാള്യത !

ടാക്സി ശാന്തിനികേതനിൽ എത്തിയപ്പോൾ അവൾ ടാബടച്ചുവച്ച് എഴുന്നേറ്റു. ഇയർഫോൺ അപ്പോഴും ചെവിയിൽത്തന്നെ. ഇപ്പൊ അവളെക്കണ്ടാൽ ച്ചിരി പിരി ലൂസുള്ള വടക്കേപ്പാട്ടെ സീതയെപ്പോലുണ്ട്. ശാന്തിനികേതന്റെ വലിയ ഗേറ്റും കടന്ന്, ഹാളിലെത്തിയപ്പോഴേക്ക് പരിചാരകർ ചിലർ ഓടിവന്ന് എന്റെ ലഗ്ഗേജ് വാങ്ങി സുഖവിവരങ്ങൾ തിരക്കുന്നത് കണ്ട് അവൾ അത്ഭുതം കൂറുന്നത് ഒളികണ്ണാലേ ഞാൻ കണ്ടു.

"ഇരിക്കൂ ട്ടൊ ഞാനൊന്ന് ഫ്രഷ് ആയിട്ടുവരാം" എന്ന എന്റെ വാചകം കേട്ടാവണം അവൾ ഒന്നൂടെ ഞെട്ടി. വസ്ത്രം മാറി തിരിച്ചെത്തുമ്പോൾ സുഷമ ഹാളിൽ വെറുതെ നടക്കുകയായിരുന്നു. ചെവിയിൽ ഇയർഫോൺ ഉണ്ടായിരുന്നില്ല. റിസപ്ഷനിലേക്ക് നടന്നുകൊണ്ട് ഞാൻ ചോദിച്ചു, "സുഷമയ്ക്ക് ആരേയാ കാണേണ്ടത് ?"

"നിങ്ങൾ റിസപ്ഷനിസ്റ്റാണോ ?"

"റിസപ്ഷനിസ്റ്റുമാണ്."

"എനിക്കിതിന്റെ ഓണറെയാണ് കാണേണ്ടത്."

"പറഞ്ഞോളൂ, കേൾക്കുന്നുണ്ട്."

"ങേ ! അതെങ്ങനെ ? അവരെ വിളിക്കൂ."

"ഞാൻ തന്നെയാ കുട്ടി ഓണർ."

ഇത്തവണ അവൾ ശരിക്ക് വാ പൊളിച്ചു. വരണ്ടുപോയ ചുണ്ടുകൾ നാവുകൊണ്ടൊന്ന് തൊട്ടുനനച്ചുകൊണ്ട് അവൾ പറഞ്ഞു.

"സോറി. എനിക്ക് ഹരിഗോവിന്ദൻ നായരേയും ഗോമതിയമ്മയേയും കാണണം."

"അവരുടെ ആരാ ?"

"മകൾ"

ഇത്തവണ സ്തബ്ദയായത് ഞാനാണ്. അവ

ളോട് ഒരുതരം വെറുപ്പുകലർന്ന അകൽച്ച അകത്തുമു ളച്ചു. മറവിരോഗത്തിന്റെ പിടിയിലമർന്ന ഗോമതിയമ്മ യേയും അവരെ ശുശ്രൂഷിക്കാൻ വേണ്ടി മാത്രം എല്ലാം ഉപേക്ഷിച്ച് ഇങ്ങോട്ടുകൂട്ടിക്കൊണ്ടുവന്ന ഭർത്താവ് ഹരി ഗോവിന്ദനേയും അറിയാത്തവർ ശാന്തിനികേതനിൽ ഇ ല്ല. റിട്ടയേർഡ് എൻജിനീയറായ ഹരിസാറും ടീച്ചറായി രുന്ന ഗോമതിയമ്മയും അന്തേവാസികൾക്ക് പ്രിയപ്പെട്ട വരായത് അവരുടെ കദനകഥ, കേട്ടതുകൊണ്ടുതന്നാണ്.

"വരൂ ഞാനവരുടെ വില്ലയിലേക്ക് കൊണ്ടാ ക്കാം."

ഞാൻ മുന്നിൽ നടന്നു. പുറകേ നടക്കുന്ന സു ഷമയോടായി ഞാൻ പറഞ്ഞു. "വാസ്തവത്തിൽ മോ ളുടെ അച്ഛനും അമ്മയും അവർ ചെയ്ത തെറ്റിന്റെ ഫല മായാണ് ഈ ശാപം പിടിച്ച ഏകാന്തത അനുഭവിക്കു ന്നത്. കുട്ടിക്കാലത്ത് കുഞ്ഞുങ്ങൾക്ക് സ്നേഹം കോരി ച്ചൊരിഞ്ഞു കൊടുക്കേണ്ട കാലത്ത്, അവരെ പ്ലേ സ്കൂ ളിലും കിന്റർ ഗാർട്ടനിലും ആയേടെ കൈയിലും വിടും. വലുതാവുമ്പോഴോ വൃദ്ധമാതാപിതാക്കളോടവർ ഇവ്വി ധം പകരം വീട്ടും." ഞാൻ പതിയെ തിരിഞ്ഞുനിന്നു. സു ഷമയുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. അ വളൊരുപക്ഷേ അവളുടെ മക്കളെ ഓർത്തുകാണണം.

"ആന്റീ" സ്നേഹാർദ്രമായ ആ ശബ്ദത്തിൽ അത്രനേരവും തോന്നാതിരുന്ന ഒരു വല്ലാത്ത അടുപ്പം എ നിക്ക് തോന്നി. അവൾ എന്റെ രണ്ടുകൈയും അവളുടെ കൈക്കുള്ളിലാക്കി ക്ഷമാപണസ്വരത്തിൽ പറഞ്ഞു, "ഞാനിപ്പോ ഡ്യൂട്ടിയിലാണ്. ഒരു പ്രൊജക്റ്റിന്റെ ഭാഗമാ യാണ് ഇന്ത്യയിൽ വന്നത്. അടുത്തുതന്നെ ഞാൻ വരും അച്ഛനേം അമ്മയേം കൊണ്ടോവാൻ."

എന്റെ ചുണ്ടിൽ ഒരു ചിരിയുണർന്നു. ഉള്ളിലെ വിടെയോ ശാന്തിയുടെ തണുത്ത തുള്ളി വീണപോലെ.

■കവിത

# രക്തം സാക്ഷി


**സേവിയർ ഡെന്നി കെ. വി.**
**തൃശ്ശൂർ**
**9656663634**

കൊടികളുടെ നിറം പലതെങ്കിലും
ചിന്തുന്ന ചോരയുടെ നിറം ഒന്നുതന്നെ
പല പേരുകളിൽ നിങ്ങൾ അറിയപ്പെടുമെങ്കിലും
നഷ്ടം എല്ലാർക്കുമൊന്നു തന്നെ...
അച്ഛനും അമ്മക്കും മകനേ നഷ്ടം
ഭാര്യക്ക് പങ്കാളിയേ നഷ്ടം...
കുഞ്ഞുമക്കൾക്കോ പ്രിയ താതനേ നഷ്ടം
എന്നുണരും നമ്മൾ...?
ഇനിയുമുണരാൻ എത്ര ചോര ചിന്തണം...?
സാക്ഷരതയിൽ നമുക്ക് നൂറ് മാർക്ക്
സംസ്ക്കാര സമ്പന്നതയിലും മാർക്ക് നൂറ്
അറിവിലും ബുദ്ധിയിലും ഐക്യത്തിലും
നമ്മൾ മലയാളികൾ കഴിഞ്ഞേ മറ്റ് മാലോകരുള്ളൂ
എന്നൊക്കെ കരുതി വീമ്പടിക്കുമ്പോഴും
മലയാള മണ്ണിൽ സോദരന്റെ ചോരക്കായ്
ദാഹിക്കും ദുർമൂർത്തികൾ ഒളിഞ്ഞിരിക്കുന്നു...
എന്നുണരും നമ്മൾ...?
ഇനിയുമുണരാൻ എത്ര ചോര ചിന്തണം...?
ഏതാദർശമാണോ നിന്റെ കയ്യിൽ
ആയുധം വച്ചുതന്നത്...
ഏതാദർശനത്തിന് വേണ്ടിയാണോ...
നിന്റെ ജീവിതം ഹോമിച്ചത്
ആ ആദർശങ്ങളൊന്നും
നിന്റെ വേർപാടിനുശേഷം
നിന്റെ കുഞ്ഞുമക്കൾക്കരവയറുണ്ണാനുള്ള
അരിയുമായ് വരികയില്ല...
എന്നുണരും നമ്മൾ...?
ഇനിയുമുണരാൻ എത്ര ചോര ചിന്തണം...?
നാല് കല്ലുകൾ അടുക്കി വച്ചൊരു
സ്മാരകത്തിൻ മുൻപിൽ -
നിന്റെ പിൻഗാമികൾ
ഒരു വർഷം നീളുന്ന
മുദ്രാവാക്യങ്ങൾ വിളിക്കും
പിന്നെ നിന്റെ ഓർമ്മകൾ വെറും ഫ്ളക്സിലും
തിരഞ്ഞെടുപ്പിനായ് അച്ചടിക്കും
കടലാസ് തുണ്ടിലും മാത്രമാകും...
അപ്പോഴും നിന്റെ പ്രിയതമ
കണ്ണീരിൽ വേവിച്ചൊരു ചോറ്
കുഞ്ഞുമക്കൾക്ക് വാരിക്കൊടുക്കുന്നത് കാണാം...
നനവുണങ്ങാത്ത കണ്ണീർ ചാലുമായ്
നിന്റെ അമ്മ... തെക്കേ മുറിയിൽ
കിടക്കുന്നതും കാണാം
കോലായിലെ ചാരുകസേരയിൽ കിടന്ന്
പടികടന്ന് വരുന്ന നിന്റെ ഓർമ്മകളെ
കെട്ടിപ്പിടിച്ച് നെടുവീർപ്പിടുന്ന
അച്ഛനേയും കാണാം...
എന്നുണരും നമ്മൾ...
ഇനിയുമുണരാൻ എത്ര ചോര ചിന്തണം...?

# വിധി
(Fate)

ഭാഗം **2**

# (മഹാപ്രളയം)



**മുഹമ്മദ് കനി**
**8157874953**

**2018**ലെ ആഗസ്റ്റ് നമ്മുടെ കൊച്ചു കേരളം ഉള്ളേടത്തോളം കാലം നടുക്കുന്ന ഓർമ്മകളുമായി എല്ലാ ഓഗസ്റ്റ് മാസങ്ങളും കടന്നുപോകും. ദൈവത്തിന്റെ സ്വന്തം നാടായ 'കൈരളിയെ പ്രളയത്തിൽ മുക്കിയ ജഗദീശ്വരൻ നമുക്ക് ഒരുപാട് പാഠങ്ങളും, തിരിച്ചറിവുകളും നൽകിയിരിയ്ക്കുന്നു. ഈ പ്രപഞ്ചത്തിലെ അഖില ചരാചരങ്ങളേയും സൃഷ്ടിച്ച്, പരിപാലിച്ച്, സംരക്ഷിച്ച്, തീറ്റിപ്പോറ്റി വരുന്ന അല്ലാഹു (ജഗദീശ്വരൻ) നമുക്ക് പാഠങ്ങളും, തിരിച്ചറിവുകളും നൽകാൻ 400ഓളം ജീവനുകളും നാല്പതിനായിരത്തിലധികം കോടികളുടെ നഷ്ടങ്ങളും തരേണ്ടതുണ്ടോ എന്ന ചോദ്യം നാമോരോരുത്തർക്കുമുണ്ടാവുക തന്നെ ചെയ്യും. ജഗദീശ്വരന്റെ (അല്ലാഹു) യുക്തി, ബുദ്ധിശക്തി, വിവേകം, ആസൂത്രണ വൈദഗ്ദ്ധ്യം തുടങ്ങിയവയെക്കൊണ്ടുള്ള അവന്റെ പ്രവർത്തനരീതിയെക്കുറിച്ചുള്ള അജ്ഞതയാണ് നമ്മുടെ ഇത്തരം ചിന്തകൾക്കും ചോദ്യങ്ങൾക്കും കാരണം. കഴിഞ്ഞ ലക്കത്തിലെ എന്റെ ലേഖനം ഒരിയ്ക്കൽ കൂടി വായിക്കുവാൻ താത്പര്യപ്പെടുന്നു.

മഹാപ്രളയത്തിന്റെ ഭയാനകതയും കേരള ജനത ഒറ്റക്കെട്ടായിത്തന്നെ അതിനെ നേരിട്ടതും, ജീവൻ പണയപ്പെടുത്തിക്കൊണ്ടുള്ള രക്ഷാപ്രവർത്തനങ്ങളും എത്ര പ്രശംസിച്ചാലും മതിയാവാത്തതാണ്. ഏത് ശിലാഹൃദയന്റെയും കരളലിയിക്കുന്ന കാഴ്ചകൾ, ജീവനുവേണ്ടി കരഞ്ഞട്ടഹസിച്ചവർ, മരണത്തെ മുന്നിൽ കണ്ട് മണിക്കൂറുകളോളം പേടിച്ചുവിറച്ചവർ, ജീവിതകാലം മുഴുവനും കഠിനാദ്ധ്വാനം ചെയ്ത് 'സ്വരുക്കൂട്ടിയതെല്ലാം' നിമിഷനേരം കൊണ്ട് ഒലിച്ചുപോയതുകണ്ട് ഞെട്ടിത്തെറിച്ചവർ, വളരെ കഷ്ടപ്പെട്ടുണ്ടാക്കിയ വീട് നിന്നിരുന്ന സ്ഥലമേതെന്നുപോലുമറിയാതെ നിന്നു പരിഭ്രമിച്ചവർ, സമ്പന്ന കുടുംബത്തിൽ ജനിച്ച് സുഖലോലുപതയിൽ വളർന്നുവന്ന് ദിവസങ്ങളോളം വിശന്നും, ദാഹിച്ചും ഉടുതുണിയ്ക്ക് മറുതുണിയില്ലാതെ തണുത്തുവിറച്ചുകഴിഞ്ഞവർ, ഒരു നേരത്തെ ആഹാരത്തിനും, ഒരു ഗ്ലാസ് വെള്ളത്തിനും, ഒരു കീറുപായയ്ക്കും ഒരു കഷ്ണം തുണിയ്ക്കും വേണ്ടി ക്യൂ നിന്നവർ, സ്വകാര്യ ഭാഗങ്ങൾ മറയ്ക്കുന്ന വസ്ത്രങ്ങൾക്കുവേണ്ടി കേണു കരഞ്ഞ ഹോസ്റ്റൽ വിദ്യാർത്ഥികൾ, ഇങ്ങിനെയുള്ള സമാനതകളില്ലാത്ത സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച കേരള ജനത ഒരു മഹാ തത്വത്തെ തങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കിക്കാണിച്ചു.

ആ 'ഏക തത്വം' ഇതാണ്. 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്' എന്ന ഗുരുവചനത്തെ അക്ഷരാർത്ഥത്തിൽ അല്പകാലത്തേയ്ക്കെങ്കിലും നടപ്പിലാക്കിക്കാണിച്ച മാതൃകാ സംസ്ഥാനമായി മാറി കേരളം. കേരളമുള്ളേടത്തോളം കാലം ഈ മാതൃക നാം തുടരേണ്ടതുണ്ട്. ഇത് ദൈവത്തിന്റെ പദ്ധതിയാണ് എന്ന് മനസ്സിലാക്കിക്കൊണ്ട് നമുക്ക് നവകേരളത്തെ പടുത്തുയർത്താം.

പ്രളയം നൽകിയ ഗുണപാഠങ്ങളെ സംബന്ധിച്ച് സാമൂഹിക മാധ്യമങ്ങളിൽ വന്ന നിരവധി അഭിപ്രായ പ്രകടനങ്ങളിൽ ഒന്നിങ്ങനെ വായിക്കാം. "ഞാൻ, സംഭവിച്ച ദുരിതങ്ങളൊക്കെയും രചനാത്മകമായി ഉൾക്കൊള്ളുന്നു. ഞാൻ വിശപ്പറിഞ്ഞു. കിടപ്പാടത്തിന്റെ വിലയറിഞ്ഞു. കുടിയ്ക്കുന്ന വെള്ളത്തിന്റെ വിലയറിഞ്ഞു. വസ്ത്രത്തിന്റെ വിലയറിഞ്ഞു. ഈ ലോകത്ത് എന്തൊക്കെയുണ്ടോ അതിന്റെയൊക്കെ വിലയറിഞ്ഞു. എന്റെ കുടുംബവും അറിഞ്ഞു. നമുക്ക് കൂടുതൽ വസ്ത്രത്തിന്റെ ആവശ്യമില്ല, ആഭരണത്തിന്റെ ആവശ്യമില്ല. ഞാൻ കാലിൽ ചെരുപ്പുപോലുമില്ലാതെ ഒരു ചെറിയ പാന്റ്സും ബനിയനുമിട്ടാണ് സർക്കാർ ആശുപത്രിയുടെ മുന്നിൽ ക്യൂ നിന്നത്. എന്നെക്കണ്ടാൽ പിച്ചക്കാരിയേക്കാളും വലിയ പിച്ചക്കാരിയാണെന്നേ തോന്നുമായിരുന്നുള്ളു. നമ്മൾ ഒരുദിവസം എത്ര പ്രാവശ്യമാണ് കണ്ണാടിയ്ക്കുമുമ്പിൽ നോക്കി നില്ക്കുക! ഏതുസാരി ധരിച്ചാലാണ്, ഏത് ആഭരണം അണിഞ്ഞാലാണ് മറ്റുള്ളവർ നമ്മെ ശ്രദ്ധിയ്ക്കുക എന്നൊക്കെയല്ലേ നാം ആലോചിച്ചുകൊണ്ടിരുന്നത്. എല്ലാം പ്രകൃതി ഒരു നിമിഷനേരം കൊണ്ട് തട്ടിയെടുത്തിരിക്കുന്നു. പ്രകൃതി നമ്മെ ഒരു പാഠം പഠിപ്പിച്ചിരിക്കുന്നു. ഞാനിനി നന്നാകാൻ തീരുമാനിച്ചിരിയ്ക്കുന്നു. ഞാൻ സങ്കടപ്പെടുന്നില്ല. എല്ലാം ഞാൻ പോസിറ്റീവായിട്ടെടുക്കുകയാണ്. അനുഭവങ്ങൾ എന്നെ പഠിപ്പിച്ചിരിയ്ക്കുന്നു. ഇനിയും നമുക്ക് വസരമുണ്ട് നന്നാവാൻ. സഹായിച്ച് കൂടെ നിന്നവർക്കെല്ലാം നന്ദി. ഞാനും ഇനി മുതൽ നിങ്ങളോടൊപ്പമുണ്ടാവും കഷ്ടപ്പെടുന്നവരുടെ കണ്ണീരൊപ്പാൻ."

മഹാപ്രളയത്തിന്റെ ടെലിവിഷൻ കാഴ്ചകൾ മനസ്സിലേൽപ്പിച്ച മുറിവുകൾ ഒരിയ്ക്കലും ഉണങ്ങാത്തതും മറക്കാത്തതുമാണല്ലോ അതിലുപരി പ്രത്യാശ നൽകുന്ന കാഴ്ചകളായിരുന്നു രക്ഷാ പ്രവർത്തനത്തിന്റേത്. സേനാംഗങ്ങളുടേയും, കേരളത്തിന്റെ സൈന്യമായ മത്സ്യത്തൊഴിലാളികളുടേയും അതിസാഹസികത നിറഞ്ഞ രക്ഷാപ്രവർത്തനത്തിന്റെ ഫലമായി ആയിരങ്ങളുടെ ജീവൻ തിരിച്ചുകിട്ടി. ഹെലികോപ്റ്ററിലേയ്ക്ക് ഒരു നിറ ഗർഭിണിയെ പൊക്കിക്കയറ്റുന്നതും ആശുപത്രി

യിൽ വച്ചുള്ള അവരുടെ സുഖപ്രസവവും ജയസൽ എന്ന യുവാവ് തന്റെ ശരീരത്തെ ചവിട്ടുപടിയാക്കിയതും എത്ര പ്രശംസിച്ചാലും മതിയാവാത്ത കാര്യങ്ങളാണ്.


ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ പിശാചുക്കളുമുണ്ട് എന്ന് പറയുന്നതിൽ തെറ്റില്ല. അവരെല്ലാം മാലാഖമാരായി മാറുവാൻ നമുക്ക് പരിശ്രമിയ്ക്കാം. അന്യൻ കഷ്ടപ്പെട്ട് സമ്പാദിച്ച് സ്വരുക്കൂട്ടിയ ഉപകരണങ്ങളെ ഉളുപ്പില്ലാതെ എടുത്തുകൊണ്ടുപോകുന്ന സംഭവങ്ങളും ഈ ദുരന്തത്തിലെ മറ്റൊരു ദുരന്തമായി മാറി. ഈശ്വരൻ അവർക്ക് സത്ബുദ്ധി നൽകി പരിശ്രമശാലികളാക്കി മാറ്റട്ടെ. ദൈവത്തിന്റെ സ്വന്തം നാടിനെ നാം ദൈവത്തിന്റെ സ്വന്തം നാടാക്കിത്തന്നെ പടുത്തുയർത്താം. എല്ലാ ദുരന്തങ്ങളേയും അതിജീവിയ്ക്കാൻ കെല്പുള്ള ഒരു നവ കേരളത്തിനുവേണ്ടി പ്രാർത്ഥിയ്ക്കാം പ്രവർത്തിയ്ക്കാം.

ദൈവത്തിനു സ്തുതി.



## നിപ്പ വൈറസ്

പി. ആർ. ജോസ്
9847946094



**ദീ**ർഘനാളത്തെ സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത അയാൾ തന്റെ രണ്ടുപെൺ മക്കളുടെ വിവാഹമൊക്കെ നല്ല നിലയിൽ കഴിപ്പിച്ചു പറഞ്ഞയച്ചു. ഇപ്പോൾ അയാളും ഭാര്യയും വീട്ടിൽ തനിച്ചാണ്. സാമ്പത്തിക പരാധീനതകളൊന്നുമില്ലാത്ത അയാൾ ടി. വി.യും വായനയുമായി സമയം ചിലവഴിച്ചുകൊണ്ട് സന്തോഷകരമായ ജീവിതം നയിക്കുന്നു.

അപ്പോഴാണയാൾ മരണത്തെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും ചിന്തിക്കാൻ തുടങ്ങിയത്. യേശുവിന്റെ മൃതദേഹം കല്ലറയിൽ സൂക്ഷിച്ചതുകൊണ്ടാണല്ലോ യേശുവിന് ഉയിർത്തെഴുന്നേൽക്കാൻ എളുപ്പമായതെന്ന ചിന്ത ഭാര്യയ്ക്കും അയാൾക്കും ഓരോ കല്ലറ ബുക്ക് ചെയ്യുവാൻ പ്രേരിപ്പിച്ചു. അങ്ങിനെ അയാൾ 10 ലക്ഷം രൂപ പള്ളിയിലടച്ച് രണ്ട് കല്ലറ സ്വന്തമാക്കി.

എന്നാൽ ആദ്യം രോഗാവസ്ഥയിലായത് അയാളുടെ ഭാര്യായിരുന്നു. നിപ്പ വൈറസ് പനിയാണ് രോഗമെന്നറിഞ്ഞപ്പോൾ അയാൾ ആകുലപ്പെട്ടു. പനി ബാധിച്ച് ഏതാനും ദിവസങ്ങൾക്കകം ഭാര്യയുടെ വിയോഗം അയാളെ ദുഃഖത്തിലാഴ്ത്തി. അതിനേക്കാളേറെ വിഷമിപ്പിച്ചത് ഭാര്യയുടെ മൃതശരീരം നേരിൽ കാണുവാനോ കല്ലറയിൽ അടക്കം ചെയ്യാനോ സാധിക്കില്ലെന്നറിഞ്ഞപ്പോഴാണ്. നിപ്പ വൈറസ് വ്യാപിക്കാതിരിക്കാൻ സർക്കാരിന്റെ മേൽനോട്ടത്തിൽ മൃതദേഹം കത്തിച്ചുകളയണമെന്നാണ് സർക്കാർ ഉത്തരവ്. പണം കൊടുത്ത് വാങ്ങിയ കല്ലറ ഉപയോഗിക്കാനായില്ലല്ലോയെന്ന ചിന്ത കൂടുതൽ ദുഃഖത്തിലാഴ്ത്തുവാനേ ഉപകരിച്ചുള്ളു. മനുഷ്യരുടെ കണക്കുകൂട്ടലുകൾ വ്യഥാവിലാണ്. പള്ളിക്ക് കൊടുത്ത പണം തിരികെ ലഭിക്കാനും സാധ്യതയില്ല. ആ പണമുണ്ടെങ്കിൽ പാവപ്പെട്ടവർക്ക് മൂന്നോ നാലോ വീടുകൾ നിർമ്മിക്കാമായിരുന്നുവെന്ന ചിന്തയാണ് അയാൾക്കിപ്പോഴും.

നുറുങ്ങുകഥ

## പ്രാർത്ഥന



**അരവിന്ദൻ**
**9745935385, 0494-2682899**

**ചെ**റുപ്പകാലത്ത് അയാൾ രാപ്പകൽ അദ്ധ്വാനിച്ച് മക്കളെ പഠിപ്പിച്ച് വലിയവരാക്കി. പ്രായമായപ്പോൾ മക്കൾ അയാളെ പഠിപ്പിക്കാൻ തുടങ്ങി. പൊറുതിമുട്ടിയപ്പോൾ അയാൾ വൃദ്ധസദനത്തിൽ അഭയം തേടി.

ശല്യമൊഴിവായ ആശ്വാസത്തിൽ മക്കൾ മതിമറന്നു. തന്റെ ഗതികേട് അവർക്കുണ്ടാവരുതേ എന്നു മാത്രം അയാൾ പ്രാർത്ഥിച്ചു.

■ കഥ



**ടി. വി. ഹരികുമാർ**
**9446118387**

## തമ്മിൽഭേദം

**മ**ഹാപ്രളയം കവിയുടെ മനസ്സിനെ പിടിച്ചുലച്ചു. കവി വ്യണിത ഹൃദയനായി. തൂലിക കൈയിലെടുത്ത് സൃഷ്ടിയുടെ വേദന കവിയറിഞ്ഞു. ആശ്വാസമായി. പക്ഷെ വായനക്കാരും, കേൾവിക്കാരും പറയുന്നത് പ്രളയമായിരുന്നു ഇതിലും ഭേദമെന്നാണ്.

## മാരകരോഗിക്കുവേണ്ടി

തെരുവിൽ ഒരു ഗായകൻ നിന്ന് പാടുകയാണ്. കാണികൾ ചുറ്റിനും കൂടി നിൽക്കുന്നു. ബക്കറ്റുമായി ഒരാൾ കാണികൾക്ക് മുന്നിലൂടെ നീങ്ങുന്നു. ഗായകന്റെ അടുത്തുള്ള ബാനറിൽ 'മാരകരോഗിക്കാശ്വാസത്തിനായി' എന്നുമാത്രം എഴുതിയിരിക്കുന്നു. പേരോ, ഫോട്ടോയോ ഇല്ല. ഇതെന്ത് മറിമായം ചോദിക്കണമല്ലോ? ഗായകൻ പാട്ടുനിർത്തിയപ്പോൾ അടുത്തുചെന്നു.

"ആരാണ് മാരകരോഗി...? എന്താണ് അസുഖം... ?"

ഗായകൻ രൂക്ഷമായൊന്നു നോക്കി. ഏതു രോഗവും ആർക്കും വരാമല്ലോ? മാരക രോഗം പിടിപെട്ടാൽ അവരെ സഹായിക്കുവാൻ നമുക്ക് ബാധ്യതയില്ലേ? ഗായകന്റെ ഉത്തരത്തിനുമുന്നിൽ മിഴിച്ചുനിൽക്കുമ്പോൾ ഗായകൻ അടുത്ത ഗാനം പാടാനാരംഭിച്ചിരുന്നു...



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# അക്ഷയ നാഷണൽ അവാർഡ് 2017

മൂവാറ്റുപുഴ
7-9-2018

മലയാണ്മയ്ക്ക് നൽകിവരുന്ന നിസ്തുല സേവനങ്ങളെ പരിഗണിച്ച് വിവിധ മേഖലകളിലുള്ള വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും അക്ഷയ പുസ്തകനിധി നൽകുന്ന ദേശീയ പുരസ്കാരത്തിന് ഭുവനേശ്വർ കേരള കലാസമിതി അർഹരായിരിക്കുന്നു.

കീർത്തിമുദ്ര, ശില്പം, പ്രശസ്തിപത്രം എന്നിവയടങ്ങുന്ന പുരസ്കാരം 2018 സെപ്തംബർ 23ന് ഭുവനേശ്വർ KIIT ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനത്തിൽ വെച്ച് അക്ഷയ അദ്ധ്യക്ഷൻ പായിപ്ര രാധാകൃഷ്ണൻ വിതരണം ചെയ്യുന്നതാണ്. പത്മശ്രീ ഡോ. എം. ലീലാവതി, വൈശാഖൻ, പായിപ്ര രാധാകൃഷ്ണൻ എന്നിവരടങ്ങുന്ന സമിതിയാണ് അവസാനഘട്ട വിധിനിർണ്ണയം നിർവ്വഹിച്ചത്. യശഃശ്ശരീരനായ പ്രൊഫ. എം. പി. മന്മഥന്റെ നേതൃത്വത്തിൽ കുട്ടികളുടെ അനാഥാലയങ്ങളിൽ അക്ഷര ചൈതന്യം പകർന്നുകൊണ്ടാരംഭിച്ച അക്ഷയ പുസ്തക നിധിക്ക് മഹാകവി അക്കിത്തം, സുഗതകുമാരി, ഡോ. എം. ലീലാവതി, പായിപ്ര രാധാകൃഷ്ണൻ എന്നിവർ നേതൃത്വം നൽകുന്നു. അബുദാബി മലയാളി സമാജം, ഡൽഹി മലയാളി അസോസിയേഷൻ, മദിരാശി കേരള സമാജം, കോയമ്പത്തൂർ മലയാളി സമാജം, അഹമ്മദാബാദ് കേരള സമാജം, ഡോംബിവില്ലി കേരള സമാജം, ബാംഗ്ലൂർ ശ്രീനാരായണ സമിതി, ജംഷഡ്പൂർ കേരള സമാജം, ഡൽഹി മലയാളി സമാജം, കൽക്കത്ത മലയാളി സമാജം, മംഗലാപുരം കേരള സമാജം, ബറോഡ കേരള സമാജം, വി. കെ. മാധവൻകുട്ടി, പി. ഭാസ്ക്കരൻ, തൈക്കാട്ട് മൂസ്, വൈദ്യമഠം, എം. ലീലാവതി, കാണിപ്പയ്യൂർ, വിഷ്ണു നാരായണൻ നമ്പൂതിരി, യൂസഫലി കേച്ചേരി, ടി. കെ. എ. നായർ, ഓംചേരി, കൈതപ്രം തുടങ്ങിയവർ മുൻവർഷങ്ങളിലെ അക്ഷയ പുരസ്ക്കാര ജേതാക്കളിൽപെടുന്നു.

**ഡോ. ദേവപ്രകാശ്**
സെക്രട്ടറി

**പായിപ്ര രാധാകൃഷ്ണൻ**
പ്രസിഡന്റ്, അക്ഷയ പുസ്തകനിധി
(മുൻ സെക്രട്ടറി, കേരളാ സാഹിത്യഅക്കാദമി)

# പുസ്തക പരിചയം




**നിറഞ്ഞൊഴുകും നിള വീണ്ടും...**
(കവിതാസമാഹാരം)
**സുരേഷ് തെക്കീട്ടിൽ**
9446330957
**വില - 100 രൂപ**
പേജ് - 86
**പ്രസാധകർ :**
**കെ. കെ. ബുക്സ്, മേഴത്തൂർ**

സുരേഷ് തെക്കീട്ടിലിന്റെ നൂറ്റിയമ്പതോളം കവിതകളുടെ സമാഹാരമാണ് നിറഞ്ഞൊഴുകും നിള വീണ്ടും. താൻ പിന്നിട്ടുപോരുന്ന ഓരോ കർമ്മാവസ്ഥയും തന്റെ തൂലികയിലെ കാവ്യ നക്ഷത്രമാക്കുന്നുണ്ട് ഈ രചയിതാവ്.



**കഥയുണരും കാലം**
(കഥാസമാഹാരം)
**സുരേഷ് തെക്കീട്ടിൽ**
9446330957
**വില - 100 രൂപ**
പേജ് - 98
**പ്രസാധകർ :**
**ചിത്രരശ്മി ബുക്സ്, കോട്ടക്കൽ**

പൂവാകകൾ നിഴൽ വിരിച്ചുനിൽക്കുന്ന നാട്ടിടവഴികളിലൂടെ സഞ്ചരിക്കുമ്പോൾ ലഭിക്കുന്ന സുഖവും സന്തോഷവുമൊക്കെ തെക്കീട്ടിൽ എന്ന വള്ളുവനാടൻ കഥാകാരന്റെ കഥകളിലൂടെ കടന്നുപോകുമ്പോൾ അനുഭവിക്കാനാകും. നാട്ടിൻപുറത്തിന്റെ നേരും നെറിയും ചൂടും ചൂരും കുസൃതിയും കുന്നായ്മയും നിഷ്കളങ്കതയുമെല്ലാം ആ കഥകളിൽ നിറഞ്ഞുനിൽക്കുന്നു.



**പെണ്ണളവുകൾ**
(കവിതാസമാഹാരം)
**ഇന്ദു ശ്രീനാഥ്**
0466-205259
**വില - 55 രൂപ**
പേജ് - 50
**പ്രസാധകർ :**
**ഫേബിയൻ ബുക്സ്, മാവേലിക്കര**

സ്ത്രീവാദ രചനകൾമാത്രം തിരഞ്ഞെടുത്ത് ഒരുക്കിയ ഈ സമാഹാരത്തിൽ പലവഴിക്ക് സ്ത്രീപ്രശ്നങ്ങൾ ആവിഷ്ക്കാരം നേടുന്നുണ്ട്. സ്വാതന്ത്ര്യം കുറയുന്തോറും ആത്മാവിഷ്ക്കാരം പ്രശ്നമായിരുന്നു.



**നിലാവ് രഘുനന്ദനോട് പറഞ്ഞത്**
(കഥകൾ)
**സതീഷ് മാമ്പ്ര**
9495505223, 9526608623
**വില - 80 രൂപ**
പേജ് - 82
**പ്രസാധകർ :**
**ലാൽ ബുക്സ്, തൃശ്ശൂർ**

സ്ഫടിക നിർമ്മലമായ ഭാഷ കൊണ്ട് നിഴലിനേയും നിലാവിനേയും ജീവിത ഭാവങ്ങളേയും ജനിമൃതികളുടെ നിഗൂഢതയേയും പുണരുന്ന, നാട്യങ്ങളില്ലാത്ത കഥാലോകമാണ് സതീഷ് മാമ്പ്രയുടേത്.

Published on 15/09/2018, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 8, Issue 11, October 2018, RS. 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM


Kitchens/bedrooms/interiors


Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime




















Lovics | Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com